33rd Year of Service 2025

Price $1.00

# കേരളാ എക്സ്പ്രസ്

# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

June 20, 2025 | Vol. XXXIII No. 25 | Periodicals Postage Paid








ചിക്കാഗോ മലയാളി അസോസിയേഷന്റെ താങ്ക്സ് ഗിവിംഗ് ഡേ ആഘോഷം കൊട്ടാരക്കര, കലയപുരം ആശ്രയ സങ്കേതത്തിൽ ധനമന്ത്രി കെ.എൻ. ബാലഗോപാൽ നിർവഹിക്കുന്നു. സിഎംഎ പ്രസിഡണ്ട് അഡ്വ. ജെസി റിൻസി, റവ.ഡോ. യൂഹാനോൻ മാർ തെവോഡോറസ് മെത്രാപ്പോലീത്ത, എസ്. രഞ്ജിത്ത് കുമാർ, ആർ. രശ്മി, എസ്.ആർ. രമേശ്, ഡോ. മാത്യു ലൂക്ക്, ജോൺ കുരികേശു, കേണൽ ജോൺ കുര്യൻ, സാം തുണ്ടിയിൽ, സുബിൻ സാം, ദീപ ശ്രീകുമാർ എന്നിവർ സമീപം.

(16, 17 പേജുകൾ കാണുക)


BUILDING YOUR FINANCIAL FUTURE TOGETHER, WITH EXPERTISE AND INTEGRITY
SUNNY
FINANCIAL STRATEGIES, LLC
Tom Sunny, CFP®, CLU®, RICP®
Financial Advisor & Planner
847-414-9116 tom@sunnyfinancial.com
Comprehensive Financial Planning
Risk Management & Insurance: Life/Disability/Long Term Care/Health/Medicare
401(k), 403(b), IRA, Roth IRA Rollovers & Account Set-ups
Professional Investment Management & Guidance
Business Plans/Employee Benefits/Pension
Retirement Income/Retirement Savings
Tax Planning Strategies
Estate Planning: Trusts/Wills
Education Funds
www.sunnyfinancial.com
475 N Martingale Rd, Suite 1250, Schaumburg, IL 60173
Financial Advisor for Eagle Strategies LLC, a Registered Investment Adviser. Registered representative offering securities through NYLIFE Securities LLC (member FINRA/SIPC), A licensed insurance agency. Eagle Strategies LLC, and NYLIFE Securities LLC are New York Life companies. Sunny Financial Strategies, LLC is independently owned and operated from NYLIFE Securities LLC and its affiliates.


THE PREMIER GASOLINE DISTRIBUTION COMPANY
Gas DEPOT
We Fuel Your Growth
MARATHON
VALERO
CITGO
www.gasdepot.com


B&M
AUTO COLLISION CTR
Fast & Efficient
Quality Repair
We work with all Insurance Companies
Call Anish Eapen
773-263-9863
4440 West Addison, Chicago, IL 60641
773.685.3200 | 773.685.7388 | www.bmautocollision.com

33rd Year of Service 2025

NOT OUR MERIT BUT HIS GRACE · KERALA EXPRESS

Price $1.00

# കേരളാ എക്സ്പ്രസ്

KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 ഇന്ത്യയുടെ നിലപാട് വ്യക്തമാക്കും: മോദി

7 ചരിത്രമായി ക്നാ എസ്കേപ്പ് 5.0

9 മദേഴ്സ് & ഫാദേഴ്സ് ഡേ ആഘോഷിച്ചു

15 കുടുംബ നവീകരണ ധ്യാനം നടത്തപ്പെട്ടു

24 പിതൃദിനത്തിൽ ഉപ്പയെ ഓർക്കുമ്പോൾ

## ഇസ്രയേൽ – ഇറാൻ സംഘർഷം തുടരുന്നു



ദുബായ്: ഇസ്രയേൽ-ഇറാൻ സംഘർഷം കനക്കുന്നു. തുടർച്ചയായി നടന്ന ആക്രമണങ്ങളിൽ നൂറുകണക്കിനാളുകൾ കൊല്ലപ്പെട്ടു. ഇസ്രേലി പോർവിമാനങ്ങൾ ഇറാനിൽ 250 കേന്ദ്രങ്ങളാണ് ആക്രമിച്ചത്. ടെഹ്റാനിൽ മാത്രം 80 ഇടങ്ങളിൽ ആക്രമണമുണ്ടായി.

ഇറാനിയൻ പ്രതിരോധ മന്ത്രാലയത്തിന്റെ ആസ്ഥാനങ്ങൾ, ആണവകേന്ദ്രങ്ങൾ, ഇന്ധന സംഭരണ ശാലകൾ, പ്രകൃതിവാതക ഖനന കേന്ദ്രങ്ങൾ, വ്യോമപ്രതിരോധ സംവിധാനങ്ങൾ, ജനവാസകേന്ദ്രങ്ങൾ തുടങ്ങിയവയാണ് ഇസ്രയേൽ ലക്ഷ്യമിട്ടത്. ജൂൺ 15-ന് പ്രാദേശിക സമയം ഉച്ചകഴിഞ്ഞ് മൂന്നരയോടെ ടെഹ്റാനിൽ സ്ഫോടകശബ്ദം കേട്ടിരുന്നു. ആയുധ ഫാക്ടറികൾക്കു സമീപം താമസിക്കുന്ന ഇറാൻകാരോട് ഒഴിഞ്ഞുപോകാൻ ഇസ്രയേൽ സമൂഹമാധ്യമത്തിലൂടെ മുന്നറിയിപ്പ് നല്കി.

ഇസ്രയേലി സേന കടുത്ത ആക്രമണത്തിനു തയാറെടുക്കുന്നുവെന്നതിന്റെ സൂചനയാണിത്. ഡ്രോണുകളും മിസൈലുകളും ഉപയോഗിച്ചായിരുന്നു ഇറാന്റെ ആക്രമണം. മിസൈലുകൾ പതിച്ച് ഇസ്രയേലിൽ കെട്ടിടങ്ങൾ തകർന്നു. ഇറാൻ തൊടുത്തുവിട്ട മിസൈലുകളേറ്റു നിരവധിപേർ കൊല്ലപ്പെടുകയും ധാരാളം പേർക്ക് പരുക്കേൽക്കുകയും ചെയ്തു. ഇസ്രേലി ആക്രമണത്തിന് യുഎസ് പ്രസിഡണ്ട് ഡോണൾഡ് ട്രംപ് (ശേഷം 30-ാം പേജിൽ)

## വിമാനദുരന്തം: വിജയ് രൂപാണിയുടേതടക്കം 80 മൃതദേഹങ്ങൾ തിരിച്ചറിഞ്ഞു

അഹമ്മദാബാദ്: എയർ ഇന്ത്യ വിമാനം തകർന്നുവീണുണ്ടായ അപകടത്തിൽ മരിച്ച 80 പേരുടെ മൃതദേഹങ്ങൾ തിരിച്ചറിഞ്ഞു. ഇന്ത്യയിലുണ്ടായ രണ്ടാമത്തെ വലിയ വിമാനാപകടമാണിത്. ഗുജറാത്ത് മുൻ മുഖ്യമന്ത്രി വിജയ്ണ്. ഗുജറാത്ത് മുഖ്യമന്ത്രി ഭൂപേന്ദ്ര പട്ടേൽ രൂപാണിയുടെ ബന്ധുക്കളെ സന്ദർശിച്ച് ഡിഎൻഎ പരിശോധനാ ഫലം അറിയിക്കുകയായിരുന്നു.

മരിച്ചവരുടെ കുടുംബാംഗങ്ങളുമായുള്ള ഏകോപനത്തിന് 230 അംഗ

വിമാനം പതിച്ച് അഞ്ച് എംബിബിഎസ് വിദ്യാർത്ഥികളടക്കം 29 മറ്റ് ആളുകളും മരിച്ചിരുന്നു. ഇതുവരെ 270 മൃതദേഹങ്ങൾ അഹമ്മദാബാദ് സിവിൽ ആശുപത്രിയിലെത്തിച്ചെന്ന് ബിജെ മെഡിക്കൽ കോളജ് ജൂനിയർ ഡോ



അപകടസ്ഥലം പ്രധാനമന്ത്രി നരേന്ദ്ര മോദി സന്ദർശിച്ചപ്പോൾ

രൂപാണിയുടേത് ഉൾപ്പെടെയുള്ളവരുടെ മൃതദേഹങ്ങളാണ് ഡിഎൻഎ പരിശോധനയിലൂടെ തിരിച്ചറിഞ്ഞത്. 33 മൃതദേഹങ്ങൾ ബന്ധുക്കൾക്കു വിട്ടുനല്കി. തിരിച്ചറിഞ്ഞതിലേറെയും ഗുജറാത്ത്, രാജസ്ഥാൻ സ്വദേശികളുടേതാ

സംഘത്തെയാണു നിയോഗിച്ചിരിക്കുന്നത്. ജൂൺ 12-ന് വ്യാഴാഴ്ചയാണ് ലണ്ടനിലേക്കു പുറപ്പെട്ട എയർ ഇന്ത്യ വിമാനം അഹമ്മദാബാദ് വിമാനത്താവളത്തിനു സമീപം തകർന്നുവീണ് 241 യാത്രക്കാർ മരിച്ചത്.

ക്ടേഴ്സ് അസോസിയേഷൻ പ്രസിഡണ്ട് ഡോ. ധവൽ ഗമേതി പറഞ്ഞു. അപകടത്തിൽ പരുക്കേറ്റ 51 പേരിൽ 38 പേർ ആശുപത്രി വിട്ടു. 13 പേരാണു ചികിത്സയിലുള്ളത്. അപകടത്തിനിരയായവരിൽ (ശേഷം 30-ാം പേജിൽ)

## സെൻസസ് വിജ്ഞാപനമായി; ജാതി സെൻസസും നടത്തും

ന്യൂഡൽഹി: സെൻസസ് വിജ്ഞാപനം കേന്ദ്ര ആഭ്യന്തര മന്ത്രാലയം പുറത്തിറക്കി. ജാതി സെൻസസും ഇതോടൊപ്പം നടത്തും. 93 വർഷത്തിനു ശേഷമാണ് ജാതി സെൻസസ് രാജ്യത്ത് നടക്കുന്നത്. 2027-ലാണ് അടിസ്ഥാന വർഷമാക്കി കണക്കാക്കുന്നത്. കണക്കെടുപ്പും നടപടികളും അടുത്തടുത്ത വർഷമായിരിക്കും. സെൻസസ് പൂർത്തിയാകാൻ മൂന്നു വർഷമെങ്കിലും എടുക്കും. കോവിഡ് കാരണമാണ് 2021-ൽ നടക്കേണ്ടിയിരുന്ന സെൻസസ് മാറ്റിവെക്കേണ്ടി വന്നതെന്നാണ് കേന്ദ്രത്തിന്റെ നിലപാട്. ലഡാക്ക്, ജമ്മു-കശ്മീർ, ഹിമാചൽപ്രദേശ്, ഉത്തരാഖണ്ഡ് എന്നിവിടങ്ങളിലെ മഞ്ഞുമൂടിക്കിടക്കുന്ന മേഖലകളിലും സെൻസസ് (ശേഷം 30-ാം പേജിൽ)

## നീറ്റ് പരീക്ഷ: ദീപ്നിയ കേരളത്തിൽ ഒന്നാമത്



ന്യൂഡൽഹി: മെഡിക്കൽ പ്രവേശനത്തിനുള്ള നീറ്റ് (നാഷണൽ എലിജിബിലിറ്റി കംഎൻട്രൻസ് ടെസ്റ്റ്) യുജി പരീക്ഷാഫലം പ്രസിദ്ധീകരിച്ചപ്പോൾ കേരളത്തിൽ ഒന്നാം സ്ഥാനം കോഴിക്കോട് പേരാമ്പ്ര ആവള സ്വദേശി ഡി.ബി. ദീപ്നിയയ്ക്കാണ്. അഖിലേന്ത്യാ തലത്തിൽ 720-ൽ 643 മാർക്കോടെ 109-ാം റാങ്കാണ് ദീപ്നിയ നേടിയത്.

ആദ്യത്തെ നാല് റാങ്കും ആൺകുട്ടികൾക്കാണ്. രാജസ്ഥാൻ സ്വദേശി മഹേഷ്കുമാറിനാണ് ഒന്നാം റാങ്ക്. മധ്യപ്രദേശ് സ്വദേശി ഉത്കർഷ് അവാധ്യക്കാണ് രണ്ടാം റാങ്ക്. മഹാരാഷ്ട്ര സ്വദേശി കൃഷാംഗ് ജോഷി മൂന്നാം റാങ്കും ഡൽഹി സ്വദേശി മൃണാൽ കിഷോർ നാലാം റാങ്കും കരസ്ഥമാക്കി. അഞ്ചാം റാങ്ക് നേടിയ ഡൽഹി സ്വദേശിനി അവികാ അഗർവാൾ ആണ് ആദ്യത്തെ പതിനൊന്നു റാങ്കുകളിൽ ഏകപെൺകുട്ടി. ആദ്യത്തെ നൂറ് റാങ്കുകളിൽ കേരളത്തിലെ വിദ്യാർത്ഥികളില്ല. തമിഴ്നാട്ടിൽ നിന്ന് അഞ്ച് കുട്ടികളുണ്ട്. 22,09,318 പേരാണ് പരീക്ഷ എഴുതിയത്. ഇതിൽ 12,36,531 പേർ യോഗ്യത നേടി. 5,14,063 ആൺകുട്ടികളും 7,22,462 പെൺകുട്ടികളും ആറ് ട്രാൻസ്ജെൻഡറുകളും ഉൾപ്പെടുന്നു. കേരളത്തിൽ നിന്ന് 1,27,442 പേർ രജിസ്റ്റർ ചെയ്തതിൽ 1,21,516 പേർ യോഗ്യത നേടി. മലയാളത്തിൽ പരീക്ഷ എഴുതാൻ 481 പേരും തമിഴിൽ 26,580 പേരും രജിസ്റ്റർ ചെയ്തു.

## വ്യോമാതിർത്തി അടച്ചു; കരമാർഗം മടങ്ങാൻ ഇന്ത്യൻ വിദ്യാർത്ഥികളോട് ഇറാൻ

ടെഹ്റാൻ: ഇറാൻ-ഇസ്രയേൽ സംഘർഷം അയവില്ലാതെ തുടരുന്നതിനിടെ, ഇന്ത്യൻ വിദ്യാർത്ഥികളെ സുരക്ഷിതമായി തിരിച്ചയയ്ക്കണമെന്ന ഇന്ത്യയുടെ അഭ്യർത്ഥനയിൽ പ്രതികരണവുമായി ഇറാൻ. വ്യോമാതിർത്തി അടച്ച സാഹചര്യത്തിൽ കരമാർഗ്ഗം ഇവരെ ഒഴിപ്പിക്കാമെന്നാണ് ഇറാൻ മറുപടി നല്കിയിരിക്കുന്നത്.

ഇറാനിൽ 1500-ലേറെ ഇന്ത്യൻ വിദ്യാർത്ഥികളാണ് അനിശ്ചിതത്വത്തിൽ കഴിയുന്നത്. ഇറാനും ഇസ്രയേലും താല്ക്കാലിക വെടിനിർത്തൽ പ്രഖ്യാപിച്ചാൽ ഇന്ത്യൻ സർക്കാരിന് ഇവരെ വിമാനമാർഗ്ഗം നാട്ടിലെത്തിക്കാനാകുമെന്നും അറിയിച്ചിരുന്നു. എന്നാൽ, സംഘർഷം തുടരുന്ന സാഹചര്യത്തിൽ കരമാർഗ്ഗം മടങ്ങാനാണ് വിദ്യാർത്ഥികളോട് ഇറാൻ ആവശ്യപ്പെടുന്നത്.

ടെഹ്റാനിലെ ഇന്ത്യൻ എംബസി അടിയന്തര സാഹചര്യങ്ങളിൽ വിളിക്കേണ്ട ഫോൺ നമ്പറുകളുടെ പുതുക്കിയ പട്ടിക പുറത്തുവിട്ടിരുന്നു. ഇറാന്റെ വിവിധ ഭാഗങ്ങളിലായി ചിതറിക്കിടക്കുന്ന ഇന്ത്യൻ വിദ്യാർത്ഥികൾക്ക് അധികൃതരുമായി ബന്ധപ്പെടാനാണ് ഈ നമ്പറുകൾ. ഇന്ത്യൻ പൗരന്മാരോട് വ്യക്തിവിവരങ്ങൾ സമർപ്പിക്കാൻ എംബസി അഭ്യർത്ഥിച്ചു. എക്സ് അക്കൗണ്ടിൽ പൂരിപ്പിക്കാനുള്ള ഫോം ഉണ്ട്.

അതേസമയം, ഇസ്രയേലിലെ എല്ലാ ഇന്ത്യക്കാരും സുരക്ഷിതരാണെന്ന് ടെൽ അവീവിലെ എംബസി അധികൃതർ അറിയിച്ചു. സ്ഥിതി സൂക്ഷ്മമായി നിരീക്ഷിക്കുന്നുണ്ട്. 24 മണിക്കൂർ ഹെൽപ്ലൈനും പ്രവർത്തിക്കുന്നു. വിദ്യാർത്ഥികളടക്കം എല്ലാ മേഖലയിലെയും ഇന്ത്യൻ പൗരരുമായി എംബസി ബന്ധപ്പെടുന്നുണ്ട്. ഇസ്രയേൽ അധികൃതരുടെ മാർഗനിർദേശങ്ങൾ കർശനമായി പാലിക്കണമെന്നും എംബസി നിർദേശിച്ചു. ഹെൽപ്ലൈൻ നമ്പറുകൾ: +98 9128109115, +98 9128109109, വാട്സാപ് നമ്പറുകൾ: +98 9010144557, +98 9015993320, +91 8086871709.

# ഭീകരതയ്ക്കെതിരായ ഇന്ത്യയുടെ നിലപാട് വ്യക്തമാക്കും: മോദി

ന്യൂഡൽഹി: ഓപ്പറേഷൻ സിന്ദൂറിന് ശേഷമുള്ള ആദ്യ വിദേശയാത്രയ്ക്ക് പുറപ്പെട്ട പ്രധാനമന്ത്രി നരേന്ദ്ര മോദി യൂറോപ്യൻ രാജ്യമായ സൈപ്രസിലെത്തി. അഞ്ച് ദിവസത്തെ സന്ദർശനത്തിൽ സൈപ്രസ്, കാനഡ, ക്രൊയേഷ്യ എന്നീ രാജ്യങ്ങൾ സന്ദർശിക്കും. ഇതോടൊപ്പം കാനഡയിലെ ഒട്ടാവയിൽ നടക്കുന്ന ജി7 ഉച്ചകോടിയിലും പ്രധാനമന്ത്രി പങ്കെടുക്കുന്നുണ്ട്.



ഔദ്യോഗിക സന്ദർശനത്തിനെത്തിയ ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്രമോദിയെ സ്വീകരിക്കാൻ സൈപ്രസ് പ്രസിഡണ്ട് നിക്കോസ് ക്രിസ്തോ ദൂലിദെസ് നേരിട്ട് വിമാനത്താവളത്തിലെത്തിയപ്പോൾ.

ഭീകരതയ്ക്കെതിരായി അതിർത്തി കടന്ന് ഇന്ത്യ നടത്തിയ പോരാട്ടത്തിന് ഉറച്ച പിന്തുണ നൽകുന്ന പങ്കാളിരാജ്യങ്ങൾക്ക് നന്ദി പറയുക, എല്ലാ തരത്തിലുമുള്ള ഭീകരതയെയും ആഗോളതലത്തിൽ നേരിടുന്നതിനുള്ള ധാരണ വളർത്തുക എന്നിവയ്ക്കും കൂടിയുള്ള അവസരമായാണ് വിദേശപര്യടനത്തെ കാണുന്നതെന്ന് ത്രിരാഷ്ട്ര സന്ദർശനത്തിന് മുന്നോടിയായി ഔദ്യോഗിക പ്രസ്താവനയിൽ പ്രധാനമന്ത്രി വ്യക്തമാക്കിയിരുന്നു.

ജി7 ഉച്ചകോടിയിൽ പങ്കെടുക്കുന്നതിന് ഏറെ വൈകിയാണ് പ്രധാനമന്ത്രിക്ക് കാനഡയിൽനിന്നും ഔദ്യോഗിക ക്ഷണമെത്തിയത്. ഈ പശ്ചാത്തലത്തിൽ സന്ദർശനം റദ്ദാക്കുമെന്നടക്കമുള്ള വാർത്തകൾ വന്നെങ്കിലും ഉച്ചകോടിയിൽ പങ്കെടുക്കാൻ മോദി തീരുമാനിക്കുകയായിരുന്നു. തുടർച്ചയായ ആറാം തവണയാണ് മോദി ജി7 ഉച്ചകോടിയിൽ പ്രത്യേക ക്ഷണിതാവായി പങ്കെടുക്കുന്നത്. ഊർജ സുരക്ഷ, സാങ്കേതിക സഹകരണം തുടങ്ങിയ മേഖലകളിൽ നേരിടുന്ന ആഗോള വെല്ലുവിളികളിൽ ഇന്ത്യയുടെ നിലപാട് ഉച്ചകോടിയിൽ പ്രധാനമന്ത്രി ലോകനേതാക്കളുമായി പങ്കുവെക്കുമെന്ന് പ്രതീക്ഷിക്കുന്നതായാണ് വിദേശകാര്യ മന്ത്രാലയം അറിയിച്ചത്.

അതേസമയം, ഖലിസ്ഥാൻ വിഷയത്തിൽ ഇന്ത്യയും കാനഡയും തമ്മിലുള്ള നയതന്ത്രബന്ധം വഷളായതിന് ശേഷമുള്ള പ്രധാനമന്ത്രിയുടെ ആദ്യ കാനഡ സന്ദർശനം കൂടിയാണ് ജി7 ഉച്ചകോടിയോടനുബന്ധിച്ച് നടക്കുന്നത്. അതിനാൽ പരസ്പര ബന്ധം മെച്ചപ്പെടുത്തുന്നതിന് പ്രതീക്ഷയോടെയാണ് ഇരു രാജ്യങ്ങളും പ്രധാനമന്ത്രിയുടെ സന്ദർശനത്തെ കാണുന്നത്. കഴിഞ്ഞയിടെ കാനഡയിൽ അധികാരമേറ്റ മാർക്ക് കാർണി സർക്കാർ ഖലിസ്ഥാൻ വിഘടനവാദികളോട് മുൻ സർക്കാരിന്റെ അത്രയും ബന്ധം പുലർത്താത്തത് ഈ പ്രതീക്ഷ വർധിപ്പിക്കുന്നു. കൂടാതെ ഇന്ത്യയുമായി മികച്ച ബന്ധം പുലർത്താൻ താൽപര്യമുണ്ടെന്ന് കാനഡയുടെ വിദേശകാര്യ മന്ത്രി ഒരു കനേഡിയൻ മാധ്യമത്തിനു നൽകിയ അഭിമുഖത്തിലും വ്യക്തമാക്കിയിരുന്നു. ഈ വർഷം ഫെബ്രുവരിയിൽ അമേരിക്കൻ പ്രസിഡണ്ട് ഡോണൾഡ് ട്രംപുമായി നടത്തിയ കൂടിക്കാഴ്ചയ്ക്ക് ശേഷം ജി7 ഉച്ചകോടിയിലും മോദിയും ട്രംപും പരസ്പരം ചർച്ച നടത്തും.

മുൻ പ്രധാനമന്ത്രി എ.ബി. വാജ്പേയി 2002-ൽ സൈപ്രസ് സന്ദർശിച്ചതിനുശേഷം ആദ്യമായാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി ഔദ്യോഗിക സന്ദർശനത്തിനായി ആ രാജ്യത്ത് എത്തുന്നത്.

## നിലമ്പൂരിലും പെട്ടി വിവാദം: ഷാഫിയുടെയും രാഹുലിന്റെയും വാഹനം തടഞ്ഞ് പരിശോധന

നിലമ്പൂർ: പാലക്കാട് ഉപതെരഞ്ഞെടുപ്പിനു പിന്നാലെ നിലമ്പൂരിലും പെട്ടി വിവാദം. കോൺഗ്രസ് നേതാക്കളായ ഷാഫി പറമ്പിൽ എംപിയും രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎയും മുസ്‌ലിം ലീഗ് നേതാവ് പി.കെ. ഫിറോസും സഞ്ചരിച്ച വാഹനത്തിലെ ട്രോളി ബാഗുകൾ പോലീസ് പരിശോധിച്ചതാണ് പുതിയ വിവാദം.

ജൂൺ 13-ന് വെള്ളിയാഴ്ച രാത്രി പത്തിനാണ് തെരഞ്ഞെടുപ്പ് പ്രചാരണം പൂർത്തിയാക്കി മടങ്ങിയ ഷാഫി പറമ്പിൽ എംപിയും രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎയും സഞ്ചരിച്ച വാഹനം തടഞ്ഞുനിർത്തി പോലീസ് പരിശോധിച്ചത്.

രാത്രി ഭക്ഷണം കഴിച്ച് താമസസ്ഥലത്തേക്കു മടങ്ങുമ്പോൾ നിലമ്പൂരിൽ വടപുറത്തായിരുന്നു വാഹനപരിശോധന. ഷാഫി പറമ്പിൽ ആണ് വാഹനം ഓടിച്ചിരുന്നത്. രാഹുൽ മാങ്കൂട്ടത്തിൽ മുന്നിലെ സീറ്റിലായിരുന്നു.

വാഹനം വടപുറത്തെത്തിയപ്പോൾ തെരഞ്ഞെടുപ്പു കമ്മീഷൻ നിയോഗിച്ച ഉദ്യോഗസ്ഥരും പോലീസ് ഉദ്യോഗസ്ഥരും വാഹനം തടഞ്ഞ് എല്ലാവരെയും പുറത്തിറക്കി. തുടർന്ന് കാറിനുള്ളിൽ പരിശോധന നടത്തിയ ഉദ്യോഗസ്ഥർ കാറിന്റെ ഡിക്കി തുറക്കാൻ ആവശ്യപ്പെട്ടു.

ഉദ്യോഗസ്ഥർ ആവശ്യപ്പെട്ട പ്രകാരം ഡിക്കിയിൽനിന്ന് ഷാഫി പെട്ടികളെടുത്ത് റോഡിൽ വെച്ചു. എന്നാൽ പെട്ടി തുറന്ന് പരിശോധിക്കാതെ യാത്ര തുടരാൻ ഉദ്യോഗസ്ഥർ ഷാഫി അടക്കമുള്ളവരോട് പറഞ്ഞതോടെ പെട്ടി തുറന്ന് പരിശോധന നടത്തണമെന്ന് ഷാഫി ആവശ്യപ്പെട്ടു.

പരിശോധനയിൽ പെട്ടിയിലുണ്ടായിരുന്നത് വസ്ത്രങ്ങളും ഏതാനും പുസ്തകങ്ങളുമായിരുന്നു. ഇതിനിടെ ഷാഫി പറമ്പിലും രാഹുൽ മാങ്കൂട്ടത്തിലും ഉദ്യോഗസ്ഥരോട് കയർത്തു.

കള്ളപ്പണമോ നീലപ്പെട്ടിയോ കിട്ടിയോയെന്ന് ഷാഫി പറമ്പിൽ ക്ഷുഭിതനായി ചോദിച്ചു.

സിപിഎമ്മിന്റെ പണി ചെയ്യുകയാണെങ്കിൽ അത് താൻ ചെയ്താൽ മതിയെന്നായിരുന്നു രാഹുൽ മാങ്കൂട്ടത്തിലിന്റെ പ്രതികരണം.

## സംസ്ഥാനങ്ങളുടെ വായ്പയെടുക്കലിന് നിയന്ത്രണം

ന്യൂഡൽഹി: സംസ്ഥാനങ്ങളുടെ കടമെടുപ്പ് മാനദണ്ഡം കടുപ്പിച്ച് കേന്ദ്രസർക്കാർ. 2024 ഏപ്രിൽ ഒന്നുവരെ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുൾപ്പെടെ സംസ്ഥാനങ്ങൾക്ക് നല്കിയ ഫണ്ടുകൾ 2025 ഏപ്രിൽ ഒന്നുവരെ ഉപയോഗിച്ചില്ലെങ്കിൽ 2026 വർഷത്തെ വായ്പാപരിധിയിൽ കുറയ്ക്കും.

പൊതുമേഖലാ സ്ഥാപനങ്ങൾ സർക്കാർ ജാമ്യത്തിൽ വായ്പയെടുത്ത് ക്ഷേമപ്രവർത്തനങ്ങൾക്കായി ചെലവഴിക്കുന്ന തുകയും കടമെടുപ്പ് പരിധിയിൽ വരും. വൈദ്യുതി വിതരണക്കമ്പനികൾക്കുള്ള കുടിശിക നല്കാതിരുന്നാൽ ആ തുകയും കുറയ്ക്കും. കേന്ദ്രപദ്ധതികളിലെ ചെലവഴിക്കാത്ത തുകയും തൊട്ടടുത്ത വർഷത്തെ വായ്പയിൽനിന്ന് കുറയ്ക്കും.

ഗാരന്റി റിഡംപ്ഷൻ ഫണ്ടിലേക്കുള്ള (വായ്പ തിരിച്ചടയ്ക്കാനുള്ള ഫണ്ട്) തുകയും കുറയ്ക്കുമെന്ന തിരുമാനത്തിനു പിന്നാലെയാണ് വീണ്ടും നിയന്ത്രണം കടുപ്പിക്കുന്നത്. ധനകാര്യ കമ്മീഷന്റെ ശിപാർശകൾക്കു വിധേയമായാണ് സംസ്ഥാനങ്ങളുടെ വായ്പാപരിധി തീരുമാനിക്കുന്നത്. ഇത് ജിഎസ്ഡിപിയുടെ മൂന്നു ശതമാനമാണ്. എങ്കിലും വൈദ്യുതിമേഖലയിൽ ഉൾപ്പെടെ കേന്ദ്രം നിർദേശിക്കുന്ന പരിഷ്കാര നടപടികൾ സ്വീകരിച്ചാൽ വായ്പാപരിധി 4.5 ശതമാനം വരെയാക്കാം.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIII
Number 25
June 20, 2025

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Cir2culation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

KERALA EXPRESS (USPS 011-008)
is published Weekly for $54.00 per year
by Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

**Periodicals Postage Paid Chicago, Illinois and additional mailing offices**

**POST MASTER:**
Send Address Changes to
Kerala Express, Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

**മഹദ്‌വചനം**

ആപത്തിനെ നേരിടേണ്ടത് സ്വന്തം കടമയായിത്തീരുമ്പോൾ ഒരുവൻ പേടിച്ചോടുകയാണെങ്കിൽ അത് ഭീരുത്വമാകും.

**ഗാന്ധിജി**

LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

# ACCIDENT ATTORNEYS

AV PREEMINENT® Peer Rated for Highest Level of Professional Excellence 2025

## LEADING TOP RATED LAW FIRM TRUSTED IN THE COMMUNITY

**Fee Discounts On Certain Cases For Malayalee Clients**

**Home Visits Available**



Steve Crifase
Steve@Crifaselaw.com

## CRIFASE LAW FIRM, LTD.

312-855-0511

Free Consultation/Your Call Is Always Welcome
Like A Family Friend



Michael Crifase
Michael@Crifaselaw.com

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, Illinois 60603
CrifaseLaw.Com

BBB ACCREDITED BUSINESS A+ Rating Better Business Bureau

## GREEN NESTLE
## VACATION HERITAGE HOME

Kannachahamparambil, Kuruppanthara,
Manjoor P.O., Pin: 686603, Kottayam (Dist), Kerala State, India

- For Vacation and Holiday rentals.
- Licensed Home stay, Safe and Secured.
- 3 A/C rooms, Unique Packages for 2-8 people very economical.
- Individual Room rental for families.
- Fruits and vegetable Garden.
- Feels like farm house with Pets, Animals, Fish and birds.
- Free wifi - with High Speed internet CCTV Camera, OTT Platform Available, Police Surveillance.
- Gold classification of HOME STAY by Tourism Department of Kerala, Rated as one among the best HOME STAY by Tourism Department of Kerala.
- Cook available, Serving Ethnic Foods produced Organically from the integrated Farm Surrounding the Home Stay.
- Full fledged kitchen with all facilities to cook yourself, Grill and Barbecue Facilities.
- Adhering Food Safety Regulations.
- Caretaker to help you in as your needs, Travel Desk and Tour Package Facilities



CONTACT
+91 8590571037
+91 9947598241
US WhatsApp No. +1 6308197745
UK WhatsApp No. +44 7747748046
www. greennestlehomes.com
greennestle01@gmail.com

## MIDWEST
WINDOWS & DOORS




MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com



Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com

കേരളാ എക്സ്പ്രസ്

KERALA EXPRESS

അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക

Weekly Newspaper National Edition From Chicago


# ആകാശയാത്രകൾ സുരക്ഷിതമാക്കണം

ഇന്ത്യാ ചരിത്രത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ വിമാന ദുരന്തത്തിന്റെ ഞെട്ടലിലും വേദനയിലുമാണ് രാജ്യം. ഗുജറാത്തിലെ അഹമ്മദാബാദ് സർദാർ വല്ലഭായി പട്ടേൽ വിമാനത്താവളത്തിൽനിന്നു ലണ്ടനിലേക്കു പുറപ്പെട്ട എയർ ഇന്ത്യ വിമാനത്തിനു യാത്ര പൂർത്തിയാക്കാനായില്ല. ഇന്ത്യയുടെ ഉള്ളുലച്ച്, കത്തുന്ന വേദന സമ്മാനിച്ച് എരിഞ്ഞമരാനായിരുന്നു വിധി. വിമാനത്തിലുണ്ടായിരുന്ന ഒരാൾ ഒഴികെ എല്ലാവരും മരണപ്പെട്ടു. പറന്നുയർന്ന ഉടൻ താഴേക്കു നീങ്ങിയ വിമാനം, വിമാനത്താവളത്തിനു തൊട്ടടുത്തുള്ള മേഘാനി നഗറിലെ ജനവാസ മേഖലയിലാണ് തകർന്നുവീണത്. വിമാനത്താവളത്തിനു പുറത്തെ കെട്ടിടത്തിന്റെ മുകളിലേക്കു വിമാനം ഇടിച്ചിറങ്ങുന്നതിന്റെ ദൃശ്യം നടുക്കുന്നതായി. നിമിഷങ്ങൾക്കുള്ളിൽ വിമാനമൊരു തീഗോളമായി മാറുകയായിരുന്നു. അപകടത്തിന്റെ കാരണങ്ങൾ ഔദ്യോഗികമായി പുറത്തുവരേണ്ടതുണ്ട്.

ഇന്ത്യയിലുണ്ടായ ഏറ്റവും വലിയ അപകടത്തിലൊന്നാണിത്. വ്യോമസുരക്ഷാ നടപടികളിൽ കൂടുതൽ ജാഗ്രത വേണമെന്ന മുന്നറിയിപ്പ് ഈ വൻദുരന്തത്തിൽനിന്ന് ഉയർന്നുകേൾക്കാം. പ്രാഥമിക നിഗമനങ്ങളല്ലാതെ, ഇത്രയും വലിയ അപകടം എങ്ങനെയുണ്ടായി എന്നതിന്റെ വ്യക്തമായ കാരണമാകട്ടെ ഇപ്പോഴും കാണാമറയത്താണ്. വിവിധ തലങ്ങളിലായി നടക്കുന്ന സമഗ്രമായ അന്വേഷണത്തിലൂടെ ഈ വൻദുരന്തത്തിനു വഴിവെച്ച കാരണങ്ങൾ എത്രയുംവേഗം പുറത്തുവരേണ്ടതുണ്ട്. അപകടത്തിൽപെട്ടത് എയർ ഇന്ത്യയുടെ ബോയിങ് 787-8 ഡ്രീംലൈനർ വിമാനമാണ്. യാത്രക്കാർക്കു കൂടുതൽ സുരക്ഷിതവും സുഖകരവുമായ യാത്ര സമ്മാനിക്കുമെന്ന അവകാശവാദത്തോടെയാണ് ഒന്നര പതിറ്റാണ്ടോളംമുൻപ് ഡ്രീംലൈനർ ലോകത്തു പറന്നുതുടങ്ങിയത്. വിമാനത്തിന്റെ ലിഥിയം-അയോൺ ബാറ്ററിയുമായി ബന്ധപ്പെട്ടുണ്ടായ തീപിടുത്തം 2013-ൽ ഏറെ കോളിളക്കമുണ്ടാക്കിയതോടൊപ്പം ഇതിനകം പല പരാതികളും ഉയർന്നിട്ടുണ്ട്. അഹമ്മദാബാദ് വിമാനത്താവളത്തിൽനിന്ന് 600-800 അടിയിലേറെ മാത്രം പറന്നുയർന്ന് 32 സെക്കന്റിനകം തീഗോളമായി മാറിയ വിമാനം സുരക്ഷ സംബന്ധിച്ച കൂടുതൽ പരിശോധനകൾക്കു കാരണമാവുകതന്നെ വേണം. അതേസമയം, ആശങ്കയുടെ ഒരു നിഴൽ വ്യോമയാത്രികരെ വലയം ചെയ്തിട്ടുമുണ്ട്. ടിക്കറ്റിനു വലിയ നിരക്കാണ് ഈടാക്കുന്നതെങ്കിലും എയർ ഇന്ത്യ വിമാനങ്ങൾ യഥാസമയം അറ്റകുറ്റപ്പണികൾപോലും നടത്തുന്നില്ലെന്ന ആരോപണം മുമ്പേ ഉള്ളതാണ്. ആറു മാസം മുമ്പ് തകരാറുണ്ടായിട്ടുള്ള എയർ ഇന്ത്യ വിമാനമാണ് അഹമ്മദാബാദിൽ തകർന്നത് എന്ന റിപ്പോർട്ടുകൾ ശരിയാണെങ്കിൽ, അപകടം വിളിച്ചുവരുത്തിയതാണോയെന്നു സംശയിക്കേണ്ടിവരും. അപകടത്തിന്റെ യഥാർത്ഥ കാരണങ്ങൾ കണ്ടെത്തി വ്യോമയാന സുരക്ഷ വിട്ടുവീഴ്ചയില്ലാതെ ഉറപ്പാക്കാൻ എയർ ഇന്ത്യ ഉടമയായ ടാറ്റയ്ക്കും സർക്കാരിനും ബാധ്യതയുണ്ട്. അപകടകാരണം ഔദ്യോഗികമായി സ്ഥിരീകരിച്ചിട്ടില്ലെങ്കിലും എയർ ഇന്ത്യക്കെതിരെ ഗുരുതര ആരോപണങ്ങൾ പുറത്തുവന്നിട്ടുമുണ്ട്. അപകടത്തിൽപെടുന്നതിനു മുമ്പ്, വിമാനത്തിൽ എയർ കണ്ടീഷണർ ഉൾപ്പെടെ പ്രവർത്തിക്കുന്നില്ലായിരുന്നെന്നാണ്. ജൂൺ മൂന്നിന് ബഹ്റൈനിൽനിന്ന് കൊച്ചിയിലേക്കു പുറപ്പെടേണ്ടിയിരുന്ന എയർ ഇന്ത്യ എക്സ്പ്രസ് വിമാനം ഇന്ത്യയിൽനിന്ന് സ്പെയർ പാർട്സ് എത്താത്തതിനെത്തുടർന്ന് ഒന്നര ദിവസത്തോളം വൈകിയിരുന്നു. കഴിഞ്ഞ ഒക്ടോബർ നാലിനാണ് തിരുവനന്തപുരത്തുനിന്നു മസ്കറ്റിലേക്കു പുറപ്പെടേണ്ടിയിരുന്ന എയർ ഇന്ത്യ എക്സ്പ്രസിൽ ടേക്ക് ഓഫിനു തൊട്ടുമുമ്പ് പുകയും ദുർഗന്ധവും ഉയർന്നത്. യാത്രക്കാർ ബഹളം വെച്ചതോടെയാണ് അധികൃതർ വിവരം അറിഞ്ഞതുപോലും. വലുതും ചെറുതുമായ ഓരോ വിമാനാപകടത്തിനുശേഷവും അന്വേഷണവും തുടർന്നുള്ള റിപ്പോർട്ടുമൊക്കെ പതിവാണ്. എന്നാൽ, ഇത്തരം അന്വേഷണ റിപ്പോർട്ടുകൾക്ക് നമ്മുടെ വ്യോമസുരക്ഷ എത്രത്തോളം മെച്ചപ്പെടുത്താനായിട്ടുണ്ട് എന്നുകൂടി ഈ വേളയിൽ ആലോചിക്കേണ്ടതുണ്ട്.

കരിപ്പൂർ അപകടത്തെക്കുറിച്ച് അന്വേഷിക്കാൻ 2020 ഓഗസ്റ്റ് 13-ന് എയർക്രാഫ്റ്റ് ആക്സിഡന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ (എഎഐബി) ഉത്തരവിട്ടെങ്കിലും റിപ്പോർട്ട് നൽകിയത് 2021 ഓഗസ്റ്റ് 17-നാണ്. അപകടങ്ങൾ ആവർത്തിക്കാതിരിക്കാൻ എല്ലാ വിമാനത്താവളങ്ങളിലും അത്യാധുനിക സുരക്ഷാ സാങ്കേതികവിദ്യ ഏർപ്പെടുത്തണമെന്ന് അതിൽ നിർദേശിക്കുകയുണ്ടായി. കരിപ്പൂർ വിമാനത്താവളത്തിൽ ഉണ്ടായതുപോലെയുള്ള അപകടങ്ങൾ ആവർത്തിക്കാതിരിക്കാൻ ഇതെക്കുറിച്ചുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിൽ കാലതാമസം വരുത്തരുതെന്ന് പാർലമെന്റിന്റെ സ്ഥിരം സമിതി നിർദേശിച്ചത് ഇതോടൊപ്പം ഓർമിക്കുകയും ചെയ്യാം.

വിമാനങ്ങളിലെ സുരക്ഷാകാര്യങ്ങൾ ഉറപ്പുവരുത്താൻ വ്യോമയാന മന്ത്രാലയം സമഗ്രമായൊരു കർമപദ്ധതി ഏഴു വർഷംമുൻപു പ്രഖ്യാപിച്ചത് എവിടെയെത്തിയെന്ന ചോദ്യം ഈ വേളയിൽ വീണ്ടും പ്രസക്തമാകുന്നു. വിമാനാപകടങ്ങളെക്കുറിച്ചുള്ള അന്വേഷണ റിപ്പോർട്ടുകളിന്മേൽ വഴിപാടുപോലെയുണ്ടാകുന്ന നടപടികൾ മാത്രം പോരാ. നൂറുകണക്കിനുപേരുടെ ജീവൻ അപകടത്തിലാക്കുന്ന വീഴ്ചകൾ ഇനി ആവർത്തിക്കില്ലെന്ന ഉറപ്പുതന്നെയാണ് ജീവൻ പൊലിഞ്ഞവരുടെ ഓർമകൾക്കുമുന്നിൽ വ്യോമയാന മന്ത്രാലയവും വിമാനത്താവള അതോറിറ്റിയും നൽകേണ്ടത്. നമ്മുടെ ആകാശയാത്രകൾ അപകടരഹിതമാക്കാൻ ആ ഉറപ്പിനു സാധിച്ചേതീരൂ.

# മധ്യപൂർവദേശം വീണ്ടും സംഘർഷത്തിലേക്ക്

ഇറാനുനേരെ ഇസ്രയേൽ നടത്തിയ ആക്രമണം ലോകമെങ്ങും പുതിയൊരു യുദ്ധത്തിന്റെയും സംഘർഷത്തിന്റെയും ഭീതി പടർത്തിയിരിക്കുകയാണ്. ഇറാൻ സൈനിക മേധാവി, ഉപമേധാവി, സായുധസേനാ വിഭാഗമായ ഇറാൻ റവലൂഷണറി ഗാർഡ് കോറിന്റെ തലവൻ, ബാലിസ്റ്റിക് മിസൈൽ വിഭാഗം മേധാവി, ആണവോർജ സമിതി മുൻ തലവൻ, ആറ് ആണവശാസ്ത്രജ്ഞർ തുടങ്ങി ഒട്ടേറെ പ്രമുഖരാണു വ്യോമാക്രമണങ്ങളിൽ കൊല്ലപ്പെട്ടത്.

ഒറ്റ ആക്രമണത്തിൽ ഇറാന്റെ പ്രതിരോധ നേതൃനിര ഒന്നടങ്കം തുടച്ചുനീക്കപ്പെട്ട അവസ്ഥയാണ്. തലസ്ഥാനമായ ടെഹ്റാൻ ഉൾപ്പെടെ പ്രധാന നഗരങ്ങളിൽ ആക്രമണമുണ്ടായി. നതാൻസിലെ ഇറാൻ ആണവനിലയവും ആക്രമിക്കപ്പെട്ടു. 78 പേർ കൊല്ലപ്പെട്ടെന്നും മുന്നൂറിലേറെപ്പേർക്കു പരുക്കേറ്റെന്നുമാണ് ഇറാൻ വ്യക്തമാക്കിയത്. ഡ്രോണുകളും മിസൈലുകളുമായി ഇറാൻ തിരിച്ചടിക്കുകയും ചെയ്തു.



കഴിഞ്ഞ സെപ്റ്റംബർ-ഒക്ടോബർ മാസങ്ങളിൽ ഇതുണ്ടാകുമെന്ന് ലോകം കരുതിയതാണ്. ലബനനിലെ ഹിസ്ബുല്ല താവളങ്ങളിലേക്ക് അന്ന് ഇസ്രയേൽ കരയാക്രമണം ആരംഭിച്ചതിനെത്തുടർന്ന് ഇസ്രയേലിലേക്ക് ഇറാൻ മിസൈലാക്രമണം നടത്തി. പശ്ചിമേഷ്യയിലെ ഏറ്റവും ശക്തരായ സൈന്യങ്ങൾ തമ്മിൽ യുദ്ധം തുടങ്ങുകയാണെന്നു പലരും കരുതി.

എന്നാൽ, വെടിവെച്ചിടാവുന്ന ഡ്രോണുകളും ഏതാനും മിസൈലുകളും മാത്രം അങ്ങോട്ടുമിങ്ങോട്ടും അയച്ച് ഇരുകൂട്ടരും അന്നു സംയമനം പാലിച്ചു. ഇപ്പോൾ വീണ്ടും പരസ്പരം മിസൈൽ-ഡ്രോൺ ആക്രമണങ്ങൾ നടത്തിയിരിക്കുന്നു. ആക്രമണം ആരംഭിച്ചത് ഇസ്രയേലാണ്. ഇറാൻ ആണവായുധം തയാറാക്കുന്നതിന്റെ അന്ത്യഘട്ടത്തിലെത്തിയെന്നും ഇനിയും താമസിച്ചാൽ ആഴ്ചകൾക്കുള്ളിൽ ഇറാനിയൻ ബോംബുകൾ- കുറഞ്ഞത് ഒൻപത് എണ്ണം- തയാറാകുമെന്നുമാണ് ഇസ്രയേലിന്റെ വാദം. ഈ ബോംബുകൾക്കാവശ്യമായ സമ്പുഷ്ട യുറേനിയം തയാറാക്കുന്ന നതാൻസിലെ പ്ലാന്റിരിക്കുന്ന പ്രദേശമാണ് ഇസ്രയേൽ പ്രധാനമായും ലക്ഷ്യമാക്കിയത്.

കടുത്ത സാമ്പത്തിക ഉപരോധങ്ങൾ നീക്കാനുള്ള ഇറാൻ-യുഎസ് ചർച്ചകൾ പുരോഗമിക്കുന്നതിനിടെ ഇസ്രയേൽ ഇറാനിൽ നടത്തിയ ആക്രമണത്തിന്റെ ഞെട്ടലിലാണ് ലോകം. സംഭരണം മുതൽ ഉൽപാദനം വരെ നടത്തുന്ന ഇറാന്റെ ആണവകേന്ദ്രങ്ങളിൽ ആക്രമണം നടത്തിയതായാണ് ഇസ്രയേൽ അവകാശപ്പെടുന്നത്. അണുബോംബ് ഉൾപ്പെടെ സൈനിക ആവശ്യങ്ങൾക്കാണ് ഇറാൻ ആണവപദ്ധതിയുമായി മുന്നോട്ടുപോകുന്നതെന്ന് ഇസ്രയേൽ ആരോപിക്കുന്നു. ഊർജോൽപാദനം ഉൾപ്പെടെ സമാധാനപരമായ ആവശ്യങ്ങൾക്കാണ് അണുശക്തി പ്രയോജനപ്പെടുത്തുന്നതെന്ന് ഇറാൻ അവകാശപ്പെടുന്നു. ഇസ്രയേൽ അടക്കമുള്ള രാജ്യങ്ങൾ ഇതു മുഖവിലയ്ക്കെടുക്കുന്നില്ല. യുഎസ് രഹസ്യാന്വേഷണ ഏജൻസികളാകട്ടെ, ഇറാൻ ഇപ്പോൾ അണുബോംബ് നിർമിക്കുന്നില്ലെന്ന നിലപാടിലാണ്.

ആണവപ്ലാന്റിന് എത്രമാത്രം തകരാറുണ്ടായി എന്നു വ്യക്തമല്ല. വൻ മല തുരന്ന് ഭൂമിക്കടിയിൽ ഒരുക്കിയ പ്ലാന്റ് ഇത്രയും ലഘുവായ മിസൈലാക്രമണത്തിൽ തകർന്നിരിക്കാൻ സാധ്യതയില്ല. അതിനാൽ ഇസ്രയേലിന്റെ പ്രഹരം ഒരു മുന്നറിയിപ്പു മാത്രമായിരുന്നുവെന്നു കരുതാവുന്നതാണ്. ഇറാന്റെ പ്രതികരണവും സംയമനത്തോടെയായിരുന്നു. ഏതാനും മിസൈലുകളും ഡ്രോണുകളും അയച്ചെങ്കിലും അവയെല്ലാം പ്രതിരോധിക്കാൻ ഇസ്രയേലിനു സാധിച്ചു.

എന്നാൽ, വരുംദിവസങ്ങളിൽ പോരാട്ടം ചൂടുപിടിക്കാൻ സാധ്യതയുണ്ട്. അത് അപകടകരമാണ്. കാരണം, സൈനികശേഷിയിലും സാങ്കേതിക മികവിലും പശ്ചിമേഷ്യയിലെ ഒന്നാംനിര രാജ്യങ്ങളാണ് ഇസ്രയേലും ഇറാനും. ചുറ്റുമുള്ള സുന്നി മുസ്‌ലിം രാജ്യങ്ങളുമായി പലതവണ യുദ്ധങ്ങളിലും യുദ്ധേതര ഓപ്പറേഷനുകളിലും ഏറ്റുമുട്ടിയിട്ടുള്ള ഇസ്രയേൽ, ഇറാനുമായി ഇതുവരെ സൈനികമായി നേരിട്ട് ഏറ്റുമുട്ടിയിട്ടില്ല. ഇസ്രയേലിന്റെ പക്കൽ ആണവായുധമുണ്ടെന്ന് പരസ്യമായ രഹസ്യമാണ്. അവയുമായി ബന്ധപ്പെട്ട ഒരു സ്ഥാപനത്തെ ഇറാൻ ലക്ഷ്യമിട്ടാൽ പോരാട്ടം വഷളാകും.

ഇസ്രയേൽ പ്രധാനമന്ത്രി ബെന്യാമിൻ നെതന്യാഹു തന്റെ രാഷ്ട്രീയ നിലനിൽപിനായാണ് പുതിയ പോരാട്ടമുന്നണി തുറന്നതെന്നു കരുതുന്നവരുണ്ട്. സർക്കാർ രാജിവെച്ച് തെരഞ്ഞെടുപ്പ് നേരത്തേ നടത്തണമെന്നാവശ്യപ്പെടുന്ന പ്രമേയം ഇസ്രയേൽ പാർലമെന്റിൽ പ്രതിപക്ഷം അവതരിപ്പിക്കാനിരിക്കെയാണ് മിസൈലാക്രമണം ആരംഭിച്ചത്. പിന്നാലെ, പ്രതിപക്ഷ ബില്ലിനെ പിന്തുണയ്ക്കാൻ തയാറായിരുന്ന കടുത്ത ജൂതയാഥാസ്ഥിതികരുമായി ഭരണകൂടം ചർച്ചകൾ നടത്തി അവരുടെ പിന്തുണ നേടിയെടുത്തതായും പറയപ്പെടുന്നു. സർക്കാർ വീഴുമെന്നു ഭയമുണ്ടെങ്കിൽ നെതന്യാഹു ഇറാനെതിരെ സൈനികമായി നീങ്ങുമെന്ന് ഇസ്രയേലിലെത്തന്നെ പല നിരീക്ഷകരും പ്രവചിച്ചിരുന്നു.

ഇറാൻ കഴിഞ്ഞ 20 വർഷത്തിൽ ഇതാദ്യമായി തങ്ങളുടെ പരിശോധകരുമായി സഹകരിക്കുന്നില്ലെന്ന് രാജ്യാന്തര ആണവോർജ ഏജൻസി (ഐഎഇഎ)യുടെ ബോർഡ് ഓഫ് ഗവേണേഴ്സ് ഈയിടെ കുറ്റപ്പെടുത്തിയിരുന്നു. രാജ്യത്തെ മൂന്നാമത് ആണവസമ്പുഷ്ടീകരണ കേന്ദ്രം ഉടൻ ആരംഭിക്കുമെന്നും പഴയ സെൻട്രിഫ്യൂജുകൾ മാറ്റി സ്ഥാപിക്കുമെന്നുമുള്ള പ്രഖ്യാപനമായിരുന്നു ഇറാന്റെ മറുപടി.

ഐഎഇഎയുടെ കുറ്റപ്പെടുത്തലിനു പിറ്റേന്നാണ് ഇറാനിൽ ഇസ്രയേൽ ആക്രമണം നടത്തിയത്. ആണവ ഇന്ധനമായ യുറേനിയത്തിന്റെ സമ്പുഷ്ടീകരണം പരിമിതപ്പെടുത്താൻ തയാറായതിനെത്തുടർന്ന്, ഇറാനെതിരായ കടുത്ത ഉപരോധം യുഎസ് പിൻവലിച്ചേക്കുമെന്ന സൂചനകൾക്കിടെയാണ് ഇസ്രയേലിന്റെ ആക്രമണം.

# ചരിത്രമായി ക്നാ എസ്കേപ്പ് 5.0





ചിക്കാഗോ: ടിവിയും ഫോണുകളും ഒക്കെ മാറ്റിവെച്ച് സ്കൂൾ അവധിക്കാലത്ത് സൗഹൃദങ്ങളുടെയും അറിവുകളുടെയും ലോകത്തേക്ക് കുട്ടികൾ നടത്തുന്ന എസ്കേപ്പ് എന്ന നിലയിലാണ് 2021-ൽ ചിക്കാഗോ കെസിഎസ് ക്നാ എസ്കേപ്പ് ആരംഭിക്കുന്നത്. പരിപാടികളുടെ വൈവിധ്യം കൊണ്ട് കുട്ടികൾക്ക് പെട്ടെന്നുതന്നെ പ്രിയങ്കരമായി മാറിയ ഈ പരിപാടിയുടെ അഞ്ചാം സീസൺ ജൂൺ 11 മുതൽ 14 വരെ ഡെസ്പ്ലെയിൻസ് കമ്യൂണിറ്റി സെന്ററിൽ വെച്ച് നടത്തപ്പെട്ടു.



ഒന്നു മുതൽ എട്ടുവരെ ക്ലാസുകളിൽ പഠിക്കുന്ന 230 കുട്ടികൾ ഈ വർഷത്തെ ക്യാമ്പിൽ പങ്കെടുത്തു. പ്രസിഡണ്ട് ജോസ് ആനമല, ക്യാമ്പ് ഡയറക്ടർ ലിൻസൺ കൈതമല എന്നിവരുടെ നേതൃത്വത്തിൽ വിവിധ കമ്മിറ്റികൾ നാല് ദിവസത്തെ സമ്മർ ക്യാമ്പിന്റെ വിജയത്തിനായി പ്രവർത്തിച്ചു.

നോർത്ത് അമേരിക്കയിലെ തന്നെ ഇത്തരത്തിലുള്ള ഏറ്റവും വലിയ ഇവന്റ് ആയാണ് ക്നാ എസ്കേപ്പ് അറിയപ്പെടുന്നത്. പ്രശസ്ത കാത്തലിക് ഇൻഫ്ളുവൻസർ പോൾ കിം, ഡോ. സുനിൽ കപ്പടാംകുന്നേൽ, ആർമി ഓഫീസർ ജിമ്മി താന്നികുഴിപ്പിൽ, അറ്റോർണി ജിമ്മി വാച്ചാച്ചിറ, ചിക്കാഗോ പോലീസ് ഓഫീസർ കിഷോർ കണ്ണാല, ഫാ. ബിൻസ് ചേത്തലിൽ തുടങ്ങി നിരവധി പ്രമുഖർ സെഷനുകൾക്ക് നേതൃത്വം നല്കി.

ബൈക്ക് സ്റ്റണ്ടുകൾ വഴി ആന്റി ഡ്രഗ്സ്, ആന്റി ബുള്ളിയിങ് ക്യാമ്പയിൻ നടത്തിയ ബിഎംഎക്സ് ഷോ ഏറെ ശ്രദ്ധേയമായി.

നെയ്തൻ കാരപ്പള്ളിൽ, അലിയ കൈതമലയിൽ എന്നിവരെ ബെസ്റ്റ് ക്യാമ്പർമാരായി ക്യാമ്പംഗങ്ങൾ തെരഞ്ഞെടുത്തു.

മാറ്റ് വിളങ്ങാട്ടുശേരി, ഷാജി പള്ളിവീട്ടിൽ, ടീന നെടുവാമ്പുഴ, ക്രിസ് കട്ടപ്പുറം, ഫെലിക്സ് പൂത്തൃക്കയിൽ, ജെറ്റ്സി ഇടിയാലിൽ, ജോമി ഇടയാടിയിൽ, ബെക്സി പൂവന്തറ, ഐമ പുതിയേടത്ത്, മഹിമ കാരാപ്പള്ളിൽ, വിനീത പെരികലം, ആൻ മറ്റത്തിൽ, മരിയ കുന്നുംപുറത്ത്, എലിസബത്ത് പുഴക്കരോട്ട്, സാന്ദ്ര ഒറ്റകുന്നേൽ തുടങ്ങിയവർ വിവിധ കമ്മിറ്റികൾക്ക് നേതൃത്വം നല്കി.

## ഈ പിതൃദിനത്തിലും

അച്ഛനില്ലാത്തൊരീ ഗേഹത്തിൽ എൻ പ്രിയ
കാന്തനില്ലാത്തൊരീ കാന്താരഭൂമിയിൽ
ആൾക്കൂട്ടത്തിൽ തനിച്ചാണു ഞാനെങ്കിലും
ആശ്വാസ, മാശ്രയം മീശൻ തന്നീടുന്നു,
പുത്രരവരുടെ വൃത്തിയിൽ വ്യാപൃതർ
ഓരോരോ വൃത്തിയിൽ ഞാനും മുഴുകുന്നു
ആരും ആരെയും നോക്കിനിൽക്കാനാവില്ല
ജീവിതം മെല്ലെയൊഴുകും യഥാവിധി!
എൻഹൃത്തിലെന്നും ധ്വനിക്കുന്ന സ്പന്ദനം
എൻ താത ജീവിതപൂരണമല്ലയോ!
എന്റെ സിരകളിലൊഴുകും ശോണിതം
എൻ താതനേകിയ സമ്മാനമല്ലയോ!
മൽ പ്രിയജനിതരിൽ നീളും ഡിഎൻഎ
മൽ പ്രാണ നാഥന്റെ ജീവസ്സത്രേ നിജം!
നന്ദിയോടെന്നും സ്മരിക്കുന്നു നന്മകൾ
നീളെ നിറച്ചെന്റെ ജീവിതം സംതൃപ്തം
അൻപതു വർഷങ്ങൾ ശാന്തിയിൽ ജീവിപ്പാൻ
ആശിഷം നല്കിയ ദൈവത്തെ വന്ദിപ്പേൻ!
നന്ദിമാത്രം ദേവാ! നന്മകൾ തിന്മകൾ
നിൻദാനമെന്നതാണെന്നുമെൻ സാന്ത്വനം!
പിതൃദിനാശംസകളർപ്പിപ്പേൻ ആത്മ്യ
താതനും കാന്തനും താതർക്കും സാദരം!!!



**എൽസി യോഹന്നാൻ ശങ്കരത്തിൽ**

# ക്നാനായ മലങ്കര കൂട്ടായ്മയൊരുക്കി ബെൻസൻവിൽ ഇടവക



**ലിൻസ് താന്നിച്ചുവട്ടിൽ**

ചിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഫൊറോനാ ദേവാലയത്തിൽ കോട്ടയം അതിരൂപതാ സഹായമെത്രാൻ ഗീവർഗീസ് മാർ അപ്രേം തിരുമേനിയുടെ അദ്ധ്യക്ഷതയിൽ ക്നാനായ മലങ്കര സംഗമം നടന്നു. ഇടവകയുടെ പ്രധാന തിരുനാളിനോടനുബന്ധിച്ച് ആദ്യമായി എത്തിയ കൊച്ചുപിതാവിന് ഇടവക സമൂഹത്തിന്റെ പേരിൽ ക്നാനായ മലങ്കര സമൂഹത്തോട് ചേർന്ന് ഊഷ്മള സ്വീകരണം നല്കി. തുടർന്ന് മലങ്കര റീത്തിൽ വിശ്വാസിസമൂഹത്തിനു വേണ്ടി വിശുദ്ധ ബലിയർപ്പിച്ചു. തുടർന്ന് ഹാളിൽ നടത്തിയ കലാപരിപാടികൾ അഭിവന്ദ്യ പിതാവ് ഉദ്ഘാടനം ചെയ്തു. മലങ്കര സമൂഹത്തിൽപ്പെട്ട എല്ലാവരുടെയും സംഗമവും ഇതോടനുബന്ധിച്ചു നടത്തപ്പെട്ടു. ക്നാനായ മലങ്കര സമൂഹത്തിനു ലഭിച്ച ആദ്യ മെത്രാനോടൊപ്പമുള്ള ആദ്യകൂട്ടായ്മ ഒരു നവ്യാനുഭവമായി ഏവരും പങ്കുവെച്ചു.



## എൽസ–3 കപ്പലിന്റെ ഉടമസ്ഥർക്കെതിരെ നിയമനടപടി സ്വീകരിക്കണം: ഹൈക്കോടതി

# കോസ്റ്റൽ പോലീസ് കേസെടുത്തു

കൊച്ചി: കടലിൽ മുങ്ങിയ എംഎസ്സി എൽസ-3 കപ്പലിന്റെ ഉടമസ്ഥർക്കെതിരെ പഴുതടച്ച് നിയമനടപടികൾ സ്വീകരിക്കാൻ ഹൈക്കോടതി നിർദേശം. നിലവിലെ നിയമങ്ങളും രാജ്യാന്തര കൺവൻഷനുകളും അനുസ



അറബിക്കടലിൽ മുങ്ങിയ ലൈബീരിയൻ ചരക്കുകപ്പലും കണ്ടെയ്നറുകളും.

രിച്ച്, എന്ത് നടപടികൾ സ്വീകരിക്കാമെന്ന് സർക്കാർ അറിയിക്കണമെന്നും ഹൈക്കോടതി.

കപ്പൽ അറസ്റ്റ് ചെയ്യാത്തത് എന്തുകൊണ്ടാണെന്നു കോടതി ചോദിച്ചു. മുൻ എംപി: ടി.എൻ. പ്രതാപൻ നൽകിയ ഹർജിയിലാണ് ചീഫ് ജസ്റ്റിസ് നിതിൻ ജാംദാർ, ജസ്റ്റിസ് ബസന്ത് ബാലാജി എന്നിവരുടെ ഉത്തരവ്. മറ്റൊരു കപ്പലിനു തീപിടിച്ച സാഹചര്യത്തിൽ ഇക്കാര്യം കൂടി ഉൾപ്പെടുത്തി ഹർജി ഭേദഗതി ചെയ്തു നൽകാനും കോടതി നിർദേശം നൽകി.

നിലവിൽ നടക്കുന്ന അന്വേഷണങ്ങൾക്കൊപ്പം ദേശീയ അന്വേഷണ ഏജൻസി (എൻഐഎ)ക്ക് അന്വേഷണം നടത്താവുന്നതാണോയെന്ന് പരിശോധിക്കണം. ഹർജി വീണ്ടും പരിഗണിക്കുന്നതിനു മുൻപ് സർക്കാർ മറുപടി നൽകണം. ഇത്തരം സംഭവങ്ങൾ ഉണ്ടാകുമ്പോൾ നടപടികൾ സ്വീകരിക്കാൻ ഒട്ടേറെ നിയമങ്ങളുണ്ടെന്ന് കോടതി ചൂണ്ടിക്കാട്ടി.

കമ്പനിക്കെതിരെ നടപടി എടുക്കണം. കപ്പൽ അറസ്റ്റ് ചെയ്യുന്നതിനുൾപ്പെടെ വഴികളുണ്ട്. ആ നടപടികൾക്കൊന്നും പൊതുഖജനാവിൽനിന്നു പണം ചെലവഴിക്കേണ്ടതില്ല. അതു കമ്പനിയിൽനിന്നു തിരിച്ചുപിടിക്കുകയാണ് വേണ്ടത്. മന്ദഗതിയുള്ള നടപടി കീഴ്‌വഴക്കമാകരുതെന്നും കോടതി ഓർമിപ്പിച്ചു.

ഭാവിയിൽ ഇത്തരത്തിലുള്ള സംഭവമുണ്ടായാൽ നടപടിയെടുക്കാത്തത് കീഴ്‌വഴക്കമായി ചൂണ്ടിക്കാട്ടാനിടയുണ്ടെന്ന് അഭിപ്രായപ്പെട്ട കോടതി, സർക്കാർ ഇക്കാര്യത്തിൽ നടപടിയെടുക്കുന്നില്ലെന്നു പറയുന്നില്ലെന്നും വ്യക്തമാക്കി.

നഷ്ടപരിഹാരത്തിന് മാരിടൈം നിയമത്തിൽ വകുപ്പുണ്ടെന്ന് കേരള സർക്കാർ ഹൈക്കോടതിയെ അറിയിച്ചു. മർച്ചന്റ് ഷിപ്പിങ് നിയമപ്രകാരം കേന്ദ്ര സർക്കാരിനും നടപടി എടുക്കാമെന്നും കേരള സർക്കാർ വ്യക്തമാക്കി. കപ്പൽ അപകടം കാരണമുള്ള നഷ്ടവും ഇതുവരെയുള്ള ചെലവും ഭാവിയിലുണ്ടാകുന്ന ചെലവും കണക്കാക്കേണ്ടതുണ്ടെന്നും സർക്കാർ ബോധിപ്പിച്ചു. ഇക്കാര്യങ്ങൾ അടുത്ത തവണ ഹർജി പരിഗണിക്കുമ്പോൾ അറിയിക്കണമെന്നു കോടതി നിർദേശിച്ചു. പരിസ്ഥിതി നാശത്തിനു പുറമെ, എക്സ്ക്ലൂസീവ് സാമ്പത്തിക മേഖലയടിസ്ഥാനത്തിൽ സാമ്പത്തിക നഷ്ടവും കണക്കിലെടുത്ത് കേന്ദ്രസർക്കാരിനു നടപടിയെടുക്കാവുന്നതാണെന്ന് കോടതി ചൂണ്ടിക്കാട്ടി. അഴീക്കൽ തീരത്തു നിന്ന് 44 നോട്ടിക്കൽ മൈൽ അകലെ തീപിടിച്ച വാൻ ഹയി 503 കപ്പലുമായി ബന്ധപ്പെട്ട വിഷയം കൂടി ചേർത്ത് ഹർജിയിൽ ഭേദഗതി വരുത്താൻ ഹർജിക്കാരന്റെ അഭിഭാഷകൻ അഡ്വ. ഹരീഷ് വാസുദേവനെ കോടതി അനുവദിച്ചു.

മുങ്ങിയ കപ്പലിലെ കശുവണ്ടി അടക്കമുള്ള വസ്തുവകകൾ നഷ്ടപ്പെട്ട സാഹചര്യത്തിൽ ഇതേ കമ്പനിയുടെ മറ്റൊരു കപ്പൽ വിഴിഞ്ഞം തുറമുഖത്ത് തടഞ്ഞുവെക്കാനും മറ്റൊരു ഹർജി പരിഗണിച്ച് ഹൈക്കോടതി നിർദേശം നൽകി. വിഴിഞ്ഞത്ത് നിലവിൽ നങ്കൂരമിട്ടിരിക്കുന്ന ലൈബീരിയൻ പതാക പേറുന്ന എംഎസ്സി മാൻസ് എഫ് എന്ന കപ്പലാണ് തടഞ്ഞുവെക്കാൻ നിർദേശം നൽകിയിരിക്കുന്നത്. ആറു കോടി രൂപ നഷ്ടപരിഹാരം കെട്ടിവെച്ചശേഷം കപ്പലിന് പോകാവുന്നതാണെന്നും ജസ്റ്റിസ് അബ്ദുൾ ഹക്കീം വ്യക്തമാക്കി. മുങ്ങിയ കപ്പലിൽ ഉണ്ടായിരുന്ന ടൺ കണക്കിന് കശുവണ്ടി നഷ്ടപ്പെട്ട വ്യാപാരികളാണ് കോടതിയെ സമീപിച്ചത്.

അതിനിടെ, എംഎസ്സി എൽസ–3 മുങ്ങിയ സംഭവത്തിൽ കോസ്റ്റൽ പോലീസ് കേസെടുത്തു. അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം ലഭിച്ചതിനു പിന്നാലെ മുഖ്യമന്ത്രിയുടെ ഓഫീസ് ഇക്കാര്യം ഡിജിപിയെ അറിയിച്ചു. തുടർന്നാണു കോസ്റ്റൽ ഐജിയുടെ നിർദേശപ്രകാരം ഫോർട്ട്കൊച്ചി കോസ്റ്റൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തത്. കപ്പലിന്റെ ഉടമസ്ഥരായ മെഡിറ്ററേനിയൻ ഷിപ്പിംഗ് കമ്പനിയാണ് കേസിലെ ഒന്നാം പ്രതി. ക്യാപ്റ്റനായ റഷ്യൻ പൗരൻ ഇവാനോവ് അലക്സാണ്ടറും ജീവനക്കാരായ 23 പേരുമാണ് കേസിലെ രണ്ടും മൂന്നും പ്രതികൾ.

കപ്പലപകടം മത്സ്യത്തൊഴിലാളികൾക്കു ലക്ഷക്കണക്കിന് രൂപയുടെ നഷ്ടമുണ്ടാക്കിയതായി എഫ്ഐആറിൽ പറയുന്നു. ആലപ്പുഴ വണ്ടാനം തെക്കുംമുറി സ്വദേശിയും മത്സ്യത്തൊഴിലാളി ഫെഡറേഷൻ നേതാവുമായ സി. ഷാംജിയുടെ പരാതിയിൽ ജൂൺ 11-ന് ഉച്ചയോടെയാണ് ഫോർട്ട്കൊച്ചി കോസ്റ്റൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തത്.

കപ്പൽ കമ്പനിയായ എംഎസ്സിക്കെതിരെ കേസെടുക്കേണ്ടെന്നും നഷ്ടപരിഹാരം മതിയെന്നുമായിരുന്നു സർക്കാരിന്റെ നിലപാട്. കേരളത്തിന്റെ തീരുമാനത്തോട് കേന്ദ്രത്തിനും യോജിപ്പായിരുന്നു. എന്നാൽ പ്രതിപക്ഷവും മത്സ്യത്തൊഴിലാളി സംഘടനകളും എതിർപ്പ് അറിയിച്ച് രംഗത്തു വരികയും പ്രതിഷേധം ശക്തമാകുകയും ചെയ്തതോടെയാണു കേസെടുക്കാൻ സർക്കാർ നിർബന്ധിതമായത്.

## കമ്പനി നടത്തിപ്പിൽ പിതാവിന് പങ്കില്ലെന്ന് വീണ

കൊച്ചി: എക്സാലോജിക് സൊല്യൂഷൻസ് എന്ന തന്റെ കമ്പനിയുടെ നടത്തിപ്പിൽ പിതാവിന് യാതൊരു പങ്കുമില്ലെന്ന് വിശദീകരിച്ച് മുഖ്യമന്ത്രി പിണറായി വിജയന്റെ മകൾ വീണ ഹൈക്കോടതിയിൽ എതിർസത്യവാങ്മൂലം ഫയൽ ചെയ്തു. സിഎംആർഎലും എക്സാലോജിക്കും തമ്മിലുള്ള ഇടപാടുകൾ സുതാര്യമാണ്. സിബിഐ അന്വേഷണം ആവശ്യപ്പെടുന്നത് ചെളിവാരിയെറിയാനാണെന്നും സത്യവാങ്മൂലത്തിൽ പറയുന്നു.



തന്റെ ഭർത്താവും മന്ത്രിയുമായ മുഹമ്മദ് റിയാസിനും കമ്പനിയുമായി ബന്ധമില്ല. റിയാസ് തെരഞ്ഞെടുപ്പ് സത്യവാങ്മൂലത്തിൽ വെളിപ്പെടുത്തിയ തന്റെ വരുമാനവും യഥാർത്ഥ വരുമാനവും തമ്മിൽ അന്തരമുണ്ടെന്ന ആരോപണം തെറ്റിദ്ധരിപ്പിക്കുന്നതാണ്. ഹർജിയിൽ ഉന്നയിച്ച വിഷയം മുൻപ് മാത്യു കുഴൽനാടൻ എംഎൽഎയും കളമശേരി സ്വദേശി പരേതനായ ഗിരീഷ് ബാബുവും വിജിലൻസ് അന്വേഷണ ആവശ്യമായി ഉന്നയിക്കുകയും വിജിലൻസ് കോടതി തള്ളുകയും ചെയ്തതാണെന്നും ഈ ഉത്തരവ് ഹൈക്കോടതിയും ശരിവെച്ചിരുന്നതാണെന്നും സത്യവാങ്മൂലത്തിൽ പറയുന്നു.

ഇല്ലാത്ത സേവനത്തിന് വീണയ്ക്കും സിഎംആർഎൽ പ്രതിഫലം നല്കിയെന്ന ഇന്ററിം സെറ്റിൽമെന്റ് ബോർഡിന്റെ റിപ്പോർട്ടിൽ സിബിഐ അന്വേഷണം ആവശ്യപ്പെട്ട് മാധ്യമപ്രവർത്തകൻ എം.ആർ. അജയൻ ഫയൽ ചെയ്ത ഹർജിയിലാണ് എതിർസത്യവാങ്മൂലം ഫയൽ ചെയ്തിരിക്കുന്നത്.

## രാഷ്ട്രപതി ഭവനിൽ ആദ്യ വനിതാ എഡിസി

ന്യൂഡൽഹി: രാഷ്ട്രപതിയുടെ എഡിസി പദവിയിൽ ആദ്യമായി വനിതാ സേനാഗം. ഗുജറാത്തിലെ ഭറൂച് സ്വദേശി ലഫ്. കമാൻഡർ യശസ്വി സോളങ്കി (27) ആണ് ഈ പദവിയിലെത്തിയത്. കരസേനയിൽ നിന്ന് മൂന്നും നാവിക വ്യോമസേനകളിൽ നിന്ന് ഓരോരുത്തരും വീതമാണ് എഡിസിമാരായി സേവനം ചെയ്യുന്നത്. രാഷ്ട്രപതി ദ്രൗപതി മുർമു പ്രത്യേകം താൽപര്യമെടുത്താണ് വനിതാ എഡിസിയെ കൊണ്ടുവന്നത്. രാഷ്ട്രപതിയുടെ യോഗങ്ങളും പരിപാടികളും നിശ്ചയിക്കുക, ഫോൺ സന്ദേശങ്ങൾ കൈമാറുക, ഒപ്പം സഞ്ചരിക്കുക തുടങ്ങിയവയാണ് എഡിസിമാരുടെ ചുമതല.



നാവികസേനയിൽനിന്ന് അപേക്ഷിച്ചവരിൽ അന്തിമ പട്ടികയിലെത്തിയ മൂന്ന് വനിതാ ഓഫീസർമാരെയും 15 ദിവസം പ്രസിഡൻഷ്യൽ എസ്റ്റേറ്റിൽ താമസിപ്പിച്ചായിരുന്നു തെരഞ്ഞെടുപ്പ്. രാഷ്ട്രപതി നേരിട്ട് അഭിമുഖവും നടത്തി. യശസ്വി മേയ് ഒൻപതിന് ചുമതലയേറ്റു. മൂന്ന് വർഷത്തേക്കാണു നിയമനം.






# വേൾഡ് മലയാളി കൗൺസിൽ ഫിലാഡൽഫിയയിൽ മദേഴ്സ് ആൻഡ് ഫാദേഴ്സ് ഡേ ആഘോഷിച്ചു






ഫിലാഡൽഫിയ: വേൾഡ് മലയാളി കൗൺസിൽ ഫിലാഡൽഫിയ പ്രൊവിൻസ് ജൂൺ ഏഴാം തീയതി ശനിയാഴ്ച മദേഴ്സ് ആൻഡ് ഫാദേഴ്സ് ഡേ വിവിധ പരിപാടികളോടെ സെയിന്റ് തോമസ് ഇന്ത്യൻ ഓർത്തഡോക്സ് ചർച്ച് ഹാളിൽ വെച്ച് നടത്തുകയുണ്ടായി. വിശിഷ്ട വ്യക്തികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള പൊതുയോഗവും അതോടൊപ്പം വിവിധ ആർട്ടിസ്റ്റുകളെ കോർത്തിണക്കിക്കൊണ്ടുള്ള കലാപരിപാടികൾക്കും വൈകിട്ട് അഞ്ചു

**ലൂക്കോസ് മാത്യു**

മണി മുതൽ രാത്രി എട്ടു മണി വരെ വേദി സാക്ഷിയായി.

വേൾഡ് മലയാളി കൗൺസിൽ അംഗവും പ്രോഗ്രാം കോ-ഓർഡിനേറ്ററുമായ ശ്രീമതി അജി പണിക്കരുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച പ്രഫഷണൽ നർത്തകരുടെ ഡാൻസ് ഫെസ്റ്റും ഗായകരുടെ സംഗീത സന്ധ്യയും വേദിയെ വർണ്ണശബളമാക്കി. സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന കേരളത്തിലെ ഇരുപത്തിയഞ്ച് യുവതീയുവാക്കളുടെ വിവാഹം ഈ വർഷം ഒക്ടോബർ രണ്ടാം തീയതി കേരളത്തിൽ വെച്ച് നടത്തിക്കൊടുക്കുവാൻ ഏറ്റെടുത്തിരിക്കുന്ന ഒരു കാരുണ്യ പദ്ധതിയുടെ ഭാഗമായിട്ടാണ് പ്രൊവിൻസ് ആഘോഷപരിപാടികൾ സംഘടിപ്പിച്ചത്.

വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ ചെയർമാൻ ഗോപാലപിള്ള ഉദ്ഘാടനകർമ്മം നിർവഹിച്ചു. അമേരിക്കൻ ഭരണകൂടത്തിൽ ഉന്നതസ്ഥാനം വഹിക്കുന്ന റവ. ഫാ. അലക്സാണ്ടർ ജെയിംസ് കുര്യൻ മുഖ്യസന്ദേശം നല്കി. നമ്മുടെ ജീവിതത്തെയും മൂല്യങ്ങളെയും രൂപപ്പെടുത്തുന്നതിൽ മാതാപിതാക്കൾ വഹിക്കുന്ന അതുല്യമായ പങ്കിനെക്കുറിച്ചും മാതൃ-പിതൃദിനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും വളരെ പ്രചോദനാത്മകമായ ഒരു സന്ദേശം മുഖ്യപ്രഭാഷണത്തിൽ കൂടി അദ്ദേഹം നല്കുകയുണ്ടായി.

പ്രൊവിൻസിന്റെ ജനറൽ സെക്രട്ടറി ലൂക്കോസ് മാത്യു സ്വാഗതം അർപ്പിച്ചു. പ്രസിഡണ്ട് നൈനാൻ മത്തായി പ്രൊവിൻസ് ഏറ്റെടുത്തിരിക്കുന്ന ഈ ബൃഹത് കാരുണ്യ പ്രവർത്തനത്തെക്കുറിച്ച് വളരെ വിശദമായി അദ്ധ്യക്ഷ പ്രസംഗത്തിൽ എടുത്തുപറഞ്ഞു. പ്രൊവിൻസ് ചെയർ അമ്മാൾ ജോർജ് ആശംസാപ്രസംഗം നടത്തി.

സമൂഹത്തിന്റെ വിവിധ മേഖലകളിലും പ്രസ്ഥാനങ്ങളിലും ചെയ്തിട്ടുള്ള പ്രവർത്തനമികവിന്റെ അംഗീകാരമായി റവ. ഫാ. അലക്സാണ്ടർ ജെയിംസ് കുര്യൻ, ജോർജ് മാത്യൂസ്, സുവർണ്ണ വർഗീസ്, ഫിലിപ്പോസ് ചെറിയാൻ, ഷൈലാ രാജൻ എന്നിവരെ ഫലകം നല്കി സമ്മാനിച്ചും ചന്ദ്രികാ ടീച്ചർ, നിമ്മി ദാസ്, അജി പണിക്കർ, ലീലാമ്മ വർഗീസ് എന്നിവരെ പൊന്നാട അണിയിച്ചും ആദരിച്ചു. ഭാരത് സേവക് സമാജ് അവാർഡ് ഈ വർഷം ഇന്ത്യയിൽ നിന്നും കരസ്ഥമാക്കിയ അജി പണിക്കർക്കും സമൂഹവിവാഹത്തിനായി ഏറ്റവും കൂടുതൽ സംഭാവന നല്കിയ ലീലാമ്മ വർഗീസിനും പ്രത്യേകം അഭിനന്ദനങ്ങൾ രേഖപ്പെടുത്തി. പ്രൊവിൻസിന്റെ വിമൻസ് ഫോറം ചെയർ ഷൈലാ രാജനും സുനിതാ അനീഷും എംസിയായി ആഘോഷങ്ങൾക്ക് വർണ്ണശബളമേകി. പ്രൊവിൻസിന്റെ എല്ലാ സബ് കമ്മിറ്റികളുടെയും ഏകോപിപ്പിച്ചുള്ള പ്രവർത്തനം ഫാദേഴ്സ് ആൻഡ് മദേഴ്സ് ഡേയുടെ ആഘോഷപരിപാടികൾ വളരെ വിജയകരമാക്കിത്തീർത്തു.

ട്രഷറർ തോമസുകുട്ടി വർഗീസ് നന്ദി പറഞ്ഞു. കേരളത്തനിമയുടെ രുചി വിളിച്ചറിയിക്കുന്ന അത്താഴവിരുന്നോടെ ആഘോഷപരിപാടികൾ രാത്രി എട്ടു മണിയോടുകൂടി സമാപിച്ചു.

## ഭാഷയ്ക്കൊരു ഡോളർ പുരസ്കാരത്തിന് പ്രബന്ധങ്ങൾ ക്ഷണിക്കുന്നു

**ശ്രീകുമാർ ഉണ്ണിത്താൻ**


ന്യൂയോർക്ക്: കേരള സർവകലാശാലയും അമേരിക്കൻ മലയാളി സംഘടനകളുടെ സംഘടനയായ ഫൊക്കാനയുമായി ചേർന്ന് നല്കുന്ന 'ഭാഷയ്ക്കൊരു ഡോളർ' പുരസ്കാരത്തിന് അപേക്ഷകൾ ക്ഷണിക്കുന്നു. മലയാളത്തിലെ ഏറ്റവും മികച്ച പിഎച്ച്.ഡി പ്രബന്ധത്തിനാണ് പുരസ്കാരം നല്കുന്നത്. 2022 ഡിസംബർ 1 മുതൽ 2023 നവംബർ 30 വരെയും 2023 ഡിസംബർ 1 മുതൽ 2024 നവംബർ 30 വരെയുമുള്ള കാലയളവിൽ കേരളത്തിലെ വിവിധ സർവകലാശാലകളിൽ നിന്നും മലയാള ഭാഷയിലും സാഹിത്യത്തിലും പിഎച്ച്.ഡി ലഭിച്ചവർക്ക് പ്രബന്ധം അവാർഡിനായി സമർപ്പിക്കാം.

50,000 രൂപയും പ്രശസ്തിപത്രവും ഫലകവും അടങ്ങുന്നതാണ് പുരസ്കാരം. സമ്മാനാർഹമാകുന്ന പ്രബന്ധത്തിന്റെ മാർഗ്ഗദർശിക്ക് 5000 രൂപയും സമ്മാനമായി നല്കും. അപേക്ഷകരുടെ പിഎച്ച്.ഡി. പ്രബന്ധങ്ങൾ മാർഗ്ഗദർശി സാക്ഷ്യപ്പെടുത്തിയിരിക്കണം. യൂണിവേഴ്സിറ്റി തെരഞ്ഞെടുക്കുന്ന ഒരു വിദഗ്ദ്ധ സമിതിയാണ് മൂല്യനിർണ്ണയം നടത്തി വിജയികളെ തെരഞ്ഞെടുക്കുന്നത്.

പ്രബന്ധത്തിന്റെ ഒരു കോപ്പിയും പ്രബന്ധത്തിന്റെ സിഡിയും അപേക്ഷയ്ക്കൊപ്പം സമർപ്പിക്കണം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 2025 ജൂലൈ 7-ന് വൈകിട്ട് 5 മണി വരെ. അവാർഡിന് അർഹമാകുന്ന പ്രബന്ധം സർവകലാശാല പ്രസിദ്ധീകരണ വിഭാഗം പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്. അപേക്ഷകൾ നേരിട്ടോ തപാലിലോ ലഭിക്കേണ്ട വിലാസം: രജിസ്ട്രാർ, കേരള സർവകലാശാല, പാളയം, തിരുവനന്തപുരം-695034. അവാർഡിന് അർഹമാകാത്ത പിഎച്ച്.ഡി. പ്രബന്ധങ്ങൾ അപേക്ഷകർക്ക് സർവകലാശാലയിൽ നിന്നും തിരികെ കൈപ്പറ്റാവുന്നതാണ്.

ഭാഷയ്ക്കൊരു ഡോളർ പുരസ്കാരത്തിന്റെ കോ-ഓർഡിനേറ്ററായി പ്രവർത്തിക്കുന്നത് മുൻ പ്രസിഡണ്ട് ജോർജി വർഗീസാണ്.

## REMEMBERING THE DIVINE INTERVENTION: JUSTICE (RTD) CYRIAC JOSEPH



Justice Cyriac Joseph

In 1979 October, a Western Airways Aircraft flying from Los Angels to Mexico City crashed above Mexico City and all passengers and Crew members numbering 207 persons died. There were no survivors. A 32 year old young advocate from Kochi had reserved a seat in that flight. But he could not board the plane as the connecting flight from Singapore arrived late. The late arrival saved the life of the young advocate who later became a Judge of the Kerala High Court and the Supreme Court of India. He is none other than Justice Cyriac Joseph who always remembers with gratitude the Divine Intervention to save his life and to bless him to become a Judge of the Supreme Court.

The Ahamedabad Aircrash on 12th June 2025 reminded me of the great Divine Mercy received by me 45 years ago.

I pray for the souls of the deceased and offer my condolences to the bereaved families.

## ഇന്ത്യൻ ജനസംഖ്യ 146 കോടി
# പ്രത്യുൽപാദന നിരക്ക് താഴേക്ക്

ന്യൂഡൽഹി: ജനസംഖ്യയിൽ ഏറ്റവും മുൻപിലാണെങ്കിലും (146 കോടി) ഇന്ത്യയിൽ പ്രത്യുൽപാദന നിരക്ക് ആശങ്കയുണ്ടാക്കുംവിധം കുറയുന്നതായി യുഎൻ ജനസംഖ്യാ നിധിയുടെ (യുഎൻഎഫ്പിഎ) വിലയിരുത്തൽ.

ഒരു തലമുറ കടന്നുപോകുമ്പോൾ തുല്യ എണ്ണം പകരംവരുന്നതാണു ഭദ്രമായ ജനസംഖ്യാനില. അതിന് ആവശ്യമുള്ള പ്രത്യുൽപാദന നിരക്ക് (ടിഎഫ്ആർ) 2.1 എന്നാണു നിശ്ചയിച്ചിട്ടുള്ളത്. ഇന്ത്യയിൽ ഇപ്പോഴിത് 1.9 ആണെന്ന് യുഎൻഎഫ്പിഎയുടെ ജനസംഖ്യാസ്ഥിതി റിപ്പോർട്ടിൽ പറയുന്നു. ഒരു സ്ത്രീ എത്ര കുഞ്ഞുങ്ങൾക്കു ജന്മം നൽകുന്നുവെന്നാണ് ടിഎഫ്ആറിലൂടെ കണക്കാക്കുന്നത്.

തമിഴ്നാട്, ഡൽഹി (രണ്ടിടത്തും 1.4), കേരളം (1.5) എന്നിവയാണു പ്രത്യുൽപാദന നിരക്ക് ഏറ്റവും കുറവുള്ള സംസ്ഥാനങ്ങൾ. ബിഹാർ (3), മേഘാലയ (2.9), യുപി (2.7) എന്നിവയാണ് ഏറ്റവും കൂടുതലുള്ളവ. കുറഞ്ഞ പ്രത്യുൽപാദന നിരക്കു നിലനിന്നാൽ തൊഴിൽശേഷിയുള്ളവരുടെ എണ്ണം കുറയും. ജനസംഖ്യയിലെ നല്ലൊരു ശതമാനവും മുതിർന്ന പൗരരായിരിക്കും.

ജനനനിരക്ക് മന്ദഗതിയിലാണെങ്കിലും ഇന്ത്യയിലെ ജനസംഖ്യയിൽ 24 ശതമാനം 14 വയസ്സിനു താഴെയുള്ളവരാണ്. 68 ശതമാനം 15-നും 64-നും മധ്യേ പ്രായമുള്ളവരാണ്.

ഏഴ് ശതമാനമാണ് 65 വയസ്സിനു മുകളിലുള്ളവർ. പുരുഷന്മാരുടെ ആയുർദൈർഘ്യം 71 വയസ്സിലെത്തി. സ്ത്രീകളുടേത് 74.

# സർവകക്ഷി സംഘങ്ങളുമായി പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തി

ന്യൂഡൽഹി: ഭീകരതയോടുള്ള പാക്കിസ്ഥാന്റെ സമീപനം വിശദീകരിക്കാൻ നിയോഗിച്ച സർവ്വകക്ഷി സംഘാംഗങ്ങളുമായി പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തി. പ്രധാനമന്ത്രിയുടെ ഔദ്യോഗിക വസതിയിലായിരുന്നു കൂടിക്കാഴ്ച.

വിദേശരാജ്യങ്ങൾക്ക് ഇന്ത്യ-പാക്കിസ്ഥാൻ വിഷയത്തിലുള്ള സമീപനവും ഇന്ത്യയോടുള്ള നിലപാടുകളും സമിതി അംഗങ്ങൾ വിശദീകരിച്ചു.

വിദേശരാജ്യങ്ങളുടെ നേതാക്കൾ, ഭരണാധികാരികൾ, പാർലമെന്റ് അംഗങ്ങൾ, ബുദ്ധിജീവികൾ, ഇന്ത്യൻ സമൂഹം, മാധ്യമങ്ങൾ എന്നിവരുമായാണ് സംഘാംഗങ്ങൾ കൂടിക്കാഴ്ച നടത്തിയത്.

പ്രതിപക്ഷനിരയിൽ നിന്നുള്ളവരടക്കം 53 അംഗങ്ങൾ ഉൾപ്പെടുന്ന ഏഴ് സംഘങ്ങളെയാണ് കേന്ദ്രസർക്കാർ 33 രാജ്യങ്ങളിലേക്ക് നിയോഗിച്ചത്. അമേരിക്ക ഉൾപ്പെടെയുള്ള രാജ്യങ്ങളിൽ നിർണായക ചർച്ചകൾ നടത്തിയ കോൺഗ്രസ് നേതാവ് ശശി തരൂരിന്റെ നേതൃത്വത്തിലുള്ള സംഘമാണ് ഒടുവിൽ ഡൽഹിയിൽ തിരിച്ചെത്തിയത്.



വിദേശ പര്യടനത്തിനുശേഷം ഡൽഹിയിൽ തിരിച്ചെത്തിയ കോൺഗ്രസ് നേതാവ് ശശി തരൂർ പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തിയപ്പോൾ.

# കെനിയയിൽ വാഹനാപകടത്തിൽ അഞ്ച് മലയാളികൾ മരിച്ചു

ദോഹ: അവധിയോടനുബന്ധിച്ച് ഖത്തറിൽ നിന്ന് കെനിയയിലേക്ക് വിനോദയാത്ര പോയവർ സഞ്ചരിച്ച ബസ് അപകടത്തിൽപ്പെട്ട് ആറു പേർ മരിച്ചു. ഇതിൽ അഞ്ചു പേർ മലയാളികളാണ്.



റിയ ആൻ



ടൈറ റോഡ്രിഗസ്



ജെസ്ന



റൂഹി മെഹ്റിൻ



ഗീത ഷോജി ഐസക്

തിരുവല്ല സ്വദേശിനി ഗീതാ ഷോജി ഐസക് (58), മൂവാറ്റുപുഴ സ്വദേശിനി കുറ്റിക്കാട്ടുചാലിൽ ജെസ്ന (29), ഏകമകൾ റൂഹി മെഹ്റിൻ (ഒന്നര), പാലക്കാട് മണ്ണൂർ കാഞ്ഞിരംപാറ റിഷി വില്ല പുത്തൻപുരയിൽ റിയ (41), മകൾ ടൈറ (ഏഴ്) എന്നിവരാണ് മരിച്ച മലയാളികൾ.

തൃശൂർ പാവറട്ടി മാടക്കായിൽ മുഹമ്മദ് ഹനീഫിന്റെ ഭാര്യയാണ് ജെസ്ന. മുഹമ്മദ് ഹനീഫിനു പരുക്കേറ്റിട്ടുണ്ട്. റിയയുടെ ഭർത്താവ് കോയമ്പത്തൂർ പോത്തനൂർ സ്വദേശി ജോയൽ (41), മകൻ ട്രാവിസ് (14) എന്നിവർ നിസ്സാര പരുക്കുകളോടെ രക്ഷപ്പെട്ടു.


ഇവർ സഞ്ചരിച്ച വാഹനം വടക്കു കിഴക്കൻ കെനിയയിലെ ന്യാൻഡറുവ പ്രവിശ്യയിലെ ഗിചാക്കയിൽ വെച്ച് താഴ്ചയിലേക്ക് മറിയുകയായിരുന്നു. ശക്തമായ മഴയിൽ റോഡിൽ തെന്നിനീങ്ങിയ വാഹനം ഒരു മരത്തിലിടിച്ച് മറിയുകയായിരുന്നെന്ന് പ്രാദേശിക വാർത്താമാധ്യമങ്ങൾ റിപ്പോർട്ടു ചെയ്തു.

അപകടത്തിൽ 27 പേർക്ക് പരുക്കേറ്റിട്ടുണ്ട്. ഇതിൽ മൂന്നു പേരുടെ നില ഗുരുതരമാണ്. 14 മലയാളികളും കർണാടക, ഗോവ സ്വദേശികളും സംഘത്തിൽ ഉണ്ടായിരുന്നെന്നാണ് വിവരം.

മുൻപ്രവാസിയായ പുത്തൻപുരയിൽ രാധാകൃഷ്ണന്റെയും ശാന്തിയുടെയും ഇരട്ടക്കുട്ടികളിൽ ഒരാളാണ് റിയ. ദുബായിൽത്തന്നെ ജോലി ചെയ്യുന്ന ഷിയയാണ് ഇരട്ട സഹോദരി. ഇളയ സഹോദരൻ റിഷിയും ദുബായിലാണ്.

റിയ ഖത്തറിൽ എയർപോർട്ട് മെയിന്റനൻസ് കമ്പനിയിലെ ഉദ്യോഗസ്ഥയാണ്. ഭർത്താവ് ജോയൽ ഖത്തറിലെ ട്രാവൽ കമ്പനി ജീവനക്കാരനാണ്.

# കെ.കെ. ജോൺ കുഴിനാപ്പുറത്ത് അന്തരിച്ചു



ചിക്കനാൽ: കെ.കെ. ജോൺ കുഴിനാപ്പുറത്ത് (93) ഓമല്ലൂർ (Subedar Major, Indian Army, Rtd; CFO, Aeroconrols Inc., US, Rtd.) അന്തരിച്ചു. ചിക്കനാൽ സെന്റ് പീറ്റേഴ്സ് മലങ്കര കത്തോലിക്കാ ദേവാലയത്തിൽ സമാപന ശുശ്രൂഷകൾക്ക് ശേഷം സംസ്കാരം നടത്തി. ഭാര്യ: പരേതയായ പൊന്നമ്മ ജോൺ, മഠത്തിൽ അടൂർ കുടുംബാംഗം.

മക്കൾ: കുസുമം ടൈറ്റസ് (ഫോമാ വിമൻസ് ഫോറം മുൻ ചെയർപേഴ്സൺ), ടോംസ് ജോൺ, പോൾ ജോൺ (ഫോമാ മുൻ വെസ്റ്റേൺ റീജിയൻ ആർവി പി, ഫോമാ മുൻ കൺവൻഷൻ ചെയർമാൻ), പരേതനായ ഫ്രാൻസിസ് ജോൺ.

മരുമക്കൾ: ജോൺ ടൈറ്റസ് (ഫോമാ മുൻ പ്രസിഡന്റ്), ശാന്തി ജോൺ, റോസ്‌ലിൻ ജോൺ.

പരേതന് 7 കൊച്ചുമക്കളും 3 ചെറുമക്കളും ഉണ്ട്.






# ദേശീയപാത നിർമാണം എപ്പോൾ പൂർത്തിയാകുമെന്ന് ഹൈക്കോടതി

കൊച്ചി: ദേശീയ പാതയുടെ നിർമാണം എപ്പോൾ പൂർത്തിയാകുമെന്ന് അറിയിക്കണമെന്ന് ഹൈക്കോടതി നിർദേശിച്ചു. നിലവിൽ ഒരു സമയക്രമം അറിയിക്കാൻ കഴിയില്ലെന്നു ദേശീയപാതാ അഥോറിറ്റി അറിയിച്ചതിനെ തുടർന്നാണ് ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ നിർദേശം നല്കിയത്.

മലപ്പുറം-കൂരിയാട് റോഡ് ഇടിഞ്ഞു താഴ്ന്നതിന്റെ പശ്ചാത്തലത്തിലാണ് ഹൈക്കോടതി വിഷയം പരിഗണിച്ചത്.

ജനങ്ങൾ ക്ഷമയോടെ കാത്തിരിക്കുകയാണെന്നും കേരളത്തിൽ ദേശീയപാതയുടെ നിർമാണം പൂർത്തിയാകുന്നത് എപ്പോഴാണെന്ന് അറിയിക്കണമെന്നും കോടതി പറഞ്ഞു.

പാതയിലെ നിർമാണപ്രവർത്തനം മൂലം കേരളത്തിൽ യാത്ര ഇപ്പോൾ ദുഷ്കരമാണ്. കൊച്ചിയിൽ നിന്നു തൃശൂരിലെത്താൻ മൂന്നു മുതൽ നാലു മണിക്കൂർവരെ വേണ്ട സാഹചര്യമാണ്. ജനങ്ങളുടെ ദുരവസ്ഥ മനസ്സിലാക്കണമെന്നും കോടതി പറഞ്ഞു.

വ്യാപകമായ കൃഷിയുള്ള മേഖലയായതും കൂരിയാട് റോഡ് ഇടിയാൻ കാരണമായി വിദഗ്ധർ അറിയിച്ചെന്നു ദേശീയപാത അഥോറിറ്റി അറിയിച്ചു.

കൂരിയാട് സംഭവത്തിന്റെ പശ്ചാത്തലത്തിൽ ശ്രദ്ധയോടെ പടിപടിയായാണ് മുന്നോട്ടു നീങ്ങുന്നത്. സ്ഥിതി അറിയിക്കാൻ ദേശീയപാത അഥോറിറ്റി മൂന്നാഴ്ച സമയം തേടി.

## സർക്കാർ ജാതി, മത രഹിത സർട്ടിഫിക്കറ്റ് നൽകണം: ഹൈക്കോടതി

ചെന്നൈ: ജാതിയോ മതമോ ഇല്ലെന്ന് വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റുകൾ ആവശ്യപ്പെടുന്നവർക്ക് ഉടനടി നൽകാൻ പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കണമെന്ന് തമിഴ്നാട് സർക്കാരിനോട് മദ്രാസ് ഹൈക്കോടതി. ഇക്കാര്യത്തിൽ റവന്യൂവകുപ്പിന് സ്വതന്ത്രമായ അധികാരം നൽകണമെന്നും കോടതി നിർദേശിച്ചു.

തിരുപ്പത്തൂർ ജില്ലയിലെ സന്തോഷ് നൽകിയ ഹർജിയിലാണ് കോതി ഇക്കാര്യം വ്യക്തമാക്കിയത്. തന്റെ കുടുംബാംഗങ്ങൾക്ക് ജാതി, മത രഹിത സർട്ടിഫിക്കറ്റ് നൽകാൻ തഹസിൽദാരോട് നിർദേശിക്കാൻ വിസമ്മതിച്ച ഏകബെഞ്ചിന്റെ മുൻ ഉത്തരവിനെതിരെയാണ് സന്തോഷ് അപ്പീൽ സമർപ്പിച്ചത്. ഇതിൽ വാദംകേട്ട ജസ്റ്റിസ് എം.എസ്. രമേശ്, ജസ്റ്റിസ് എൻ. സെന്തിൽകുമാർ എന്നിവരുടെ ബെഞ്ച് ഒരുമാസത്തിനകം സന്തോഷിനും കുടുംബത്തിനും ജാതി, മത രഹിത സർട്ടിഫിക്കറ്റ് നൽകാൻ റവന്യൂവകുപ്പിന് നിർദേശം നൽകി. ഏകാംഗബെഞ്ചിന്റെ മുൻ ഉത്തരവ് തള്ളുകയും ചെയ്തു.

ഇന്ത്യൻ ഭരണഘടന ജാതിവിവേചനത്തെ ശക്തമായി എതിർക്കുന്നു. എങ്കിലും സാമൂഹികജീവിതം, രാഷ്ട്രീയം, വിദ്യാഭ്യാസം, തൊഴിൽ എന്നീ മേഖലകളിൽ ജാതിക്കും മതത്തിനും ഇപ്പോഴും പ്രാധാന്യമുണ്ട്.

ജാതിയും മതവും ആവശ്യമില്ലെന്നുള്ള ഇത്തരം ഹർജികൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്. ജാതിവിവേചനത്തിനെതിരെ നടപടിയെടുക്കാൻ ഇത് അധികാരികൾക്ക് പ്രചോദനം പകരും. സമാനചിന്താഗതിക്കാരുടെ കണ്ണുതുറപ്പിക്കാൻ സാധിക്കും.

## ഡൽഹിയിൽ പീപ്പിൾസ് പാർലമെന്റ് നടത്തുന്നു

കോഴിക്കോട്: വന്യമൃഗ ആക്രമണത്തിനു പരിഹാരം തേടി ഡൽഹിയിൽ ജനകീയ പാർലമെന്റ് സംഘടിപ്പിക്കുന്നു. ആദിവാസി ഊരു മൂപ്പൻസ് കൗൺസിൽ സംസ്ഥാന കമ്മിറ്റിയും കർഷക സംഘടനകളും ട്രേഡ് യൂണിയനുകളും ചേർന്നാണ് ജൂലൈ 22-ന് കോൺസ്റ്റിറ്റ്യൂഷൻ ക്ലബിൽ പീപ്പിൾസ് പാർലമെന്റ് സംഘടിപ്പിച്ചിട്ടുള്ളതെന്ന് സംഘാടകർ വാർത്താസമ്മേളനത്തിൽ അറിയിച്ചു. കേരളത്തിനു പുറമേ തമിഴ്നാട്, കർണാടക എന്നിവിടങ്ങളിൽ നിന്നുള്ള ആളുകളും ഇതിൽ അണിചേരും.

വന്യമൃഗ ആക്രമണങ്ങളിൽ ഏറ്റവും കൂടുതൽ ജീവഹാനി സംഭവിക്കുന്നതും പരുക്കേൽക്കുന്നതും ആദിവാസികൾക്കും തൊഴിലാളികൾക്കുമാണ്. ജീവഹാനി സംഭവിക്കുന്നവർക്കും പരുക്കേൽക്കുന്നവർക്കും കൃഷി നശിച്ചവർക്കും അർഹമായ നഷ്ടപരിഹാരം ഉറപ്പു നല്കുന്നതിനുള്ള നിയമം അടുത്ത പാർലമെന്റ് സമ്മേളനത്തിൽ പാസാക്കണമെന്നാണ് ആവശ്യം.

വാഹനാപകടത്തിൽപ്പെടുന്നവർക്ക് ക്ലെയിം ഫയൽ ചെയ്ത് ന്യായവും ഉചിതവുമായ നഷ്ടപരിഹാരം ലഭിക്കുന്നതിനു സമാനമായ നിയമം പാർലമെന്റ് പാസാക്കണമെന്ന് അവർ ആവശ്യപ്പെട്ടു. ആക്രമണകാരികളായ മൃഗങ്ങളെ ക്ഷുദ്രജീവികളായി പ്രഖ്യാപിക്കണം. മനുഷ്യരല്ല വന്യമൃഗങ്ങളും നിയമങ്ങളുമാണ് പ്രധാനമെന്ന ചിന്ത ഭരണാധികാരികൾ ഉപേക്ഷിക്കണം. വന്യജീവി സംരക്ഷണ നിയമത്തിൽ സംസ്ഥാനങ്ങൾക്കുള്ള അധികാരം സംബന്ധിച്ചുള്ള അവ്യക്തത നീക്കണമെന്ന് നേതാക്കൾ ആവശ്യപ്പെട്ടു.

## ആഗോളലിംഗസമത്വ സൂചികയിൽ ഇന്ത്യയുടെ സ്ഥാനം 131

ന്യൂഡൽഹി: ലോകസാമ്പത്തിക ഫോറം തയാറാക്കിയ ഈ വർഷത്തെ ആഗോള ലിംഗ അന്തര സൂചികയിൽ ഇന്ത്യയുടെ സ്ഥാനം 131- ാമത്. കഴിഞ്ഞ വർഷത്തെതിൽ നിന്ന് രണ്ടു സ്ഥാനം താഴെ. തുല്യതാ സ്കോറിൽ 100-ൽ 64 മാത്രം സ്കോർ ചെയ്ത ഇന്ത്യ ദക്ഷിണേഷ്യയിൽത്തന്നെ ഏറ്റവും മോശം സ്കോർ ചെയ്ത രാജ്യങ്ങളിലൊന്നാണെന്ന് റിപ്പോർട്ടിൽ വ്യക്തമാകുന്നു. 148 രാജ്യങ്ങളുടെ സമ്പദ്ഘടനയെ ആസ്പദമാക്കിയുള്ള സൂചികയിൽ ഐസ്‌ലൻഡ് ഒന്നാംസ്ഥാനം നിലനിർത്തിയപ്പോൾ പാകിസ്ഥാനാണ് ഏറ്റവും പിന്നിൽ.

സാമ്പത്തിക പങ്കാളിത്തം, വിദ്യാഭ്യാസനേട്ടം, ആരോഗ്യവും അതിജീവനവും, രാഷ്ട്രീയ ശക്തീകരണം എന്നീ നാല് പ്രധാന ഉപസൂചികകൾ പ്രകാരമാണ് ആഗോള ലിംഗ അന്തര സൂചിക തയാറാക്കിയിട്ടുള്ളത്. 100 എന്നുള്ള സ്കോർ പൂർണ ലിംഗ സമത്വം കൈവരിച്ചുവെന്നു കണക്കിലാക്കുമ്പോൾ ഇന്ത്യക്ക് 64.4 സ്കോർ മാത്രമേ നേടാൻ കഴിഞ്ഞുള്ളൂ. സ്ഥാനത്തിൽ താഴെ പതിച്ചുവെങ്കിലും കഴിഞ്ഞ വർഷത്തേതിനേക്കാൾ ഇന്ത്യ ഈ വർഷം 0.3 സ്കോർ അധികം നേടിയിട്ടുണ്ട്. സാമ്പത്തിക പങ്കാളിത്തത്തിലും അവസരത്തിലും വിദ്യാഭ്യാസ നേട്ടത്തിലും കഴിഞ്ഞ വർഷത്തേക്കാൾ ഇന്ത്യയിൽ ലിംഗ അസമത്വം കുറഞ്ഞിട്ടുണ്ടെന്ന് റിപ്പോർട്ടിൽ പറയുന്നു.

സാക്ഷരതയിലെയും ഉന്നത വിദ്യാഭ്യാസത്തിലുമുള്ള സ്ത്രീകളുടെ ഉയർന്ന പങ്കാളിത്തമാണ് വിദ്യാഭ്യാസ നേട്ടത്തിൽ ഇന്ത്യക്ക് കഴിഞ്ഞ വർഷത്തേക്കാൾ മികച്ച സ്കോർ നേടാൻ കഴിഞ്ഞതിന്റെ കാരണം.

2025-ൽ പാർലമെന്റിലെയും മന്ത്രിസഭകളിലെയും സ്ത്രീ പങ്കാളിത്തത്തിൽ കുറവ് വന്നതിനാൽ രാഷ്ട്രീയ ശക്തീകരണത്തിന്റെ തുല്യതാ സ്കോറിലും ഇന്ത്യക്ക് ഈ വർഷം കുറവു വന്നിട്ടുണ്ട്. ദക്ഷിണേഷ്യൻ രാജ്യങ്ങളിൽ ഏറ്റവും മികച്ച പ്രകടനം കാഴ്ചവെച്ചിട്ടുള്ളത് 24-ാം സ്ഥാനം കരസ്ഥമാക്കിയ ബംഗ്ലാദേശാണ്. കഴിഞ്ഞ വർഷത്തേതിൽനിന്ന് 75 സ്ഥാനങ്ങൾ മെച്ചപ്പെടുത്തിയാണ് ബംഗ്ലാദേശ് 24-ാം സ്ഥാനത്തെത്തിയത്.

## സ്വപ്നങ്ങൾ ബാക്കിയാക്കി രഞ്ജിതയുടെ മടക്കം

പുല്ലാട്: അഹമ്മദാബാദിൽ വിമാന ദുരന്തത്തിൽ മരിച്ചവരിൽ മലയാളിയും. പത്തനംതിട്ട പുല്ലാട് കുറുങ്ങഴക്കാവ് കൊഞ്ഞോൺ കുടുംബാംഗവും ലണ്ടനിൽ നേഴ്സുമായ രഞ്ജിത ജി. നായരാണ് (38) അപകടത്തിൽ മരിച്ചത്.

നാട്ടിൽ വന്ന് ലണ്ടനിലേക്ക് തിരികെ മടങ്ങുകയായിരുന്നു രഞ്ജിത. ജൂൺ 11-ന് വൈകുന്നേരം നെടുമ്പാശേരിയിലെത്തി അവിടെനിന്ന് ചെന്നൈ വഴിയാണ് രഞ്ജിത അഹമ്മദാബാദിലെത്തിയത്. രണ്ട് മക്കളുണ്ട്. മൂത്ത മകൻ ഇന്ദുചൂഡൻ പുല്ലാട് എസ്‌വി ഹൈസ്കൂളിൽ പത്താം ക്ലാസിലും മകൾ ഇന്ദിത ഇരവിപേരൂർ ഒഇഎം സ്കൂളിൽ ഏഴാം ക്ലാസിലും പഠിക്കുന്നു.

ആഗ്രഹങ്ങളൊക്കെയും പാതിവഴിയിൽ ബാക്കിവെച്ചാണു രഞ്ജിതയുടെ വേർപാട്. ഈ മാസം പാലുകാച്ചൽ നടത്തി ഓണത്തിനു താമസം തുടങ്ങേണ്ടിയിരുന്ന പുതിയ വീട്ടിലേക്കെത്തുക രഞ്ജിതയുടെ ചേതനയറ്റ ശരീരമാകും. വൈകിട്ടോടെ മരണം സ്ഥിരീകരിച്ചെങ്കിലും ആ വിവരം മക്കളായ ഇന്ദുചൂഡനെയും ഇതികയെയും അറിയിച്ചിരുന്നില്ല. അമ്മ കയറിയ വിമാനം അപകടത്തിൽപ്പെട്ടതറിഞ്ഞ് അലറിക്കരഞ്ഞ മക്കളെ ആശ്വസിപ്പിക്കാൻ വാക്കുകളില്ലാതെ ഉരുകുകയായിരുന്നു ആ വീട്ടിലേക്ക് എത്തിയവർ.

അഞ്ച് വർഷം മുൻപ് മസ്കത്തിലേക്ക് പോയ രഞ്ജിത അധികം വൈകാതെ മക്കളെയും ഒപ്പം കൂട്ടിയിരുന്നു. ഒരു വർഷം മുൻപാണ് കുടുംബവീടിനു സമീപം പുതിയ വീടിനു തറക്കല്ലിടുന്നത്.



അതിനിടെ യുകെയിൽ ജോലി കിട്ടിയപ്പോൾ മക്കളുമായി നാട്ടിലെത്തി. ഇവരെ അമ്മ തുളസിക്കുട്ടിക്കൊപ്പം നിർത്തി മടങ്ങി. വീടുപണി തീർത്ത് എത്രയും വേഗം അമ്മയ്ക്കും മക്കൾക്കുമൊപ്പം നിൽക്കാൻ നാളുകളെണ്ണി കാത്തിരിക്കുകയായിരുന്നു രഞ്ജിത.

ഒമാനിൽനിന്നു ലണ്ടനിലേക്കു രഞ്ജിത ജോലി മാറിയപ്പോൾ സഹപ്രവർത്തകർ നൽകിയ മെമന്റോയിലെ വരികൾ ആരുടെയും കണ്ണുകളെ ഈറനണിയിക്കും. സഹപ്രവർത്തകർക്കും ഏറെ പ്രിയപ്പെട്ടവളായിരുന്നു രഞ്ജിതയെന്നതിനു സാക്ഷ്യമായി ഈ ഫലകം വാടകവീട്ടിൽ ഇപ്പോഴുമുണ്ട്.



## നിയമസഭാ തെരഞ്ഞെടുപ്പ്: കേരളത്തിൽ ബൂത്തുകളുടെ എണ്ണം വർധിപ്പിക്കും

തിരുവനന്തപുരം: അടുത്ത നിയമസഭാ തെരഞ്ഞെടുപ്പിൽ കേരളത്തിൽ 6500 പുതിയ പോളിങ് ബൂത്തുകൾ ഉണ്ടാകാനാണു സാധ്യതയെന്നും അതിന്റെ പരിശോധന നടക്കുകയാണെന്നും മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ യു. ഖേൽക്കർ പറഞ്ഞു. ഓരോ ബൂത്തിലും പരമാവധി വോട്ടർമാരുടെ എണ്ണം 1500-ൽനിന്ന് 1200 ആയി കുറയ്ക്കുന്നതിന്റെ ഭാഗമായാണു നടപടി.

നിലമ്പൂർ ഉപതെരഞ്ഞെടുപ്പ് ദിനത്തിൽ പോളിങ് സ്റ്റേഷന്റെ പ്രവേശന കവാടത്തിൽനിന്നു 100 മീറ്റർ അകലെ മുതൽ രാഷ്ട്രീയപാർട്ടികൾക്കു ബൂത്തുകൾ ക്രമീകരിക്കാം. ഇത്തരം ബൂത്തുകളുടെ ദൂരപരിധി നേരത്തേ 200 മീറ്ററായിരുന്നു. ഇന്ത്യയാകെ നടപ്പാക്കുന്ന പരിഷ്കരണത്തിന്റ ഭാഗമായാണിത്. വോട്ടർമാരുടെ മൊബൈൽ ഫോൺ സൂക്ഷിക്കാൻ ടോക്കൺ വാങ്ങി പ്രത്യേക സൗകര്യം ഒരുക്കുന്നതിന് ദേശീയതലത്തിൽ ആരംഭിക്കുന്ന സൗകര്യവും നിലമ്പൂരിൽ ഒരുക്കും.

ഇലക്ട്രോണിക് വോട്ടിങ് യന്ത്രങ്ങളെക്കുറിച്ചു സംശയങ്ങൾ തീർക്കാനും തെരഞ്ഞെടുപ്പുദിനത്തിലെ പോളിങ് നടപടികളുടെ ഒരുക്കങ്ങൾ ഉൾപ്പെടെ പൂർണമായി മനസ്സിലാക്കാനും മാധ്യമപ്രവർത്തകർക്കു മാത്രമായി കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ പ്രത്യേക പരിശീലന പരിപാടി സംഘടിപ്പിക്കും. എല്ലാ സംസ്ഥാനങ്ങളിൽനിന്നും കേന്ദ്രഭരണ പ്രദേശങ്ങളിൽ നിന്നുമായി അഞ്ഞൂറോളം മാധ്യമപ്രവർത്തകരെ പങ്കെടുപ്പിച്ച് ജൂലൈ ഏഴിന് ഡൽഹിയിലാണു പരിപാടി.ക്ലാസുകളും പ്രായോഗിക പരിശീലനം ഉൾപ്പെടുന്ന തരത്തിലാണു പരിശീലനം ക്രമീകരിച്ചിരിക്കുന്നതെന്ന് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ മീഡിയ വിഭാഗം ഡെപ്യൂട്ടി ഡയറക്ടർ പി. പവൻ പറഞ്ഞു.

വിവിപാറ്റ് യന്ത്രങ്ങളുടെ പ്രവർത്തനം വോട്ടെണ്ണൽ എന്നിവയിൽ മാധ്യമപ്രവർത്തകരെ പങ്കെടുപ്പിക്കുന്ന തരത്തിലാണു പരിശീലന പരിപാടി ക്രമീകരിച്ചിരിക്കുന്നത്.

# കേന്ദ്ര വന്യജീവി സംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്തുന്നു

തിരുവനന്തപുരം: വനാതിർത്തിയിൽ നിന്നു ജനവാസ മേഖലയിൽ ഇറങ്ങുന്ന വന്യമൃഗങ്ങളെ കൊല്ലുകയോ മയക്കുവെടിവെച്ചു പിടികൂടുകയോ ചെയ്യണമെന്ന വ്യവസ്ഥ ഉൾപ്പെടുത്തി 1972-ലെ കേന്ദ്ര വന്യജീവി (സംരക്ഷണം) നിയമത്തിൽ ഭേദഗതി വരുത്താൻ കേരള സർക്കാർ ആലോചിക്കുന്നു. വന്യജീവികളെ കൊല്ലാൻ അനുവദിക്കണമെന്ന കേരളത്തിന്റെ ആവശ്യം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം തള്ളിയ സാഹചര്യത്തിലാണ് നിയമഭേദഗതിയിലൂടെ വനംവകുപ്പിന്റെ പുതിയ നീക്കം.

ഇതു സംബന്ധിച്ച് അഡ്വക്കറ്റ് ജനറലിന്റെ നിയമോപദേശം അടുത്തയാഴ്ച വനംവകുപ്പിന് ലഭിച്ചേക്കും. ഭേദഗതി വരുത്തുന്നതിനായി കരടു ബില്ലും അഡ്വക്കറ്റ് ജനറലിനു കൈമാറിയിരുന്നു. അതു ലഭിച്ചാൽ മന്ത്രിസഭയുടെ അനുമതിക്കു സമർപ്പിക്കും. അടുത്ത നിയമസഭാ സമ്മേളനത്തിൽ ഭേദഗതി ബിൽ അവതരിപ്പിക്കാനാണു ധാരണ. വനം ഭരണഘടനയുടെ സമവർത്തി പട്ടികയിൽ (കൺകറന്റ് ലിസ്റ്റ്) ഉൾപ്പെടുന്ന വിഷയമായതിനാൽ കേന്ദ്ര നിയമത്തിൽ സംസ്ഥാനത്തിന് ഭേദഗതികൾ വരുത്താമെന്ന പ്രതീക്ഷയിലാണിത്. കേന്ദ്ര നിയമത്തിൽ ഭേദഗതി വരുത്തുന്നതിനാൽ രാഷ്ട്രപതിയുടെ അനുമതി ലഭിക്കണം.

കരടു ഭേദഗതി ബില്ലിലെ വ്യവസ്ഥകൾ: മനുഷ്യജീവന് അപകടകരമായ വന്യജീവി എന്നു കേന്ദ്ര നിയമത്തിലെ പരാമർശത്തിൽ വ്യക്തത വരുത്തും. അപകടകരമായ വന്യജീവികൾ ഏതൊക്കെയാണെന്നു നിർവചിക്കും. വനത്തിനും സംരക്ഷിത പ്രദേശങ്ങൾക്കും പുറത്തു വന്ന് ആരെയെങ്കിലും ആക്രമിക്കുകയോ കൊല്ലുകയോ ചെയ്യുന്ന വന്യജീവികളാണു മനുഷ്യജീവന് അപകടകരമായ വന്യജീവി എന്നാക്കും. ജനവാസ മേഖലയിൽ ഇറങ്ങുന്ന വന്യജീവികളെ കൊല്ലുകയോ മയക്കു വെടിവെച്ചു പിടികൂടുകയോ ചെയ്യണം.

ജനങ്ങൾ തടിച്ചുകൂടുന്ന പൊതുസ്ഥലങ്ങളിൽ പ്രവേശിക്കുകയോ ദേഹോപദ്രവം ഏൽപിക്കുകയോ ചെയ്യുന്ന വന്യമൃഗങ്ങളെല്ലാം അപകടകാരികൾ എന്നതിൽ ഉൾപ്പെടുത്തും.

## ഉരുൾ ദുരന്തം: കേന്ദ്രത്തിനെതിരെ ഹൈക്കോടതി

കൊച്ചി: 'അധികാരമുണ്ട്; അതു പ്രയോഗിക്കാനുള്ള ധൈര്യം കാട്ടണം'- വയനാട് മുണ്ടക്കൈ-ചൂരൽമല ഉരുൾ ദുരന്തബാധിതരുടെ വായ്പ എഴുതിത്തള്ളുന്നതിൽ നിലപാട് അറിയിക്കാത്ത കേന്ദ്ര സർക്കാരിനോട് ഹൈക്കോടതി തുറന്നടിച്ചു. ദുരന്തബാധിതരുടെ വായ്പകൾ എഴുതിത്തള്ളാൻ ദേശീയ ദുരന്തനിവാരണ അതോറിറ്റിക്ക് അധികാരം നൽകുന്ന 13-ാം വകുപ്പ് ദുരന്തനിവാരണ നിയമത്തിൽനിന്ന് ഒഴിവാക്കിയതായി കേന്ദ്ര സർക്കാർ ഹൈക്കോടതിയിൽ അറിയിച്ചിരുന്നു. എങ്കിലും ഇക്കാര്യത്തിൽ ബാങ്കുകൾക്കു നിർദേശം നൽകാൻ ഭരണഘടനയുടെ 73-ാം അനുച്ഛേദമനുസരിച്ച് കേന്ദ്ര സർക്കാരിന് അധികാരമുണ്ടെന്നു ജസ്റ്റിസുമാരായ ഡോ. എ.കെ. ജയശങ്കരൻ നമ്പ്യാർ, ജസ്റ്റിസ് പി.എം. മനോജ് എന്നിവരുൾപ്പെട്ട ഡിവിഷൻ ബെഞ്ച് ചൂണ്ടിക്കാട്ടി. നയപരമായ തീരുമാനമാണു വേണ്ടതെങ്കിൽ സർക്കാർ അതെടുക്കണം. അങ്ങനെ തീരുമാനമെടുക്കുന്നില്ലെങ്കിൽ അത് അറിയിക്കുകയും വേണം. അഡീഷണൽ സോളിസിറ്റർ ജനറൽ എ.ആർ.എൽ. സുന്ദരേശൻ അഭ്യർത്ഥിച്ചതനുസരിച്ച് കേന്ദ്രനിലപാട് അറിയിക്കുന്നതിനു കോടതി മൂന്നാഴ്ച സമയം അനുവദിച്ചു.

വായ്പ എഴുതിത്തള്ളുന്നതിനു ദുരന്തനിവാരണ നിയമത്തിലെ 13-ാം വകുപ്പുപ്രകാരം നടപടിയെടുക്കുന്നതിൽ വിശദീകരണം നൽകാൻ ഏപ്രിൽ പത്തിന് ഹൈക്കോടതി ഉത്തരവിട്ടിരുന്നു. ഈ വകുപ്പ് 2025-ലെ ദുരന്തനിവാരണ (ഭേദഗതി) നിയമത്തിൽ ഒഴിവാക്കിയിട്ടുണ്ടെന്നു ദേശീയ ദുരന്തനിവാരണ അതോറിറ്റി അണ്ടർ സെക്രട്ടറി ചന്ദൻ സിങ് നൽകിയ സത്യവാങ്മൂലത്തിൽ വ്യക്തമാക്കി. തുടർന്നാണ്, ഇക്കാര്യം പരിഗണിക്കാൻ ദുരന്തനിവാരണ അതോറിറ്റിക്കു മാത്രമല്ല, കേന്ദ്ര സർക്കാരിനും നിർദേശം നൽകിയിരുന്നതായി ഡിവിഷൻ ബെഞ്ച് ഓർമിപ്പിച്ചത്. ഡൽഹിയിലെ അണ്ടർ സെക്രട്ടറിയിൽനിന്നുള്ള വിശദീകരണമല്ല വേണ്ടതെന്നും പറഞ്ഞു.

# നിലമ്പൂരിൽ പ്രചാരണവുമായി ആശാവർക്കർമാർ

നിലമ്പൂർ: അപമാനിച്ചവർക്ക് വോട്ടില്ല എന്ന മുദ്രാവാക്യവുമായി ആശാവർക്കർമാർ നിലമ്പൂരിൽ തെരഞ്ഞെടുപ്പ് പ്രചാരണം തുടങ്ങി. മാസങ്ങളായി സമരം ചെയ്യുന്ന ആശാവർക്കർമാരുടെ ആവശ്യങ്ങൾ അംഗീകരിക്കാൻ സർക്കാർ തയ്യാറാകാത്തത് ചൂണ്ടിക്കാട്ടി പരമാവധി വീടുകൾ കയറിയിറങ്ങി പ്രചാരണം നടത്തുമെന്ന് ആശാ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷൻ വൈസ് പ്രസിഡണ്ട് എസ്. മിനി പറഞ്ഞു.

മണ്ഡലത്തിൽ നിന്നുള്ള ആശമാർ നിലമ്പൂരിന്റെ വിവിധ ഭാഗങ്ങളിൽ പ്രചാരണം നടത്തി. ആശാ വർക്കർമാർക്കെതിരെ ജനാധിപത്യവിരുദ്ധ, സ്ത്രീവിരുദ്ധ, തൊഴിലാളിവിരുദ്ധ നിലപാട് കൈക്കൊള്ളുന്ന സർക്കാരിനെതിരായ വിധിയെഴുത്തായി ഉപതെരഞ്ഞെടുപ്പ് ഫലം മാറണമെന്ന ആഗ്രഹമാണുള്ളത്. 124 ദിവസമായി സെക്രട്ടേറിയറ്റിനു മുന്നിൽ ആശമാർ സമരം നടത്തിവരികയാണ്. ഹൃദയമുള്ള എല്ലാവരും തങ്ങളുടെ കൂടെ നിൽക്കുമെന്നും മിനി പറഞ്ഞു.

മുഖ്യമന്ത്രി, മന്ത്രിമാർ, എൽഡിഎഫ് സ്ഥാനാർത്ഥി എം. സ്വരാജ് എന്നിവരടക്കമുള്ളവർ സമരത്തെ പരസ്യമായി തള്ളിപ്പറഞ്ഞത് ജനങ്ങൾക്കു മുന്നിൽ അവതരിപ്പിക്കുമെന്നും അവർ പറഞ്ഞു. ഏതെങ്കിലും സ്ഥാനാർത്ഥിക്ക് വോട്ട് ചെയ്യണമെന്ന് അഭ്യർത്ഥിക്കില്ല. ആശാപ്രവർത്തകർ നേരിടുന്ന അനീതി ചൂണ്ടിക്കാട്ടുകയാണ് ലക്ഷ്യം. സമരം കണ്ടില്ലെന്നു നടിക്കുന്ന സർക്കാരിനു വോട്ടില്ല എന്ന നിലപാടുറപ്പിക്കാനാണ് പ്രചാരണത്തിനെത്തിയതെന്നും മിനി പറഞ്ഞു.



കേരള ആശാ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ പ്രവർത്തകർ നിലമ്പൂരിൽ പ്രചാരണത്തിനെത്തിയപ്പോൾ.




FAMILY DENTAL

GENERAL DENTISTRY
COSMETIC DENTISTRY
IMPLANT, GUM SURGERY
ORTHODONTIC TREATMENT
WISDOM TOOTH EXTRACTIONS

552 S WASHINGTON ST., SUITE # 101,
NAPERVILLE, ILLINOIS 60540
PHONE: 630 999 1976

Children Welcome
Invisalign & Braces

9709 N. MILWAUKEE AVE.
GLENVIEW, ILLINOIS 60025
PHONE: 847 581 1418
(NORTHWEST CORNER OF MILWAUKEE & GREENWOOD)

DR. SUSAN EDUKUTHARAYIL BDS, DDS
DR. SUSMITHA EDUKUTHARAYIL DMD

Appointment, Visit: MyDentistToday.com MONDAY - SATURDAY

ACHIEVE REAL ESTATE GROUP, INC.

For All Your Real Estate Needs
Please Call ...

THOMAS KURUVILLA
KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056



FULL TIME REALTOR

# ഐപിസി സൗത്ത് ഈസ്റ്റ് റീജിയൻ സിൽവർ ജൂബിലി കൺവൻഷൻ ഒരുക്കങ്ങൾ പൂർത്തിയായി

**നിബു വെള്ളവന്താനം**

ഫ്ളോറിഡ: ഐപിസി നോർത്ത് അമേരിക്കൻ സൗത്ത് ഈസ്റ്റ് റീജിയൻ രജതജൂബിലി കൺവൻഷൻ ജൂലൈ മൂന്നു മുതൽ ആറു വരെ ഒർലാന്റോ ഇന്ത്യ പെന്തെക്കോസ്ത് ദൈവസഭയിൽ (IPC Orlando Church, 11531 Winter Garden Vineland Road, Orlando, FL. 32836) നടത്തപ്പെടും.

3-ന് വ്യാഴാഴ്ച്ച വൈകിട്ട് 6.30-ന് ആരംഭിക്കുന്ന പ്രഥമ യോഗത്തിൽ പാസ്റ്റർ ഡോ. ജോയി ഏബ്രഹാം അദ്ധ്യക്ഷത വഹിക്കും.

റീജിയൻ പ്രസിഡണ്ട് പാസ്റ്റർ കെ. സി. ജോൺ കൺവൻഷൻ ഉദ്ഘാടനം ചെയ്യും. ഡോ. തോംസൺ കെ. മാത്യു പ്രാരംഭദിനത്തിൽ മുഖ്യപ്രഭാഷണം നടത്തും.

ഇവാഞ്ചലിസ്റ്റ് കെ.ബി. ഇമ്മാനുവേലിന്റെ നേതൃത്വത്തിലുള്ള റീജിയൻ ക്വയർ ആത്മീയ ഗാനശുശ്രൂഷകൾക്ക് എല്ലാ ദിവസവും നേതൃത്വം വഹിക്കും.

4-ന് വെള്ളിയാഴ്ച രാവിലെ 10.30 -ന് ആരംഭിക്കുന്ന സഹോദരി സമ്മേളനത്തിൽ ലേഡീസ് മിനിസ്ട്രീസ് പ്രസിഡണ്ട് സിസ്റ്റർ ബീനാ മത്തായിയും ശനിയാഴ്ച ഉച്ചകഴിഞ്ഞ് രണ്ടു മണിക്കു നടത്തപ്പെടുന്ന യുവജന സമ്മേളനത്തിൽ പി.വൈ.പി.എ പ്രസിഡണ്ട് പാസ്റ്റർ സിബി ഏബ്രഹാമും അദ്ധ്യക്ഷത വഹിക്കും.

വെള്ളിയാഴ്ച വൈകിട്ട് 6 മുതൽ 6.30 വരെ ഗാനസന്ധ്യ ഉണ്ടായിരിക്കും. തുടർന്ന് പാസ്റ്റർ ഏബ്രഹാം തോമസ് അദ്ധ്യക്ഷത വഹിക്കുന്ന പൊതുയോഗത്തിൽ അനുഗൃഹീത കൺവൻഷൻ പ്രഭാഷകൻ റവ. ഡേവിഡ് സ്റ്റുവേഡ് ജൂണിയർ മുഖ്യപ്രഭാഷണം നടത്തും.

5-ന് ശനിയാഴ്ച രാവിലെ 10-ന് രജതജൂബിലി സമ്മേളനം നടത്തപ്പെടും. ഐപിസി രാജ്യാന്തര പ്രസിഡണ്ട് റവ. ഡോ. വത്സൻ ഏബ്രഹാം മുഖ്യാതിഥിയായി പങ്കെടുക്കും. സുവനീർ പ്രകാശനവും അവാർഡ് ദാനവും ജീവകാരുണ്യ പദ്ധതിയുടെ ഉദ്ഘാടനവും ജൂബിലിയോടനുബന്ധിച്ച് നടത്തപ്പെടും. ശുശ്രൂഷകന്മാർ, കൗൺസിൽ അംഗങ്ങൾ, സ്റ്റേറ്റ് പ്രതിനിധികൾ തുടങ്ങിയവർ ആശംസകൾ അറിയിക്കും.

ശനിയാഴ്ച വൈകിട്ട് നടത്തപ്പെടുന്ന പൊതുയോഗത്തിൽ പാസ്റ്റർ കെ.ജെ. കുര്യാക്കോസ് അദ്ധ്യക്ഷത വഹിക്കും. റവ.ഡേവിഡ് സ്റ്റുവേഡ് ജൂണിയർ പ്രസംഗിക്കും. ഞായറാഴ്ച രാവിലെ 9 മുതൽ 12 വരെ നടത്തപ്പെടുന്ന സംയുക്ത സഭാ ആരാധനയ്ക്ക് പാസ്റ്റർ ജേക്കബ് മാത്യു നേതൃത്വം വഹിക്കും.

ഭക്തിനിർഭരമായ തിരുവത്താഴ ശുശ്രൂഷയും ഉണ്ടായിരിക്കും. ഞായറാഴ്ച രാവിലെ 9 മുതൽ 11 വരെ നടത്തപ്പെടുന്ന യുവജനങ്ങൾക്കായുള്ള ഇംഗ്ലീഷ് ആരാധനയ്ക്കും പ്രെയ്സ് ആൻഡ് വർഷിപ്പിനും പാസ്റ്റർ ഫിനോയി ജോൺസൺ നേതൃത്വം നല്കും. പാസ്റ്റർ കെ.സി. ജോൺ പ്രസിഡണ്ട്, പാസ്റ്റർ എ.സി. ഉമ്മൻ വൈസ് പ്രസിഡണ്ട്, പാസ്റ്റർ റോയ് വാകത്താനം സെക്രട്ടറി, ബ്രദർ നിബു വെള്ളവന്താനം ജോ. സെക്രട്ടറി, ബ്രദർ ഏബ്രഹാം തോമസ് ട്രഷറർ, പാസ്റ്റർ ജോയി ഏബ്രഹാം, ജിം ജോൺ (കൗൺസിൽ അംഗങ്ങൾ), രാജു പൊന്നോലിൽ (പബ്ലിസിറ്റി കോ-ഓർഡിനേറ്റർ) എന്നിവരാണ് സൗത്ത് ഈസ്റ്റ് റീജിയൻ ഭാരവാഹികൾ.




# LIFETIME ACHIEVEMENT AWARD FROM INAI FOR CHINNAMMA NJARAVELIL PHILIP

Chinnamma Njaravelil Philip received the Lifetime Achievement Award from INAI during the Nurses' Week Celebration. Chinnamma is a dedicated and compassionate Registered Nurse who immigrated to the United States in 1975, marking an extraordinary 50-year journey of service, leadership, and inspiration in the field of nursing. With over 35 years of hands-on clinical experience working as a Registered Nurse, she has made significant contributions across a wide range of specialties, including the Open Heart Unit, Neuro ICU, Coronary Care Unit (CCU), Step-Down Unit, and the Oncology Clinic.

She has been a steadfast supporter and leader within the Indian Nurses Association of Illinois (INAI), where she served as Membership Chair during the organization's formative years for an impressive five terms. Additionally, she contributed her skills as the Joint Treasurer for two terms and played a pivotal role as the Registration Chair at the inaugural




NAINA Conference held in Illinois. She enjoys being actively involved in many of INAI's events including seminars, picnics and being in charge of fun raffles during many of the holiday celebrations. When she was the KCS Women's Forum Coordinator and as a Nurse, she was able to organize health seminars, free flu shots & free mobile Mammograms for uninsured women sponsored thru John Stroger Hospital.

Chinnamma is also a proud wife, mother, and grandmother. She and her loving husband are blessed with three accomplished children along with their spouses in the healthcare & IT field. She has five beloved grandchildren who bring her so much joy in her life. In addition to her professional and family commitments, Chinnamma is actively involved in her church. She continues to live a vibrant life filled with travel, spiritual service, and cheering on her grand children in their many activities.

Chinnamma Njaravelil Philip's lifelong dedication to nursing, leadership in community organizations, and personal legacy makes her a truly deserving recipient of this Lifetime Achievement Award.

# 2025–ലെ ഫൊക്കാന സാഹിത്യ പുരസ്കാരങ്ങൾക്ക് രചനകൾ ക്ഷണിക്കുന്നു

**ശ്രീകുമാർ ഉണ്ണിത്താൻ**

ന്യൂയോർക്ക്: 2025-ലെ ഫൊക്കാന സാഹിത്യ പുരസ്കാരങ്ങൾക്ക് പരിഗണിക്കുന്നതിനായി 2023 ജൂലൈ ഒന്നിനും 2025 ജൂൺ 30-നുമിടയ്ക്ക് ആദ്യ പതിപ്പായി പ്രസിദ്ധീകരിച്ച മൗലിക കൃതികൾ ക്ഷണിക്കുന്നു.

നോവൽ, കഥ, കവിത, ഓർമ്മക്കുറിപ്പുകൾ എന്നീ വിഭാഗങ്ങളിലെ മികച്ച കൃതികൾക്കാണ് ഈ വർഷത്തെ ഫൊക്കാന സാഹിത്യ പുരസ്കാരം. 10001 രൂപയും ഫലകവും പ്രശസ്തിപത്രവും ഉൾപ്പെടുന്നതാണ് അവാർഡ്. ഓഗസ്റ്റ് രണ്ടിന് കുമരകത്ത് നടക്കുന്ന ഫൊക്കാന കേരള സാഹിത്യ സമ്മേളനത്തിൽ അവാർഡുകൾ വിതരണം ചെയ്യും.

പുസ്തകത്തിന്റെ മൂന്നു കോപ്പികൾ 2025 ജൂലൈ അഞ്ചിനു മുൻപ് താഴെപ്പറയുന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണെന്ന് ഫൊക്കാന പ്രസിഡണ്ട് സജിമോൻ ആന്റണി അറിയിച്ചു.

കെ.വി. മോഹൻകുമാർ ഐഎഎസ് (റിട്ടയേർഡ്), ഫൊക്കാന കേരള സാഹിത്യ സമ്മേളനത്തിന്റെ ചെയർമാൻ ആയി നാലംഗ കമ്മിറ്റിയായിരിക്കും പാനലിൽ ഉള്ളത്. ചെയർമാൻ, ഫൊക്കാന സാഹിത്യ പുരസ്കാര സമിതി, സോപാനം, നവമി ഗാർഡൻസ്, തിരുവനന്തപുരം-695017, ഫോൺ: +91 6282622095.



# സെ. മേരീസ് ക്നാനായ കത്തോലിക്കാ ഇടവക പ്രധാന തിരുനാളിനുള്ള ഒരുക്കങ്ങൾ പുരോഗമിക്കുന്നു



ചിക്കാഗോ: പതിനഞ്ചാം വാർഷികം ആഘോഷിക്കുന്ന ചിക്കാഗോ സെ. മേരീസ് ക്നാനായ കത്തോലിക്കാ ഇടവക പ്രധാന തിരുനാളിനുള്ള ഒരുക്കങ്ങൾ പുരോഗമിക്കുന്നു. പതിനഞ്ചാം വാർഷികാഘോഷ കമ്മിറ്റിയും തിരുനാൾ ഏറ്റെടുത്തു നടത്തുന്ന മെൻ മിനിസ്ട്രി ഭാരവാഹികളും കൂടാരയോഗം ഭാരവാഹികളും സംയുക്തമായി ചേർന്ന് ഒരുക്കങ്ങൾ വിലയിരുത്തി.

**അനിൽ മറ്റത്തിക്കുന്നേൽ**

ജൂൺ-ജൂലൈ മാസങ്ങളിലായി നടത്തപ്പെടുന്ന പതിനഞ്ചാം വാർഷികാഘോഷങ്ങളുടെ ഭാഗമായ പരിപാടികളുടെ ഒരുക്കങ്ങളും ഓഗസ്റ്റ് മൂന്നാം തീയതി മുതൽ പതിനൊന്നാം തീയതി വരെ നടത്തപ്പെടുന്ന തിരുനാളിന്റെ ഭാഗമായ ഒരുക്കങ്ങളും സംയുക്ത കമ്മിറ്റി വിലയിരുത്തി.

ജൂൺ 14-ന് നടത്തപ്പെടുന്ന യൂത്ത് മിനിസ്ട്രിയുടെ പരിപാടി, പതിനഞ്ചാം തീയതി നടത്തപ്പെടുന്ന ഫാദേഴ്സ് ഡേ ആഘോഷങ്ങൾ, ജൂൺ 30-ന് കോട്ടയം അതിരൂപതാ സഹായമെത്രാൻ ഗീവർഗീസ് മാർ അപ്രേം പിതാവ് മലങ്കര റീത്തിൽ അർപ്പിക്കുന്ന കുർബാനയുടെയും തുടർന്ന് നടത്തപ്പെടുന്ന 70 വയസ്സിനു മുകളിലുള്ളവരുടെ ഒത്തുചേരൽ അടക്കമുള്ള പരിപാടികളുടെ തയ്യാറെടുപ്പുകൾ കമ്മിറ്റി വിലയിരുത്തി.

വിവിധ പരിപാടികളുടെ വിജയകരമായ നടത്തിപ്പിനായി കൂടാരയോഗങ്ങൾ കേന്ദ്രീകരിച്ച് പരിപാടികൾ തയ്യാറാക്കുവാനും അവ മികച്ച രീതിയിൽ നടത്തുവാൻ വേണ്ട പിന്തുണ ലഭ്യമാക്കുവാനും യോഗം തീരുമാനിച്ചു.

വികാരി ഫാ. സിജു മുടക്കോടിൽ അദ്ധ്യക്ഷത വഹിച്ചു.

അസി. വികാരി ഫാ. അനീഷ് മാവേലി പുത്തൻപുര, സെക്രട്ടറി സിസ്റ്റർ ഷാലോം, കൈക്കാരന്മാരായ സാബു കട്ടപ്പുറം, ബിനു പൂത്തുറയിൽ, ലൂക്കോസ് പൂഴിക്കുന്നേൽ, ജോർജ് മറ്റത്തിപ്പറമ്പിൽ, യൂത്ത് കൈക്കാരൻ നിബിൻ വെട്ടിക്കാട്ട്, പാരിഷ് കൗൺസിൽ സെക്രട്ടറി സണ്ണി മേലേടം, പിആർഒ അനിൽ മറ്റത്തിക്കുന്നേൽ, മുൻ മിനിസ്ട്രി കൺവീനർമാർ പോൾസൺ കുളങ്ങര, ജോണിക്കുട്ടി പിള്ളവീട്ടിൽ, സിബി കൈതക്കത്തൊട്ടിയിൽ, പതിനഞ്ചാം വാർഷിക കമ്മിറ്റിയിലെ അംഗങ്ങൾ, കൂടാരയോഗം ആൻഡ് മിനിസ്ട്രി കോ-ഓർഡിനേറ്റേഴ്സ് എന്നിവർ യോഗത്തിൽ പങ്കെടുത്തു.

# പ്രായം മറന്ന് ഉല്ലാസ വിരുന്നൊരുക്കി ജോയ് മിനിസ്ട്രി പിക്നിക്

ചിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഫൊറോനാ ദൈവാലയ മൈതാനത്ത് ജോയ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ പിക്നിക് സംഘടിപ്പിച്ചു.

ഈ പിക്നിക്കിൽ പങ്കെടുത്ത ഏവർക്കും അത് അവരുടെ ഓരോരുത്തരുടെയും പ്രായം മറന്ന് ഒരു ഉല്ലാസവിരുന്നായി അനുഭവേദ്യമായി മാറി.

രാവിലെ വിശുദ്ധ കുർബാനയ്ക്കു ശേഷം ആരംഭിച്ച പിക്നിക്കിൽ എല്ലാ ജോയ് മിനിസ്ട്രി അംഗങ്ങളുടെയും പങ്കാളിത്തത്തോടെ ഭക്ഷണം ക്രമീകരിക്കുകയും രസകരങ്ങളായ വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു.

ഈ പിക്നിക്കിന് തോമസ് കുന്നുംപുറം, കുര്യൻ നെല്ലാമറ്റം, ജോയ്

**ലിൻസ് താന്നിച്ചുവട്ടിൽ**

വാച്ചാച്ചിറ എന്നിവർ നേതൃത്വം നല്കി. വരും മാസങ്ങളിലും കൂട്ടായ്മകൾ സംഘടിപ്പിക്കാനുള്ള ഉണർവോടെയാണ് പിക്നിക് സമാപിച്ചത്.



Small Business Accounting LLC

Personal and Business Tax Services



Tino Simon Mundaplackil

Phone:630-635-3615
Email: tino@greatwaysinc.com
1001 E Chicago Ave, Suite 151,
Naperville, IL 60540



Pramod Zacharias, E.A.

Free Electronic Filing

HOUSING PLOTS FOR SALE AT MONIPPALLY

മോനിപ്പള്ളി-ഇലഞ്ഞി റൂട്ടിൽ കല്ലിടുക്കി കവലയ്ക്കു സമീപം മെയിൻ റോഡിൽ നിന്നും 30 മീറ്റർ അകത്തായി പഞ്ചായത്ത് റോഡിന്റെ സൈഡിൽ 70 സെന്റും 54 സെന്റും ഉള്ള രണ്ട് പ്ലോട്ടുകൾ വില്പനയ്ക്ക്.

Whatsapp +1 630 903 7680

Two residential plots of 70 cents and 54 cents at Monippally (just 30 Mtrs from Monippally-Elanji Road and on the side of Panchayat Rd) for immediate sale. Serious buyers please contact

Cell/Whatsapp +1 630 903 7680

# മാർത്തോമ്മാ ശ്ലീഹാ കത്തീഡ്രലിൽ കുടുംബ നവീകരണ ധ്യാനം നടത്തപ്പെട്ടു

വിവീഷ് ജേക്കബ്

ചിക്കാഗോ: മാർത്തോമ്മാ ശ്ലീഹാ കത്തീഡ്രൽ ദേവാലയത്തിൽ ജൂൺ 5, 6, 7, 8 തീയതികളിൽ കുടുംബ നവീകരണ ധ്യാനം കൃപാസനം ഡയറക്ടർ ഫാ. വി.പി. ജോസഫിന്റെ നേതൃത്വത്തിൽ വളരെ ഭക്തിപൂർവം നടത്തപ്പെട്ടു. ബ്രദർ വിജയകുമാറിന്റെ ക്ലാസുകളും ഈ ദിവസങ്ങളിൽ ഉണ്ടായിരുന്നു.

മാർത്തോമ്മാ ശ്ലീഹാ കത്തീഡ്രലിനു പുറമെ ചിക്കാഗോയിലെ വിവിധ പള്ളികളിൽ നിന്നും അമേരിക്കയിലെ മറ്റു സ്റ്റേറ്റുകളിൽ നിന്നുമായി ആയിരത്തി ഇരുനൂറ്റമ്പതോളം വിശ്വാസികൾ പങ്കെടുത്ത ഈ ധ്യാനത്തിന്റെ ഉദ്ഘാടനച്ചടങ്ങ് മാർ ജോയി ആലപ്പാട്ട് പിതാവ് നിർവഹിച്ചു. മാർ ജേക്കബ് അങ്ങാടിയത്ത് പിതാവിന്റെ സാന്നിദ്ധ്യവും പ്രാർത്ഥനയും ഈ ധ്യാനത്തിനുടനീളം ഉണ്ടായിരുന്നു.

ഇടവക വികാരി റവ.ഫാ. തോമസ് കടുകപ്പിള്ളിലിന്റെ നേതൃത്വത്തിലും നിർദ്ദേശങ്ങൾക്കനുസരിച്ചുമുള്ള പ്രവർത്തനത്തിലൂടെ ഈ ഉടമ്പടി ധ്യാനം വളരെ ചിട്ടയോടെ പൂർത്തിയാക്കാൻ സാധിച്ചു. ഇടവകയിലെ കൈക്കാരന്മാരായ വിവീഷ് ജേക്കബ്, ബോബി ചിറയിൽ, സന്തോഷ് കാട്ടൂക്കാരൻ, ബിജി സി. മാണി എന്നിവരുടെ സഹകരണത്തിൽ അമ്പതോളം വോളന്റിയേഴ്സ് അടങ്ങുന്ന വിവിധ കമ്മിറ്റികളുടെ സഹായവും ഇതിന്റെ സുഗമമായ നടത്തിപ്പിനായി സഹായിച്ചു.










# ചൈതന്യ എക്സലൻസ് അവാർഡുകൾ പ്രഖ്യാപിച്ചു

കോട്ടയം: കോട്ടയം അതിരൂപതയുടെ സാമൂഹിക സേവന വിഭാഗമായ കോട്ടയം സോഷ്യൽ സർവീസ് സൊസൈറ്റി ഫാ. അബ്രാഹം മുത്തോലത്ത് ഫൗണ്ടേഷനുമായി സഹകരിച്ച് കെ.എസ്.എസ്.എസ് സാമൂഹിക ക്ഷേമ പ്രവർത്തനങ്ങളിൽ സഹായഹസ്തവും മാർഗ്ഗദീപവുമായി നിലകൊള്ളുന്ന മഹനീയ വ്യക്തിത്വങ്ങളെ ആദരിക്കുക എന്ന ലക്ഷ്യത്തോടെ ഏർപ്പെടുത്തിയ ചൈതന്യ എക്സലൻസ് അവാർഡുകൾ പ്രഖ്യാപിച്ചു. മുതിർന്ന ഐഎഎസ് ഉദ്യോഗസ്ഥനും ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുമായിരുന്ന ടി.കെ. ജോസ്, സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ചെയർമാൻ സ്റ്റീഫൻ ജോർജ് എക്സ് എംഎൽഎ, കേരള സംസ്ഥാന ഡിസെബിലിറ്റി കമ്മീഷണർ ഡോ. ബാബുരാജ് പി.റ്റി, പത്തനംതിട്ട ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ ഷേർളി സക്കറിയാസ്, റിട്ടയേർഡ് തഹസിൽദാറും കെ.എസ്.എസ്.എസ് ബോർഡ് മെംബറുമായ ജോർജ് കുര്യൻ പാണ്ടവത്ത് എന്നിവരെയാണ് അവാർഡിനായി തെരഞ്ഞെടുത്തത്.

നാളികേര വികസന ബോർഡിന്റെ തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പദ്ധതി നടത്തിപ്പിലും കെ.എസ്.എസ്.എസ്. സ്വാശ്രയ സംഘ ക്ഷേമപ്രവർത്തനങ്ങളിലും നല്കിയ സേവനങ്ങളെ മാനിച്ചുകൊണ്ടാണ് ടി.കെ. ജോസ് ഐഎഎസിന് പുരസ്കാരം സമ്മാനിക്കുന്നത്. ന്യൂനപക്ഷ വികസന ക്ഷേമപ്രവർത്തനങ്ങളോടൊപ്പം കോട്ടയം അതിരൂപതയുടെ സാമൂഹിക സാമുദായിക മേഖലകളിൽ നല്കിവരുന്ന സേവനങ്ങളെ മാനിച്ചുകൊണ്ടാണ് സ്റ്റീഫൻ ജോർജ് എക്സ് എംഎൽഎക്ക് പുരസ്കാരം സമ്മാനിക്കുന്നത്. ഭിന്നശേഷി ഉന്നമനം ലക്ഷ്യമാക്കി കെ.എസ്.എസ്.എസ് നടപ്പിലാക്കിവരുന്ന വിവിധങ്ങളായ ക്ഷേമപ്രവർത്തനങ്ങൾക്കും അഡ്വക്കസി നെറ്റ് വർക്ക് മീറ്റിംഗുകൾക്കും പരിശീലനങ്ങൾക്കും നല്കിവരുന്ന സഹകരണങ്ങളെയും പ്രോത്സാഹനങ്ങളെയും മാനിച്ചുകൊണ്ടാണ് ഡോ. ബാബുരാജ് പി.റ്റിക്ക് പുരസ്കാരം സമ്മാനിക്കുന്നത്. കാർഷിക മേഖലയുടെ ഉന്നമനത്തോടൊപ്പം കെ.എസ്.എസ്.എസ് കർഷക സംഘങ്ങളുടെ രൂപീകരണത്തിലും വളർച്ചയിലും കർഷകസംഘ പരിശീലന ബോധവത്കരണ പരിപാടികൾക്കും ചൈതന്യ കാർഷികമേള ഉൾപ്പെടെയുള്ള ജനകീയ പ്രവർത്തനങ്ങളിലും നല്കിവരുന്ന സേവനങ്ങളെ മാനിച്ചുകൊണ്ടാണ് ഷേർളി സക്കറിയാസിന് പുരസ്കാരം സമ്മാനിക്കുന്നത്. കെ.എസ്.എസ്.എസ് ബോർഡ് മെംബർ എന്ന നിലയിലും വിവിധ സർക്കാർ/സർക്കാരിതര ഡിപ്പാർട്ടുമെന്റുകളുടെ സേവനങ്ങളുടെ ലഭ്യമാക്കലിനും നല്കിവരുന്ന പ്രോത്സാഹനവും പിന്തുണയും പരിഗണിച്ചുകൊണ്ടാണ് ഏറ്റുമാനൂർ സ്വദേശിയായ ജോർജ് കുര്യന് പുരസ്കാരം സമ്മാനിക്കുന്നത്.











ഇരുപതിനായിരത്തിയൊന്ന് (20001) രൂപയും മൊമന്റോയും അടങ്ങുന്ന അവാർഡ് ജൂൺ 28-ന് ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിക്കുന്ന ചടങ്ങിൽ സമ്മാനിക്കും. സമ്മേളനത്തിന്റെ ഉദ്ഘാടനം സഹകരണ-തുറമുഖ-ദേവസ്വം വകുപ്പുമന്ത്രി വി.എൻ. വാസവൻ നിർവഹിക്കും. കോട്ടയം ആർച്ച്ബിഷപ് മാർ മാത്യു മൂലക്കാട്ട് ചടങ്ങിൽ അദ്ധ്യക്ഷത വഹിക്കും. മത, സാമൂഹിക, രാഷ്ട്രീയ, സാംസ്കാരിക രംഗത്തെ പ്രമുഖർ ചടങ്ങിൽ പങ്കെടുക്കും. കോട്ടയം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ജനോപകാര സാമൂഹിക ക്ഷേമ പ്രവർത്തനങ്ങളിൽ മാർഗ്ഗദീപമായി നിലകൊള്ളുന്ന വ്യക്തിത്വങ്ങളെ എല്ലാവർഷവും ചൈതന്യ എക്സലൻസ് അവാർഡിലൂടെ ആദരിക്കുമെന്നും കെ.എസ്.എസ്.എസ്. എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ കോട്ടയത്ത് പത്രസമ്മേളനത്തിൽ അറിയിച്ചു.

കെ.എസ്.എസ്.എസ് പിആർഒ സിജോ തോമസ്, പ്രോഗ്രാം ഓഫീസർ അനീഷ് കെ.എസ്, കോ-ഓർഡിനേറ്റർ മേഴ്സി സ്റ്റീഫൻ എന്നിവർ സന്നിഹിതരായിരുന്നു.

# പ്രഫ. സി.ആർ. ബാലചന്ദ്രൻ അന്തരിച്ചു



കോഴഞ്ചേരി: അമേരിക്കൻ മലയാളി എഴുത്തുകാരിയും നർത്തകിയുമായ പാർവ്വതി പ്രവീണിന്റെ പിതാവ് കോഴഞ്ചേരി, കീഴുകര, ഇരുപ്പകാട്ട് പാർവണത്തിൽ പ്രഫ. സി.ആർ. ബാലചന്ദ്രൻ അന്തരിച്ചു. ജൂൺ 14-ന് മൃതദേഹം സ്വവസതിയിൽ പൊതുദർശനത്തിനു വെച്ചശേഷം 15-ന് ഞായറാഴ്ച ഉച്ചയ്ക്ക് സംസ്കരിച്ചു. ശ്രീദേവി കുഞ്ഞമ്മയാണ് ഭാര്യ. മക്കൾ: പാർവ്വതി കുഞ്ഞമ്മ (മേരിലാൻഡ്), ബാലാദേവി കുഞ്ഞമ്മ (കാനഡ). മരുമക്കൾ: പ്രവീൺ രഘുനാഥ്, കാർത്തികേയൻ ശിവരാമൻ. കൊച്ചുമക്കൾ: സിദ്ധാർത്ഥ് പി. രഘുനാഥ്, ഋഷികേശ് പി. രഘുനാഥ്, ആഭ ബാല.

KERALA EXPRESS

പ്രവാസി താളുകൾ

# ചിക്കാഗോ മലയാളി അസോസിയേഷന്റെ താങ്ക്സ് ഗിവിംഗ് ഡേ സെലിബ്രേഷൻ മന്ത്രി കെ.എൻ. ബാലഗോപാൽ ഉദ്ഘാടനം ചെയ്തു

അനിൽ പെണ്ണുക്കര



കലയപുരം: അമേരിക്കയിലെ ഏറ്റവും വലിയ മലയാളി സംഘടനയായ ചിക്കാഗോ മലയാളി അസോസിയേഷന്റെ താങ്ക്സ് ഗിവിംഗ് ഡേ ആഘോഷവും, വിവിധ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും ധനമന്ത്രി കെ. എൻ. ബാലഗോപാൽ നിർവഹിച്ചു. സേവന വഴിയിൽ ലോകത്തിന് തന്നെ മാതൃകയായ കൊട്ടാരക്കര, കലയപുരം ആശ്രയയ്ക്ക് ചിക്കാഗോ മലയാളി അസോസിയേഷൻ മികച്ച ചാരിറ്റി പ്രവർത്തനത്തിനുള്ള പുരസ്കാരം നൽകുമ്പോൾ ഈ സംഘടനയും സാർത്ഥകമായി മാറും എന്നതിൽ സംശയമില്ല എന്ന് അദ്ദേഹം പറഞ്ഞു. സി.എം.എ. തുടങ്ങിയ കാലം മുതൽ കേരളത്തിന്റെ വികസന പ്രക്രിയയിലും ജീവകാരുണ്യ പ്രവർത്തനങ്ങളിലും നൽകുന്ന പ്രോത്സാഹനത്തിനും സഹകരണത്തിനും അദ്ദേഹം ആശംസകൾ അറിയിച്ചു. കേരളത്തിൽ നിരവധി കാര്യങ്ങൾ ചെയ്യാൻ താല്പര്യമുള്ള സംഘടനയാണ് സി.എം.എ. ലോകത്ത് ആകമാനം നിരവധി പ്രശ്നങ്ങൾ ഉണ്ട്. പക്ഷേ, മനുഷ്യനെ പരസ്പരം സ്നേഹിക്കാനുള്ള ഒരു മനസ് ഉണ്ടാവുക എന്നതാണ് പ്രധാനം. ആശ്രയയിലേക്ക് നിരവധി തവണ വന്നുകൊണ്ടിരിക്കുന്ന ഒരാളാണ് താൻ. പലവിധ സാമൂഹ്യ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന ആശ്രയ ഇപ്പോൾ വലിയ പ്രതിസന്ധി നേരിടുന്ന സമയമാണ്. പുതിയ കെട്ടിടത്തിന്റെ നിർമ്മാണം പാതി വഴിയിൽ നിൽക്കുന്ന സമയത്ത് ചിക്കാഗോ മലയാളി അസോസിയേഷൻ ഒരു നല്ല തുക ആശ്രയയ്ക്ക് നൽകുക വഴി വലിയ ഒരു ജീവകാരുണ്യ പ്രവർത്തനത്തിനാണ് സി.എം.എ. തുടക്കമിട്ടത് എന്നത് അഭിനന്ദനാർഹമായ കാര്യമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ചിക്കാഗോ മലയാളി അസോസിയേഷന്റെ ഈ വർഷത്തെ ചാരിറ്റി പുരസ്കാരം ആശ്രയയ്ക്ക് മന്ത്രി കെ.എൻ. ബാലഗോപാൽ നൽകി. അഞ്ചരലക്ഷം രൂപയുടെ ചാരിറ്റി പ്രവർത്തനങ്ങൾക്കാണ് സി.എം.എ. ആശ്രയയിൽ തുടക്കമിട്ടത്. കൂടാതെ നിരവധി ജീവകാരുണ്യ പ്രവർത്തകർക്കും വിവിധ പ്രവർത്തനങ്ങൾക്കായി ധനസഹായം നൽകി.

മനുഷ്യന്റെ ജീവിതത്തിന്റെ വിജയത്തിന് രണ്ട് കൈവഴികൾ ഉണ്ട്. ആദ്ധ്യാത്മിക കൈവഴിയും, സാമൂഹ്യ പ്രതിബദ്ധതയോടെ ജീവിക്കുക എന്നതും. രണ്ട് വഴികളും ഈശ്വരനിലേക്ക് എത്തിക്കുന്നു എന്നതാണ് സത്യം. സാമൂഹ്യ പ്രവർത്തനം ഇത്തരം കാര്യങ്ങൾക്കായി മാറ്റിവയ്ക്കുന്ന ചിക്കാഗോ മലയാളി അസോസിയേഷന്റെ പ്രവർത്തകർക്ക് എല്ലാ നന്മകളും നേരുന്നതായി അഭിവന്ദ്യ റവ. ഡോ. യുഹാനോൻ മാർ തേവോഡോറസ് മെത്രാപ്പോലിത്ത മുഖ്യ പ്രഭാഷണത്തിൽ പറഞ്ഞു.












ചിക്കാഗോ മലയാളി അസോസിയേഷന്റെ മുൻ സെക്രട്ടറിയും ഇപ്പോൾ പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമായ ജോർജ് ഏബ്രഹാം ആശംസ പ്രസംഗം നടത്തി. 1990-ൽ സി.എം.എയുടെ ജനറൽ സെക്രട്ടറിയായി പ്രവർത്തിച്ച കാലഘട്ടം ഓർമ്മപ്പെടുത്തിയാണ് അദ്ദേഹം തന്റെ പ്രഭാഷണം തുടങ്ങിയത്. അമേരിക്കയിലെ ഏറ്റവും വലിയ മലയാളി സംഘടനയായ സി.എം.എ നിരവധി സാമൂഹ്യ സാംസ്കാരിക ജീവകാരുണ്യ പ്രവർത്തനങ്ങളിലൂടെയാണ് ഇന്ന് കാണുന്ന രീതിയിലേക്ക് വളർന്നത്. കേരളത്തിൽ ആശ്രയ നടത്തുന്ന ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് സി. എം. എയ്ക്ക് തണലാകുവാൻ സാധിച്ചതിൽ ജെസി റിൻസിയേയും കൂട്ടരേയും എത്ര അഭിനന്ദിച്ചാലും മതിവരില്ല. ഏറ്റവും അർഹമായ ഒരു പ്രസ്ഥാനത്തെ അതിനായി തെരഞ്ഞെടുത്തതിൽ അദ്ദേഹം സന്തോഷം പ്രകടിപ്പിച്ചു.

ഇന്ത്യയിൽ തന്നെ ആദ്യമായിട്ടായിരിക്കും താങ്ക്സ് ഗിവിംഗ് ഡേ ആഘോഷിക്കുന്നത്. പ്രവാസി മലയാളികൾക്ക് വിജയം വരിക്കുവാനുള്ള ബാലപാഠം നൽകിയത് കേരളമാണ്, ഭാരതമാണ്. അതിനോടുള്ള നന്ദി സൂചകമായി ആശ്രയയിൽ വെച്ച് ഈ പ്രോഗ്രാം നടത്താം എന്ന് തീരുമാനിക്കുകയായിരുന്നു. വിശക്കുന്നവന് അപ്പം നൽകുന്നതും കഷ്ടത്തിലിരിക്കുന്നവനെ വൃത്തി വരുത്തുന്നതോളം മറ്റൊരു നന്മയും ലോകത്തില്ല എന്ന് തെളിയിച്ച ആശ്രയയ്ക്ക് ഈ പുരസ്കാരം നൽകാൻ സാധിച്ചതിൽ സന്തോഷം ഉണ്ടെന്ന് സി.എം.എ പ്രസിഡന്റ് അഡ്വ. ജെസി റിൻസി തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ അറിയിച്ചു.

വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എസ്. രഞ്ജിത്ത് കുമാർ മുഖ്യ പ്രഭാഷണം നടത്തി. ജില്ലാ പഞ്ചായത്ത് അംഗം ആർ. രശ്മി, താമരക്കുടി ഗ്രാമ പഞ്ചായത്ത് അംഗം ദീപാ ശ്രീകുമാർ, ഡോ. മാത്യു ലൂക്ക്, അജിത്ത് ഈപ്പൻ തുടങ്ങിയവർ ആശംസകൾ അറിയിച്ചു. ട്രഷറർ മനോജ് അച്ചേട്ട്, ജോ. ട്രഷറർ ഡോ. സിബിൾ, പി.ആർ.ഒ ബിജു മുണ്ടക്കൽ, ബോർഡ് മെമ്പർ വർഗീസ് മോനി, വിമൻസ് റപ്പ് ഷാന മോഹൻ, ബോർഡ് മെമ്പർ സന്തോഷ് ജോർജ്, ജോഷി പൂവത്തിങ്കൽ എന്നിവർ ശബ്ദ സന്ദേശത്തിലൂടെ ആശംസകൾ നൽകി സംസാരിച്ചു.

ജോൺ കുരികേശു സ്വാഗതവും ജുബിൻ സാം നന്ദിയും അറിയിച്ചു.






# ചിക്കാഗോ മലയാളി അസോസിയേഷന്റെ താങ്ക്സ് ഗിവിംഗ് ഡേ സെലിബ്രേഷൻ ചിത്രങ്ങളിലൂടെ...


































# ഒറ്റയ്ക്ക് വെട്ടിപ്പിടിച്ച ലോകം

ലേഖനം



ഷിബു ഗോപാലകൃഷ്ണൻ

വാരാന്ത്യം

നാട്ടിൽ ഒരു താലൂക്ക് ആശുപത്രിയിൽ സർക്കാർ നേഴ്സ് ആയിരുന്നിട്ടും രഞ്ജിത എന്തിനായിരിക്കും ഒമാനിലേക്കും യു.കെയിലേക്കും പോയിട്ടുണ്ടാവുക എന്നാലോചിച്ചു നോക്കി. എത്രയോ അധികം മനുഷ്യർ അങ്ങനെ ജീവിക്കുന്നു, ഇത്രയൊക്കെ മതി എന്നു കരുതി നിന്നിടത്തു തന്നെ നിൽക്കുകയും, അവിടെത്തന്നെ തുടരുകയും ചെയ്യുന്നു.

ചിലർ അങ്ങനെയാണ്, ജീവിതത്തോട് അവർക്ക് അത്രയും അഭിനിവേശമായിരിക്കും. എല്ലാ ഉത്തരവാദിത്തങ്ങളും ഏറ്റെടുക്കും, അതിനു പിന്നാലെ പായും, ജീവിതത്തെ കൂടുതൽ മികച്ച ഒരു കരയിൽ എത്തിക്കാൻ അവർ ഒറ്റക്ക് സകല ഓട്ടവും ഓടിത്തീർക്കും. മക്കളെ ഏറ്റവും നല്ല നിലയിൽ എത്തിക്കാൻ, അവർക്ക് ഒരു നല്ല വീടുണ്ടാവാൻ, കാലുവേദനയും ശാരീരിക അസ്വസ്ഥതകളും പോലും കണ്ടില്ലെന്നു വച്ചു ജീവിതത്തിന്റെ സകല സാധ്യതകളിലൂടെയും അവർ വിശ്രമമില്ലാതെ പായും. പത്തിലും ഏഴിലും പഠിക്കുന്ന രണ്ടുകുട്ടികളുടെ അമ്മയും ഒരു വിവാഹമോചിതയും ആയിരിക്കുമ്പോൾ അവർക്ക് തോൽക്കാൻ കഴിയില്ല. അങ്ങനെ തോൽക്കാതിരിക്കാനായി അവർ നടത്തിയ ഓട്ടങ്ങളായിരുന്നു ഇതെല്ലാം.

അവർ ഒരുപക്ഷേ, ഒറ്റക്ക് വെട്ടിപ്പിടിച്ച ലോകങ്ങൾ. ആരുടെ മുന്നിലും അവരും അവരുടെ മക്കളും ഒരുകാലത്തും തോറ്റുപോകാതിരിക്കാൻ അവർ കണ്ടെത്തിയ കഷ്ടപ്പാടുകൾ.

തൊണ്ണൂറു സെക്കൻഡിൽ അതൊരു തീഗോളമായി ഒരു കെട്ടിടത്തിന്റെ മുകളിൽ ഇടിച്ചിറങ്ങി നിശ്ചലമാകുമ്പോൾ അവർ ജീവിതത്തോട് ആ നിമിഷം വരെ പുലർത്തിയ സന്ധിയില്ലാത്ത ഓട്ടങ്ങൾ ഓർമ്മവരികയും, അതിനുമുന്നിൽ നമ്മൾ ആദരവോടെ തലകുനിക്കുകയും ചെയ്യും.

ഓർമ്മ



മിനി വിശ്വനാഥൻ



# പിന്നെയും വിശ്വസിക്കും , ദൈവത്തിലും വിധിയിലും സമയത്തിലും

ആരതിക്കുട്ടി അനിയത്തിയായിരുന്നെങ്കിലും ഞങ്ങൾക്ക് മകളെപ്പോലെയായിരുന്നു! അവളുടെ കല്യാണം കൂടാനാണ് 2010 മെയ് 22-ന് നാട്ടിലേക്കുള്ള ടിക്കറ്റ് എടുത്തത്.

ജൂൺമാസം വെക്കേഷന് പോവേണ്ടത് കൊണ്ടും ഓഫീസ് തിരക്കുകൾ കാരണവും എല്ലാവരും കല്യാണത്തിന് പോണോ എന്നൊരു കൺഫ്യൂഷൻ ഉണ്ടായിരുന്നെങ്കിലും വീക്കെൻഡ് അടുപ്പിച്ച് കല്യാണം നിശ്ചയിച്ചതിനാൽ സകുടുംബം കല്യാണത്തിന് പോയി രണ്ട് ദിവസം കൊണ്ട് തിരിച്ചു വരാം എന്ന് പ്ലാൻ ഇട്ടു.

നാട്ടിലൊരു കല്യാണം, അതും ആരതിയുടേത് എന്ന സന്തോഷത്തിന് പരിധിയില്ലായിരുന്നു. തിടുക്കപ്പെട്ട് ഷോപ്പിങ്ങുകൾ നടത്തി, കല്യാണത്തലേന്ന് നാട്ടിൽ എത്തുന്നത് പോലെയാണ് ദുബായി - കോഴിക്കോട് എയർ ഇന്ത്യ എക്സ്പ്രസിൽ ടിക്കറ്റ് ബുക്ക് ചെയ്തത്.

കുട്ടികൾ ആദ്യമായാണ് നാട്ടിൽ കല്യാണം കൂടുന്നത്. അതിന്റെ എക്സയിറ്റ്മെന്റിലാണ് അവർ. ഞങ്ങളും അവരെപ്പോലെ അത്യാവേശത്തിലായിരുന്നു. അതുകൊണ്ട് സാധാരണ യാത്രകളിൽ ഉണ്ടാവുന്നത്ര ടെൻഷൻ ഉണ്ടായിരുന്നില്ല. അത്യാവശ്യത്തിന് മാത്രമുള്ള ലഗേജും ആയതിനാൽ ആ കാര്യത്തെക്കുറിച്ചും വേവലാതി ഇല്ല.

നാട്ടിൽ ചിലർക്കെങ്കിലും സർപ്രൈസ് ആണ് ഞങ്ങളുടെ വരവ് എന്ന ഒരു കുസൃതിയും കൂടിയുള്ളതിനാൽ പാതിരാത്രിയിലുള്ള കാത്തിരിപ്പും മനസ്സിനെ ബാധിച്ചില്ല.

എയർപോർട്ടിലെ നൂലാമാലകൾ കഴിഞ്ഞ് ഗേറ്റിൽ എത്തിയപ്പോഴാണ് ഇതേ സമയത്ത് മംഗലാപുരത്തേക്കും എയർ ഇന്ത്യ വിമാനമുണ്ടെന്ന് മനസ്സിലായത്. കൂട്ടത്തിൽ ശ്രീക്കുട്ടിയുടെ സ്കൂളിലെ ഒരു കുട്ടിയുടെ പകുതി ഫാമിലിയും ഉണ്ടായിരുന്നു. മിക്കവരും ഞങ്ങളെപ്പോലെ നാട്ടിലെ ആവശ്യങ്ങൾക്കായി വീക്കൻഡ് ഷോർട്ട് വിസിറ്റിനായി പോവുന്നവരാണ്. അതിൽ ഒന്ന് രണ്ട് ഫാമിലി കല്യാണം കൂടാനും വീട് പാലുകാച്ചിന് പോവുന്നവരും ആയിരുന്നു.

വ്യാഴാഴ്ച രാത്രി ടിക്കറ്റ് ഉണ്ടായിരുന്നെങ്കിൽ ഒരു അവധി ദിവസം കൂടി നാട്ടിൽ കിട്ടുമായിരുന്നു എന്ന നിരാശ ഞങ്ങൾ പരസ്പരം പങ്ക് വെക്കുകയും ചെയ്തു. ഒന്നൊന്നര മണിക്കൂർ സമയം കൊണ്ട് മംഗലാപുരംകാരിൽ ചിലരും കോഴിക്കോട്കാരിൽ ചിലരും സൗഹൃദത്തിലാവുകയും പരസ്പരം നമ്പറുകൾ കൈമാറുന്നിടം വരെ സൗഹൃദം വളർത്തുകയും ചെയ്തു.

ഒരേ സമയത്താണ് ബോർഡിങ്ങിനായി തൊട്ടടുത്ത ഗേറ്റുകളിൽ ഇരു വിമാനത്തിലെ യാത്രക്കാരും ക്യൂ നിന്നത്. പരസ്പരം കൈ വീശിക്കാണിച്ചും പരസ്പരം ശുഭയാത്ര നേർന്നും വിമാനത്തിലേക്ക് നടന്ന് കയറി. കുഞ്ഞുങ്ങൾ ഉള്ളത് കൊണ്ട് തിരക്ക് പിടിക്കാതെ ഏറ്റവും അവസാനമായാണ് ഞങ്ങൾ കയറിയത്. അപ്പോഴേക്ക് മംഗലാപുരം യാത്രക്കാർ ബോർഡ് ചെയ്ത് കഴിയാനായിരുന്നു.

പക്ഷേ, ആ വിമാനത്തിൽ അവസാന യാത്രക്കാരനായി മരണവും കൂടെ കയറിയിരുന്നു എന്നത് ആരും അറിഞ്ഞിരുന്നില്ല. ഓർക്കുമ്പോൾ ഇപ്പോഴും മരവിപ്പാണ്.

ഞങ്ങൾ കോഴിക്കോട് എത്തി നാട്ടിലേക്ക് യാത്ര തുടങ്ങിയപ്പോഴാണ് ദുരന്ത വാർത്ത അറിഞ്ഞത്. 1.30-ന് ദുബായിൽ നിന്നുള്ള എയർ ഇന്ത്യ എക്സ്പ്രസ് അപകടത്തിൽപ്പെട്ടു എന്ന വാർത്ത കേട്ടപ്പോൾ വീട്ടുകാർ പരിഭ്രാന്തരായി. ഞാനും കുട്ടികളും മാത്രമാണ് നാട്ടിൽ വരുന്നത് എന്നായിരുന്നു അവർ കരുതിയത്. മംഗലാപുരത്തേക്കുള്ള വിമാനമാണ് അപകടത്തിൽപെട്ടത് എന്നറിഞ്ഞിട്ടുപോലും ഡാഡിക്ക് ശ്വാസം മുട്ടി എന്നാണ് പറഞ്ഞത്.

അടുത്തടുത്തിരുന്ന് രണ്ട് വാതിലിലൂടെ യാത്ര തുടങ്ങിയവരിൽ ചിലർ എന്നെന്നേക്കുമായി യാത്ര അവസാനിപ്പിച്ചു എന്ന അറിവിൽ ഞങ്ങൾ ഞെട്ടി. ദുബായിൽ നിന്നും നാട്ടിൽ നിന്നുമുള്ള വിളികൾക്ക് ഉത്തരം പറഞ്ഞു തളർന്നു!

ആ നിമിഷത്തെ ഓർമ്മകൾ ഇന്നും മനസ്സിനെ അസ്വസ്ഥമാക്കും. ശ്രീക്കുട്ടിയുടെ സ്കൂളിലെ കുട്ടിയുടെ മാതാപിതാക്കളും ആ അപകടത്തിൽ ഉണ്ടായിരുന്നു. അതിലൊരാൾ ഇല്ലാതായി എന്ന് പിന്നീടാണറിഞ്ഞത്.

കല്യാണം കഴിഞ്ഞ അന്നുതന്നെ വിശ്വേട്ടനും അടുത്ത ദിവസം ഞങ്ങളും എയർ ഇന്ത്യ എക്സ്പ്രസിൽ തന്നെയാണ് മടങ്ങേണ്ടത്. ഒറ്റയ്ക്കൊറ്റയ്ക്കുള്ള യാത്രകൾ ശരിക്കും പേടിപ്പിച്ചിരുന്നു.

അതിന് ശേഷം എന്നും ഓരോ യാത്രയിലും ഗേറ്റിൽ ഇരിക്കുമ്പോൾ ആ രാത്രി ഓർമ്മയിൽ വരും. അന്ന് കണ്ണിലുടക്കിയ വൈരമൂക്കുത്തിയുടെ തിളക്കവും മുല്ലപ്പൂ പെർഫ്യൂമിന്റെ ഗന്ധവും എന്നിലേക്ക് ഓടിയെത്തും! പിന്നെയും വിശ്വസിക്കും. ദൈവത്തിലും വിധിയിലും സമയത്തിലും. വിശ്വസിക്കാതെ പറ്റില്ല... എന്നാലേ മുന്നോട്ട് ജീവിക്കാൻ പറ്റൂ...

അഹമ്മദാബാദ് വിമാനാപകടത്തിൽ മരിച്ച രഞ്ജിതയുടെ മകൻ സലാല ഇന്ത്യൻ സ്കൂളിൽ അനിയത്തിയുടെ മകളുടെ സഹപാഠിയായിരുന്നു!

പതം പറഞ്ഞ് കരയുന്ന അവളെ സമാധാനിപ്പിക്കാൻ പോലും പറ്റുന്നില്ല. അപ്പോൾ അടുത്ത ബന്ധുക്കളുടെ സ്ഥിതി എന്താവും!

ജീവൻ നഷ്ടപ്പെട്ട ആത്മാവുകൾക്ക് ആദരാഞ്ജലികൾ! ജീവിച്ചിരിക്കുന്ന ബന്ധുക്കൾക്ക് ഈ കടലും കടന്ന് കയറാൻ ശക്തി കൊടുക്കണേ എന്ന് മാത്രം പ്രാർത്ഥന!

നർമ്മം മർമ്മം



രാജീവ് പണിക്കർ



# കൊതി ഇല്ലാത്ത ആരുണ്ട്

കേരളാ എക്സ്പ്രസ്
KERALA EXPRESS
വാരാന്ത്യം

**കൊ**തി ഇല്ലാത്ത ആരുണ്ട്...

സാൾട്ട് ആൻഡ് പെപ്പർ എന്ന സിനിമയിൽ ക്ലാസിൽ അദ്ധ്യാപകൻ സംസാരിക്കുന്നതിനിടെ ഒരു പയ്യൻസ് ബാഗിൽ നിന്ന് ഒരു പുളി എടുത്ത് നക്കുന്നത് കണ്ട് കൊതി വന്നതോർക്കുന്നു.. എഴുതുമ്പോഴും ഓർക്കുമ്പോഴും പോലും വായിൽ വെള്ളം നിറയുന്നു...

സോഷ്യൽ മീഡിയ കൊതിയുടെ ഒരു കലവറയാണ്..

ചിലപ്പോഴൊക്കെ ചിലർ ഒരു പോസ്റ്റ് നിറച്ചും ചക്കച്ചുള ഇട്ട് കൊതിപ്പിക്കാറുണ്ട്. ചിലരാകട്ടെ ചില ഹോട്ടലുകളിലെ വിഭവങ്ങൾ ഇട്ടും...

ചില സമയത്ത് നമ്മൾ കട്ടപ്പണിയിൽ ഇരിക്കുമ്പോൾ ചിലർ കൊളുക്കുമലയിലും കാശ്മീരിലും ഒക്കെ പോയതായി പോസ്റ്റിട്ട് കൊതിപ്പിക്കും. ചിലരാകട്ടെ ഏതെങ്കിലും റിസോർട്ടിലെ പൂളിലോ പുഴയിലോ കടലിലോ മുങ്ങിക്കിടക്കുന്ന പോസ്റ്റിട്ട് കൊതിപ്പിക്കും..

ചിലരാകട്ടെ, നമ്മൾ അറിഞ്ഞിട്ടു പോലുമില്ലാത്ത ചില മത്സരങ്ങളിൽ പങ്കെടുത്ത് സമ്മാനം വാങ്ങി കൊതിപ്പിക്കും. മറ്റു ചിലർ പുസ്തകങ്ങൾ പബ്ലിഷ് ചെയ്തു കൊതിപ്പിക്കും. ചിലരുടെ പുസ്തകങ്ങൾ ഒരുപാട് പേർ വായിക്കുന്നതും പല എഡിഷനുകൾ ഇറങ്ങുന്നതും കണ്ട് കൊതി വരും...

ചിലരുടെ എഴുത്ത് കണ്ടാ കൊതിവരും. ചിലർ പാടുന്നതും മറ്റു ചിലർ വരയ്ക്കുന്നതും കൊതിപ്പിക്കും. മധുസൂദനൻ നായർ കവിത ചൊല്ലിയാൽ കൊതി സഹിക്കില്ല..

ചില ഫെയ്സ്ബുക്ക് സുഹൃത്തുക്കൾ നമ്മളെ കൂട്ടാതെ പോസ്റ്റിൽ പരസ്പരം സംസാരിച്ചാൽ നമ്മൾ കഴിഞ്ഞ ജന്മം സ്നേഹം കിട്ടാതെ മരിച്ച പി പി ടിന്റുമോൻ ആകും. അവരുടെ സംസാരത്തിനിടയ്ക്ക് പൂണ്ടു വിളയാടാൻ കൊതി തോന്നും...

ചിലർക്ക് മാരക ലുക്കായിരിക്കും. കണ്ടാലേ കൊതി വരും. ചിലർ ഉള്ള ലുക്കിൽ മാരക ഡ്രസ്സ് ഇട്ടും കൊതിപ്പിക്കും. ചിലരുടെ മുടിയും ഹെയർ സ്റ്റൈലും കണ്ടാൽ തന്നെ കൊതിവരും. ചിലരുടെ ജിംനാസ്റ്റ് ബോഡി കണ്ടാ കൊതി (അസൂയ) സഹിക്കാനും പറ്റില്ല.

ചിലവന്മാർ കിടിലൻ ബൈക്കുകളോ കാറുകളോ ഒക്കെ കാണിച്ച് കൊതിപ്പിക്കുമ്പോൾ ചിലർ സൈക്കിളിൽ താമരശ്ശേരി ചുരം ചവിട്ടി കൊതിപ്പിക്കും. മറ്റു ചിലരാവട്ടെ ശരീരം അനങ്ങാതെയിരിക്കുന്ന നമ്മളെ നിസ്സാരമായി ഡബിൾ മാരത്തോണൊക്കെ ഓടി കൊതിപ്പിക്കും..

നമ്മുടെ സ്ക്രിപ്റ്റുകൾ ഒരുത്തനും വേണ്ടാതെ ഇരിക്കുമ്പോൾ ചിലർക്ക് സിനിമാ കണക്ഷനുകൾ കിട്ടുന്ന കണ്ടാൽ കൊതിവരും..

ചിലവന്മാരുടെ ടാറ്റൂ കാണുമ്പഴേ കൊതി വരും. ചില ടാറ്റൂ ആർട്ടിസ്റ്റുകൾക്ക് ഒരുപാട് വർക്കുകൾ വരുന്നത് കാണുമ്പഴും കൊതിവരും...

കൊതി! അതെല്ലാവർക്കും വരും....

ചെറുപ്പത്തിൽ വീട്ടിൽ പാല് വാങ്ങിയിരുന്നത് തൊട്ടടുത്ത ഒരു വീട്ടിൽ നിന്നായിരുന്നു. അത് വാങ്ങാൻ പോകാനുള്ള അടി കാരണം ഞാനും അനിയനും തമ്മിൽ ഒരു രഹസ്യ ധാരണ ഉണ്ടാക്കിയിരുന്നു. രാവിലെ അവൻ പോയി പാൽ വാങ്ങണം വൈകിട്ട് ഞാൻ പോയി വാങ്ങണം എന്നതായിരുന്നു അന്നത്തെ താഷ്കെന്റ് കരാർ.

അതിൻ പ്രകാരം ഒരു ദിവസം ഞാൻ പാൽ പാത്രവുമായി പാൽ വാങ്ങുവാൻ പോയി...

അന്നൊന്നും വീടുകൾക്ക് മതിൽ ഉണ്ടായിരുന്നില്ല. കയ്യാല ആയിരുന്നു. നമ്മുടെ പറമ്പിൽ നിന്നും വഴിയിലേക്ക് മണ്ണ് ചായ്ച്ച് അതിൽ കല്ല് പതിപ്പിച്ചുണ്ടാക്കിയിരുന്ന അധികം ഉയരമില്ലാത്ത ഒരു സംവിധാനമായിരുന്നു കയ്യാല. കടലാസു ചെടി, കാരപ്പഴം, ചുള്ളിപ്പഴം, പിന്നെ അതിരുമരങ്ങളായ പൊങ്ങല്യം, കൊന്ന, പൂപ്പരുത്തി അങ്ങനെ പലവിധ സസ്യങ്ങളും പിന്നെ അവിടവിടെ ഉണ്ടായിരുന്ന പൊത്തുകളിൽ പാമ്പുകളും ഒക്കെ കയ്യാലകളിൽ നിറച്ചുണ്ടാകും.

നടക്കുന്നതിനിടെ ഞാൻ ഈ കയ്യാലമരങ്ങൾക്കിടയിലൂടെ ആ വീടിന്റെ ഉമ്മറത്തേക്ക് നോക്കി.. അവിടത്തെ ഇളയ പെൺകുട്ടി ഒരു പെറ്റിക്കോട്ടുമിട്ട് ഉമ്മറത്തിരുന്ന് എന്തോ പെറുക്കി ത്തിന്നുകയാണ്..

സ്വാഭാവികമായും എനിക്ക് ആകാംഷ വർധിച്ചു.. ഞാനും ചെറുപ്പമാണല്ലോ...

മുറ്റത്തെത്തിയ ഞാൻ ഒന്ന് മുരടനക്കി..

ആ പെൺകുട്ടി തല പൊക്കി എന്നെ നോക്കി.. പിന്നെ അകത്തേക്ക് നോക്കി ഉറക്കെ വിളിച്ചു പറഞ്ഞു..

'അമ്മേ... പാല് മേടിക്കാൻ വന്നേക്കണൂ...'

പിന്നെ എന്നെ വീണ്ടും നോക്കി. ഞങ്ങളുടെ കണ്ണുകൾ തമ്മിലിടഞ്ഞു.. ഒരു നിമിഷത്തിനു ശേഷം തന്റെ കൈയിലിരുന്ന പ്ലേറ്റിൽ അവൾ കഴിച്ചുകൊണ്ടിരുന്ന മിക്സ്ചറിന്റെ കൂട്ടത്തിൽ നിന്നും ഒരു കുഞ്ഞു കഷ്ണം തലയ്ക്കു ചുറ്റും കറക്കി ഒരു ഏറു വെച്ചു കൊടുത്തു.. (തീർച്ചയായും അവൾക്ക് ഇഷ്ടമല്ലാത്ത എന്തെങ്കിലും ആയിരിക്കും. മിക്സ്ചർ അന്നൊക്കെ അമൂല്യ വസ്തു ആയിരുന്നു)

സ്തബ്ധനായി നിൽക്കുന്ന എന്റെ ചെവിയിൽ എന്തോ ഒരു പിറുപിറുക്കലും കേട്ടു..

'കൊതിക്കണ്ണാ... കൊതി കിട്ടാണ്ട് പോട്ടെ....'

പണിക്കത്തി അഥവാ പണിക്കരുടെ കത്തി!

---


സിനിമാ കഥ

## ദൃശ്യം 3: സൂചന നൽകി ജീത്തു ജോസഫ്

**ദേ**ശീയ, അന്തർദേശീയ തലത്തിൽ മലയാള സിനിമയുടെ പെരുമ എത്തിച്ച സിനിമയാണ് ദൃശ്യം. ഇപ്പോഴിതാ ദൃശ്യം സിനിമ പരമ്പരയിലെ മൂന്നാം ചിത്രം അണിയറയിലൊരുങ്ങുന്നുവെന്ന സൂചന നൽകി സംവിധായകൻ ജീത്തു ജോസഫ്. ഇൻസ്റ്റാഗ്രാമിലൂടെ പങ്കുവെച്ച സ്റ്റോറിയിലൂടെയാണ് ആരാധകർക്ക് ദൃശ്യം 3യുടെ സൂചന അദ്ദേഹം നൽകിയത്.

കോഫി ടൈം എന്ന ക്യാപ്ഷനിൽ കോഫി കുടിക്കുന്ന ചിത്രമാണ് ജീത്തു പങ്കുവെച്ചത്. അതിനൊപ്പം അരികിലിരിക്കുന്ന ഒരു കടലാസിൽ 'ജോർജ് കുട്ടിയുടെ വീട്' എന്ന് എഴുതിയിരിക്കുന്നത് കാണാം. തിരക്കഥാരചനയിലാണ് രംഗം നടക്കുന്ന സ്ഥലം ഇങ്ങനെ എഴുതിവെക്കാറുള്ളത്. ദൃശ്യം 3-യുടെ വരവിനുള്ള സൂചന തന്നെയിതെന്ന് ആരാധകർ ഉറപ്പിച്ചു.

നിലവിൽ അജയ് ദേവ്ഗൺ അഭിനയിച്ച ഹിന്ദി ദൃശ്യം 3 അടുത്ത വർഷം റിലീസ്




ചെയ്യുമെന്ന വിവരം നിർമ്മാണ കമ്പനിയായ പനോരമ സ്റ്റുഡിയോസ് പുറത്തുവിട്ടിരുന്നു. ഒറിജിനൽ ദൃശ്യത്തിനും മുൻപേ ഹിന്ദി പതിപ്പ് റിലീസ് ചെയ്യുമെന്ന പ്രതീക്ഷയിൽ ആരാധകർ ഇരിക്കുമ്പോഴാണ് മലയാളം ഒപ്പത്തിനൊപ്പം ഉണ്ടെന്ന സൂചന സംവിധായകൻ വെളിപ്പെടുത്തുന്നത്.

---

## ധനുഷിന്റെ 'കുബേര' കേരളത്തിൽ റിലീസിന്

**ധ**നുഷ് ചിത്രം കേരളത്തിൽ എത്തിക്കാനൊരുങ്ങി ദുൽഖർ സൽമാൻ. ദുൽഖർ സൽമാന്റെ ഉടമസ്ഥതയിലുള്ള വേഫെറർ ഫിലിംസ് ആണ് 'കുബേര' കേരളത്തിൽ എത്തിക്കുന്നത്.

ധനുഷ്, നാഗാർജുന, രശ്മിക മന്ദാന എന്നിവരെ കേന്ദ്ര കഥാപാത്രങ്ങളാക്കി ശേഖർ കമ്മുല സംവിധാനം ചെയ്യുന്ന ചിത്രമാണ് 'കുബേര'. തമിഴിലും തെലുങ്കിലും ഒരേ സമയം പുറത്തിറങ്ങുന്ന കുബേര ധനുഷിന്റെ കരിയറിലെ ഏറ്റവും വലിയ ചിത്രമായിട്ടാണ് ഒരുങ്ങുന്നത്. ജൂൺ 20-ന് റിലീസിനൊരുങ്ങുന്ന ചിത്രത്തിന്റെ കേരള വിതരണാവകാശത്തിന്റെ അപ്ഡേറ്റ് പുറത്തുവന്നിരിക്കുകയാണ്.

ശ്രീവെങ്കിടേശ്വര സിനിമാസ് എൽ. എൽ. പി, അമിഗോസ് ക്രിയേഷൻസ് പ്രൈവറ്റ് ലിമിറ്റഡ് എന്നീ ബാനറുകളുടെ കീഴിൽ സുനിൽ നാരംഗ്, പുഷ്കർ രാം മോഹൻ റാവു എന്നിവരാണ് കുബേര നിർമ്മിക്കുന്നത്. ഒരു പാൻ ഇന്ത്യൻ മിത്തോളജിക്കൽ ചിത്രമായാണ് കുബേര ഒരുക്കുന്നത്. ജിം സർഭും ചിത്രത്തിൽ ഒരു പ്രധാന വേഷത്തിൽ എത്തുന്നുണ്ട്.

ദേവിശ്രീ പ്രസാദാണ് സിനിമക്കായി സംഗീതം ഒരുക്കുന്നത്. പ്രമുഖ ഒടിടി പ്ലാറ്റ്ഫോം




ആയ ആമസോൺ പ്രൈം വീഡിയോയാണ് സിനിമയുടെ ഒടിടി അവകാശം സ്വന്തമാക്കിയിരിക്കുന്നത്. 50 കോടി രൂപയ്ക്കാണ് സിനിമയുടെ ഒടിടി റൈറ്റ്സ് വിറ്റുപോയിരിക്കുന്നത് എന്നാണ് തെലുങ്ക് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്.

# INDIAN CHRISTAN DAY 2025

## SUNDAY JUNE 29, 2025, AT 4PM NEW YORK

George Abraham

New York: This year's Indian Christian Day (ICD 2025) in the Tri-State area will be celebrated on Sunday, June 29 at 4 PM at the St. Vincent Depaul Syro-Malankara Cathedral (1500 De Paul St, Elmont, N.Y. 11003).

"Indian Christian Day, also known as Yeshu Bhakti Divas, is a day we set aside to celebrate the love and message of our Lord Jesus Christ in India. This day also serves as a tribute to the significant contributions made by Indian followers of Jesus to the development and progress of our nation and beyond. It is a celebration that honors the rich heritage and legacy of Christianity in India, a tradition that dates back to the arrival of Thomas the Apostle in 52 AD."




George Abraham

The founders of the event chose July 3 originally because it is traditionally observed as Saint Thomas Day - the day celebrating Thomas the Apostle, who brought the Gospel of Jesus Christ to India in 52 AD. It is historically accepted that Saint Thomas was martyred near Chennai, located in India's Tamil Nadu state, in 72 AD.

This rich history is a part of our shared heritage, and as Mr. Varghese Abraham, Chief Coordinator of the event here in New York, said, "we, as followers of Jesus, can preserve our identity within India's cultural heritage while uniting with all those who wish to celebrate it, irrespective of language, custom, creed, region, or religion".

The celebration in previous years involved Christians from all over India coming together to celebrate the diversity of Christians through songs and worship. The organizers extend a heartfelt invitation to all, regardless of their denominations, to join them in this grand celebration. This open invitation is a testament to the event's spirit of inclusivity and acceptance.

For more information:
Varghese (Raju) Abraham 516-456-9740
Koshy George – 718-314-8171




# ധന്യൻ മാർ മാക്കീൽ പിതാവിന്റെ ചരമവാർഷികത്തോടനുബന്ധിച്ചു നടത്തിയ മത്സരങ്ങളുടെ വിജയികൾ

ചിക്കാഗോ: ധന്യൻ മാർ മാത്യു മാക്കീൽ പിതാവിന്റെ 111-ാമത് ചരമവാർഷികത്തോടനുബന്ധിച്ച് അമേരിക്കയിലെ ക്നാനായ റീജിയണിൽ നടത്തിയ




വിവിധ മത്സരങ്ങളുടെ വിജയികളെ പ്രഖ്യാപിച്ചു.

ഗ്രേഡ് 3-5: മാക്കീൽ സൂക്ത പാരായണം.

ഒന്നാം സ്ഥാനം: ജെനിഫർ ജോസഫ് കൊച്ചിക്കുന്നേൽ- സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവക, ചിക്കാഗോ. രണ്ടാം സ്ഥാനം: ജോഷാ ചക്കാലയിൽ- സെന്റ് സ്റ്റീഫൻസ് ക്നാനായ ഫൊറോന ഇടവക, ലോംഗ് ഐലൻഡ്. മൂന്നാം സ്ഥാനം: ഷാർലറ്റ് കൈതക്കതൊട്ടിയിൽ- സെന്റ് മേരീസ്, ചിക്കാഗോ.

ഗ്രേഡ് 6-8: ലേഖന രചന

ഒന്നാം സ്ഥാനം: ഫിലിപ്പ് നെടുംതുരുത്തിൽ പുത്തൻപുരയിൽ- സെന്റ് മേരീസ്, ചിക്കാഗോ. രണ്ടാം സ്ഥാനം: ജാഷ് തോട്ടുങ്കൽ- സെന്റ് മേരീസ്, ചിക്കാഗോ. മൂന്നാം സ്ഥാനം: ഐസക് പുല്ലാനപ്പള്ളിൽ- സെന്റ് സ്റ്റീഫൻസ്, ലോംഗ് ഐലൻഡ്.

ഗ്രേഡ് 9-12: ലേഖന രചന:

ഒന്നാം സ്ഥാനം: ജെയിംസ് കുന്നശ്ശേരി- സെന്റ് മേരീസ്, ചിക്കാഗോ. രണ്ടാം സ്ഥാനം: ബെറ്റ്സി കിഴക്കേപുറം- ക്രൈസ്റ്റ് ദി കിങ് ക്നാനായ കാത്തലിക് ഇടവക, ന്യൂജേഴ്സി. മൂന്നാം സ്ഥാനം: സാന്ദ്ര കുന്നശ്ശേരി- സെന്റ് മേരീസ്, ചിക്കാഗോ.

മുതിർന്നവരുടെ വിഭാഗം: ലേഖന രചന

ഒന്നാം സ്ഥാനം: റാണി നോബി കൊച്ചുവീട്ടിൽ- സെന്റ് മേരീസ് ഫൊറോന ഇടവക, ഹൂസ്റ്റൺ. രണ്ടാം സ്ഥാനം: ബിബിത സിജോയ് പറപ്പള്ളിൽ- സേക്രഡ് ഹാർട്ട് ഫൊറോന ഇടവക, താമ്പ. മൂന്നാം സ്ഥാനം: സിസി ജോൺ മൂലക്കാട്ട്- സെന്റ് മേരീസ്, ചിക്കാഗോ.


ഷിബു കുളങ്ങര, ജോബ് മാക്കീൽ, ജെയ്ബു കുളങ്ങര, തോമസ് കല്ലിടുക്കിൽ എന്നിവരാണ് സമ്മാനങ്ങൾ സ്പോൺസർ ചെയ്തത്. ക്നാനായ റീജിയണൽ ഡയറക്ടറും വികാരി ജനറലുമായ ഫാ. തോമസ് മുളവനാൽ എല്ലാ പങ്കെടുത്തവർക്കും വിജയികൾക്കും അഭിനന്ദനം അറിയിച്ചു. മത്സരങ്ങൾ സംഘടിപ്പിച്ചത് മാർ മാക്കീൽ സ്ഥാപിച്ച വിസിറ്റേഷൻ കോൺഗ്രിഗേഷൻ ആയിരുന്നു.

ധന്യൻ മാർ മാത്യു മാക്കീൽ കോട്ടയത്തുള്ള മാഞ്ഞൂർ എന്ന സ്ഥലത്ത് 1851 മാർച്ച് 27-നാണ് ജനിച്ചത്. 1874 മെയ് 30-ന് അദ്ദേഹം വൈദികനായി. 1896-ൽ രൂപീകരിച്ച ചങ്ങനാശേരി വികാരിയത്തിന്റെ ആദ്യ സ്വദേശീയ ബിഷപ്പായും 1911-ൽ ക്നാനായ കത്തോലിക്കർക്കായി രൂപീകരിച്ച കോട്ടയം വികാരിയത്തിന്റെ ആദ്യ വികാരി അപ്പോസ്തോലിക്കായും നിയമിതനായി.

സിജോയ് പറപ്പള്ളിൽ

1914 ജനുവരി 26-ന് അന്തരിച്ച അദ്ദേഹത്തെ 2009-ൽ ബെനഡിക്റ്റ് പതിനാറാമൻ മാർപാപ്പ ദൈവദാസനായി പ്രഖ്യാപിച്ചു. പിന്നീട് 2025 മെയ് 22-ന് ലിയോ പതിനാലാമൻ മാർപാപ്പ അദ്ദേഹത്തെ ധന്യൻ പദവിയിലേക്ക് ഉയർത്തി.

# താലി



ജെയിംസ് ചെട്ടിയാത്ത്

കുണുങ്ങി കുണുങ്ങി നടക്കുന്ന പെണ്ണെ
നിന്റെ ഇടകണ്ണുകൊണ്ടുള്ളൊരു അമ്പ്
എന്റെ ചങ്കിന്റകത്ത് ഇപ്പോഴും ഉണ്ട്
ഈറനുടുത്ത് നടന്ന് അകലുമ്പോൾ
കിഴക്കമ്പലത്തിലെ ദേവതപോലെ നീ
വെറ്റിലപാക്കിന്റെ നിറമുള്ള ചുണ്ടിൽ
ആരും അറിയാതെ മുത്തം ഞാൻ തന്നപ്പോൾ
അത്തിമരത്തിലെ തത്തകൾ ഒക്കെ
ചിറക് അടിച്ച് പറന്നകന്നു
പള്ളിപ്പെരുന്നാൾ വന്നുകഴിഞ്ഞാൽ
മഞ്ഞവളകൾ നിൻ കൈകൾ നിറയെ
കൈകളിൽ ചാർത്തി നടക്കുമ്പോൾ ഒക്കെ
തമ്പൂരം മീട്ടുന്ന നാദമാണ് എൻ കാതിൽ
മെയ്മാസത്തിലെ മാതൃദിനത്തിൽ
പൂച്ചെണ്ടുമായി വന്ന് നമ്മുടെ മക്കൾ
നിൽക്കുന്നു നിൻ കുഴിമാടത്തിൽ കാൽക്കൽ
രാവിലെ കാപ്പികുടിക്കണ നേരത്ത്
ഇപ്പോഴും കപ്പുകൾ രണ്ടു നിറയ്ക്കും ഞാൻ
നീയില്ലാ ജീവിതം ദുഃഖമാണെങ്കിലും
എപ്പോഴും നീ എന്റെ ഓർമ്മയിൽ ഉണ്ട്
ഒരുനാളു ഞാൻ വരും നിന്റെ അടുത്ത്
ആ ദിനം പ്രാർത്ഥനാ താലിയുമായി.

# സ്ത്രീകഥാപാത്രങ്ങളെ പുനരാവിഷ്കരിച്ചുകൊണ്ട് 'ത്രൂ ഹെർ ഐസ്'

ജോസഫ് ജോൺ കാൽഗറി

സാൻ ഡിയാഗോ: മലയാള സാഹിത്യത്തിലെ സ്ത്രീ കഥാപാത്രങ്ങളെ ആസ്പദമാക്കി കാലിഫോർണിയയിൽ 'ത്രൂ ഹെർ ഐസ്' (Through Her Eyes ) എന്ന ഫോട്ടോബുക്ക് പ്രകാശനം ചെയ്തു. 1900 മുതൽ 2024 വരെയുള്ള നോവലുകളിലെ മനസ്സിൽ തങ്ങിനിൽക്കുന്ന സ്ത്രീകഥാപാത്രങ്ങളെ പുനരാവിഷ്കരണം ചെയ്തത് കാലിഫോർണിയയിലെ സാൻ ഡിയാഗോയിൽ ആണ്. ഡോക്ടർ ചിനോ മണ്ണിക്കരോട്ട് സംവിധാനം ചെയ്ത ഫോട്ടോഷൂട്ടിൽ പങ്കെടുത്തത് സാൻ ഡിയാഗോയിലുള്ള ഒരുപറ്റം മലയാളി സ്ത്രീകളാണ്.




കഥാകൃത്ത് എഴുതിയ വിവരണങ്ങൾക്ക് അപ്പുറം ഒരു കഥാപാത്രം വായനക്കാരുടെ മനസ്സിൽ എങ്ങനെ പതിക്കുന്നുവോ, അങ്ങനെ അവരെ പുനരാവിഷ്കരിക്കാൻ ആണ് ശ്രമിച്ചതെന്ന് സംവിധായിക ചിനോ മണ്ണിക്കരോട്ട് പറഞ്ഞു. ഓരോ കാലഘട്ടത്തിലെ കഥകൾ മനസ്സിലാക്കാനും എന്തുകൊണ്ട് ഒരു കഥാപാത്രം ആ രീതിയിൽ പ്രതികരിച്ചു അല്ലെങ്കിൽ പ്രതികരിച്ചില്ല എന്ന് മനസ്സിലാക്കണമെങ്കിൽ അവരുടെ ജീവിതങ്ങൾ അവരുടെ കണ്ണുകളിലൂടെ കാണണം. അങ്ങനെയാണ് പുസ്തകത്തിന് 'ത്രൂ ഹെർ ഐസ്' എന്ന പേര് തെരഞ്ഞെടുത്തത്. അതുപോലെ കൗതുകകരമായ ഈ സംരംഭത്തിൽ ക്യാമറയ്ക്കു മുന്നിലും പിന്നിലും പ്രവർത്തിച്ചത് സ്ത്രീകൾ ആയിരുന്നു. ഷാലിമ സിദ്ധിഖ് ആണ് ചിത്രങ്ങൾ പകർത്തിയത്. മോഡലുകളുടെ കാസ്റ്റിംഗ്, ചിത്രങ്ങളുടെ എഡിറ്റിംഗ്, ബുക്ക് ഡിസൈൻ എന്നിവ സംവിധായികയായ ചിനോ നിർവഹിച്ചു. കൂടാതെ ഷാജി എൻ. കരുണിന്റെ വാനപ്രസ്ഥത്തിലെ സുഭദ്രയാവുകയും ചെയ്തു.

മിനി പിള്ള, ദിവ്യ മോഹൻ, പത്മജ പൊറ്റത്തിൽ, ടിന തോമസ്, ലക്ഷ്മി വിജയചന്ദ്രൻ, ദീപ മേനോൻ, ശ്രീലേഖ ഹരിദാസ്, രശ്മി ഭൂതലിംഗം, സുജ ജയൻ, നീമ നായർ, വിധു എം. നായർ, ബിന്ദു മേക്കോത്ത്, ഗൗരി അർജുൻ, നസീഹ മച്ചിങ്ങൽ, അഞ്ജു ശ്രീനിവാസൻ, ജീവ ഏബ്രഹാം, ശ്രുതി സുകുമാരൻ, റോഷ്നി രാമചന്ദ്രൻ, റീന രാമചന്ദ്രൻ, നിഷ ശിവശങ്കരൻ, സ്മിജി സോണി, പൂർണിമ ഗോപകുമാർ, ചിന്നു സൂരജ്, ജെയിൻ ജേക്കബ്, സജിത സിദ്ധിഖ്, സാലു ജോൺ എന്നിവരാണ് വിവിധ കഥാപാത്രങ്ങളെ അവതരിപ്പിച്ച മോഡലുകൾ.

ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ച ഈ പുസ്തകത്തിൽ ഓരോ സ്ത്രീ കഥാപാത്രങ്ങളുടെ ജീവിതങ്ങളെക്കുറിച്ചും ഇന്നും അവർക്കുള്ള പ്രസക്തിയെപ്പറ്റിയും സംവിധായിക മനോഹരമായി വിവരിച്ചിട്ടുണ്ട്. തകഴിയുടെ കറുത്തമ്മയും മലയാറ്റൂരിന്റെ യക്ഷിയും ഉറൂബിന്റെ ഉമ്മാച്ചുവും മുതൽ 2024-ൽ മലയാളത്തിലേക്ക് തർജ്ജമ ചെയ്ത 'ജലജന്മങ്ങൾ' എന്ന നോവലിലെ മറിയാമ്മയും അടക്കം 27 സ്ത്രീകഥാപാത്രങ്ങൾക്കാണ് ഈ പുസ്തകത്തിലൂടെ ജീവൻവെച്ചത്. സാൻ ഡിയാഗോ എന്ന നഗരത്തിലെ പലയിടങ്ങൾ കേരളമാക്കി മാറ്റിയത് ഈ ഫോട്ടോഷൂട്ടിനെ വളരെയധികം ശ്രദ്ധേയമാക്കി. വിശ്വവിഖ്യാതമായ മലയാള സാഹിത്യത്തെ മലയാളം അറിയാത്ത പുതിയ തലമുറയെ പരിചയപ്പെടുത്തുക എന്ന വലിയ ലക്ഷ്യമായിരുന്നു ഈ ഉദ്യമത്തിനു പിന്നിൽ. ഇതിനോടകം പുസ്തകത്തിന്റെ ഒരുപാട് കോപ്പികൾ വിറ്റഴിഞ്ഞിട്ടുണ്ട്. ഇതിൽനിന്നു കിട്ടുന്ന പണം ആതുരസേവനത്തിനായി ഉപയോഗിക്കുമെന്ന് 'Through Her Eyes' ടീം അറിയിച്ചു.




# ബോണ്ടിംഗ് ഫാമിലീസ് പദ്ധതി സ്ത്രീ സുരക്ഷാ നിയമ അവബോധ സെമിനാർ സംഘടിപ്പിച്ചു




കോട്ടയം: കോട്ടയം അതിരൂപതയുടെ നേതൃത്വത്തിൽ വിഭാവനം ചെയ്ത് നടപ്പിലാക്കുന്ന ബോണ്ടിംഗ് ഫാമിലീസ് പദ്ധതിയുടെ ഭാഗമായി സ്ത്രീസുരക്ഷാ നിയമ അവബോധ സെമിനാർ സംഘടിപ്പിച്ചു. തെള്ളകം ചൈതന്യയിൽ സംഘടിപ്പിച്ച സെമിനാറിന്റെ ഉദ്ഘാടനം ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ആര്യ രാജൻ നിർവഹിച്ചു. കോട്ടയം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് എൻഫോഴ്സ്മെന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ ബി. ആശാകുമാർ മുഖ്യാതിഥിയായി പങ്കെടുത്തു. കെ.എസ്.എസ്.എസ്. എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ, കോ-ഓർഡിനേറ്റർ മേഴ്സി സ്റ്റീഫൻ എന്നിവർ പ്രസംഗിച്ചു. സ്ത്രീ സുരക്ഷാ നിയമ അവബോധ സെമിനാറിന് കോട്ടയം നാർക്കോട്ടിക് സെൽ സിവിൽ പോലീസ് ഓഫീസർ അമ്പിളി വി.ബി. നേതൃത്വം നല്കി. അമേരിക്കയിലെ ക്നാനായ കാത്തലിക് റീജിയന്റെ ബോണ്ടിംഗ് ഫാമിലീസ് സംഘടനയുടെയും കോട്ടയം സോഷ്യൽ സർവീസ് സൊസൈറ്റിയുടെയും പങ്കാളിത്തത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്. നൂറോളം വനിതകൾ പരിപാടിയിൽ പങ്കെടുത്തു.

കേരളാ എക്സ്പ്രസ്
വാരാന്ത്യം

കഴിഞ്ഞ 32 വർഷങ്ങളായി അമേരിക്കൻ മലയാളികളുടെ വാർത്തകളുടേയും ചിന്തകളുടേയും നേർപതിപ്പായ കേരളാ എക്സ്പ്രസ്സ് ഈ മാസം മുതൽ സാഹിത്യം, സിനിമ, യാത്രാക്കുറിപ്പുകൾ, സോഷ്യൽ മീഡിയ കുറിപ്പുകൾ എന്നിവയ്ക്കായി രണ്ട് പേജുകൾ നീക്കിവെയ്ക്കുന്നു.

കാച്ചിക്കുറുക്കിയ രചനകളാണ് കൂടുതലായും പരിഗണിക്കുക. മതപരമായ വിഷയങ്ങൾ ഒഴിവാക്കേണ്ടതാണ്. തിരക്കുകളുടെ ലോകത്ത് സജീവമായ മനുഷ്യന് ചുരുങ്ങിയ വാക്കുകളിൽ എല്ലാം കാണാനും കേൾക്കാനുമാണ് താല്പര്യം. എഴുതുന്നവർക്കും, എഴുതി തുടങ്ങുന്നവർക്കും കേരളാ എക്സ്പ്രസ്സിന്റെ ഈ പംക്തിയിലേക്ക് സ്വാഗതം.

രചനകൾ അയക്കുന്നവരുടെ പൂർണ്ണമായ മേൽവിലാസവും ഫോൺ നമ്പറും ഉണ്ടായിരിക്കേണ്ടതാണ്. യൂണിക്കോഡ് ഫോർമാറ്റിലാണ് രചനകൾ അയക്കേണ്ടത്. രചയിതാവിന്റെ ഫോട്ടോയും രചനകൾക്കൊപ്പം അയക്കേണ്ടതാണ്. ദീർഘമായ രചനകൾ അയയ്ക്കേണ്ടതില്ല. രചനകൾ പ്രസിദ്ധീകരിക്കുവാനുള്ള തീരുമാനം പൂർണ്ണമായും എഡിറ്റോറിയൽ ബോർഡിനായിരിക്കും.

രചനകൾ അയയ്ക്കേണ്ട വിലാസം:
news@keralaexpress.com

വഴിത്താരകൾ

കേരളാ എക്സ്പ്രസ്
KERALA EXPRESS
Weekly Newspaper National Edition from Chicago

കേരളാ എക്സ്പ്രസ്സിലെ ശ്രദ്ധേയമായ പംക്തി

നിങ്ങളുടെ ജീവിതം ഞങ്ങളോട്
പറയാൻ താല്പര്യമുണ്ടോ?
വെറും ജീവിതമല്ല കേട്ടോ,
മറ്റുള്ളവർക്ക് വേണ്ടി മാറ്റിവെച്ച ജീവിതം,
മാതൃകയാക്കാവുന്ന ജീവിതം,
ഉണ്ടെങ്കിൽ മുഖത്ത് നോക്കി നിങ്ങളുടെ കഥ പറയാം

ഇതാ ഒരു സുവർണ്ണാവസരം..!
കേരളാ എക്സ്പ്രസിന്റെ 'വഴിത്താരകൾ' എന്ന പംക്തിയിലൂടെ

ഇനി ലോകം നിങ്ങളെ അറിയട്ടെ

വിശദവിവരങ്ങൾക്കായി കേരള എക്സ്പ്രസ്സ് എക്സിക്യൂട്ടീവ് എഡിറ്റർ ജോസ് കണിയാലിയുമായി (630)728-7956 ബന്ധപെടുക.

KERALA EXPRESS പ്രവാസി താളുകൾ

# അനുകരണഭ്രമം അപകടകരം

എൽസി ബേബി

അനുകരണം മനുഷ്യസഹജമാകുന്നു. നല്ല നല്ല കാര്യങ്ങൾ അനുകരിക്കുന്നതിൽ ഒരു തെറ്റും ഇല്ല. പക്ഷേ, തിന്മകൾ അനുകരിക്കാനാണ് മനുഷ്യർ കൂടുതൽ ജാഗ്രത കാണിക്കാറുള്ളത് എന്നതാണ് സത്യം. കുഞ്ഞുങ്ങൾ ശൈശവപ്രായം മുതൽ കണ്ടും കേട്ടും വളരുന്നത് മാതാപിതാക്കളെ അനുകരിച്ചാണല്ലോ? ഗർഭാശയത്തിൽ വളരുന്ന ശിശുക്കൾപോലും അവർക്കുചുറ്റും നടക്കുന്ന ശബ്ദങ്ങൾ ശ്രദ്ധിക്കും എന്നാണ് മനഃശ്ശാസ്ത്രം പറയുന്നത്. കുടുംബത്തിൽ മാതാപിതാക്കൾ തമ്മിലുള്ള സ്നേഹം, ഐക്യത, ഇടപെടലുകൾ എല്ലാം പൈതങ്ങൾ നിരീക്ഷിക്കുന്നു. അത് അവരുടെ ചെറുപ്രായത്തിൽ കളികളിലും സംസാരത്തിലും അനുകരിക്കുന്നത് നാം ശ്രദ്ധിക്കാറുണ്ടല്ലോ. പക്ഷിമൃഗാദികളിൽ ഇല്ലാത്ത ഈ അനുകരണസ്വഭാവം മനുഷ്യരിൽ മാത്രം കാണുന്ന ഒരു സവിശേഷതയാകുന്നു. മാതാപിതാക്കളെ അനുകരിക്കുന്ന മക്കൾ സ്കൂളിലും കോളജിലും സമൂഹത്തിലും ഇറങ്ങി ജീവിക്കുമ്പോൾ കാണുന്നതും കേൾക്കുന്നതും അനുകരിക്കുന്ന പ്രവണതകൾ സ്വാഭാവികം മാത്രം. നന്മകളെ അനുകരിക്കുവാൻ കുഞ്ഞുങ്ങളെ പ്രേരിപ്പിക്കുകയും തിന്മകൾ തള്ളിക്കളയുവാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടത് മാതാപിതാക്കളുടെ കടമയാകുന്നു.

കുഞ്ഞുങ്ങൾ ചെറുപ്രായം മുതലേ സ്കൂളിൽനിന്നു വരുമ്പോൾ ചില 'സ്വഭാവങ്ങൾ' കാണിക്കുന്നത് മാതാപിതാക്കൾ ശ്രദ്ധിക്കേണ്ടതാകുന്നു. കുസൃതികളായ കുട്ടികൾ കാണിക്കുന്ന ചില 'ഗോഷ്ഠികളും' മറ്റും അനുകരിക്കുന്നതു കാണുമ്പോൾ അതു മാറ്റുവാൻ ശ്രമിക്കേണ്ടതാകുന്നു. പല കുട്ടികളും കാണിക്കുന്ന ചില ദുഃസ്വഭാവങ്ങൾ അനുകരണമായിരിക്കാം. ഹൈസ്കൂളിലും കോളജിലും പഠിക്കുന്ന കുട്ടികളിൽ അനുകരണം വളരെ കൂടിയിരിക്കും. മാതാപിതാക്കൾ അതു ശ്രദ്ധിക്കുക മാത്രമല്ല അവരിൽനിന്നും തുടച്ചുമാറ്റുവാൻ ശ്രദ്ധിക്കേണ്ടതാകുന്നു. ഇന്ന് യുവതീയുവാക്കളിൽ കാണുന്ന പല ദുഃസ്വഭാവങ്ങളും 'അനുകരണ' ങ്ങളുടെ അനുഭവമാകുന്നു. അവരുടെ സ്വഭാവങ്ങളിലുള്ള മാറ്റം, സംസാരം, നടപ്പ്, പരിഷ്കാരം ഇവയെല്ലാം മാതാപിതാക്കൾ ശ്രദ്ധിച്ച് 'നല്ലവ'യെ പ്രോത്സാഹിപ്പിക്കുകയും തിന്മയായവയെ നിരുത്സാഹപ്പെടുത്തി അവയുടെ ദോഷഫലങ്ങൾ പറഞ്ഞു മനസ്സിലാക്കുക.

ഇന്ന് പല യുവതീയുവാക്കളും അനുകരിക്കുന്നത് അവർ കാണുന്ന ടി.വി. ഷോകളിൽനിന്നും ഫെയ്സ്ബുക്, വാട്സ് ആപ്പ് മുതലായ ആധുനിക ടെക്നോളജിയിലൂടെയുമാകുന്നു. അവ ക്രമാതീതമായി നിയന്ത്രണമില്ലാതെ പെരുകി വരികയാണല്ലോ. മാതാപിതാക്കളും മക്കളുമായി ഉറ്റസംസർഗ്ഗവും സംസാരവും ആശയവിനിമയവും ഉണ്ടായാൽ മാത്രമേ അവരെ അതിലൂടെ നിയന്ത്രിക്കാനാകൂ. നല്ലനല്ല കാര്യങ്ങളെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം, വാത്സല്യപൂർവ്വം അംഗീകാരം അർഹിക്കാത്ത വിനോദങ്ങളായാലും സ്വഭാവ വ്യത്യാസമായാലും തർക്കവിഷയമായാലും ബുദ്ധിപൂർവ്വം നിരുത്സാഹപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാകുന്നു. മക്കളെ അവരവരുടെ സ്വാതന്ത്ര്യത്തിനു വിടുന്ന മാതാപിതാക്കൾ അവരിൽനിന്നും അനുഭവിക്കുന്ന ദുഃഖങ്ങളുടെയും ദോഷങ്ങളുടെയും ക്രൂരതയേറിയ സംഭവങ്ങളുടെയും സാക്ഷികളാകുന്ന വാർത്തകൾ പെരുകിവരികയല്ലെ? കൊലപാതകങ്ങളുടെയും ആത്മഹത്യകളുടെയും ഒളിച്ചോട്ടങ്ങളുടെയും മറ്റും കഥകൾ വിവരിക്കേണ്ടതില്ലല്ലോ?

ഇനി പ്രായമായവരുടെ അനുകരണംമൂലം നശിക്കുന്ന കുടുംബബന്ധങ്ങളും അരക്ഷിതാവസ്ഥയും മറ്റും എവിടെ തുടങ്ങണമെന്നറിയില്ല. സ്ത്രീകളിലാണ് അത് അധികവും കാണുന്നത്. മറ്റു കുടുംബങ്ങളിൽ കാണുന്ന പല 'വിഷയങ്ങളും' തങ്ങൾക്കും വേണമെന്ന ശാഠ്യം. ഒരുപക്ഷേ, വീടാകാം, കാറാകാം, വീട്ടുപകരണങ്ങളാകാം. മറ്റുള്ളവർക്കുള്ളതു തങ്ങൾക്കും വേണം. എന്തിന്? തങ്ങൾ അവരേക്കാൾ ഒട്ടും താഴ്ന്നവരോ കുറഞ്ഞവരോ അല്ല എന്നു കാണിക്കാനുള്ള പൊങ്ങച്ചം! തങ്ങളുടെ 'കൊക്കിനൊതുങ്ങുന്നതേ കൊത്താവൂ' എന്ന പ്രമാണം കാത്തു സൂക്ഷിക്കുക. ആർക്കുവേണ്ടിയാണ് നാം ജീവിക്കുന്നത്? ആരെ ബോധിപ്പിക്കാനാണ് നാം ആവേശം കൊള്ളുന്നത്? അനുകരണത്തിനു മുൻപന്തിയിൽ നില്ക്കുന്നത് കേരളാ വനിതകളാണെന്നു പറഞ്ഞാൽ സമ്മതിക്കാതിരിക്കാൻ തരമില്ല.



ലേഖിക

ഏതു പരിഷ്കാരവും വസ്ത്രധാരണവും സംസാരവും കുടുംബബന്ധങ്ങൾ പോലും അനുകരണത്തിന്റെ പേരിൽ വികടമാക്കുന്ന സ്ത്രീകളെ കാണുമ്പോൾ അതിശയമാകുന്നു തോന്നുന്നത്. ഭാര്യമാരുടെ നിർബന്ധങ്ങൾക്കു വഴങ്ങാത്ത ഭർത്താക്കന്മാരെ പഴിചാരി ഉപേക്ഷിക്കാൻപോലും മടിക്കാത്ത സ്ത്രീകൾ! 'വിവാഹമോചനം' പോലും പരിഷ്കാരമായി അനുകരിക്കുന്ന ഭാര്യാഭർത്താക്കന്മാരുടെ ഭോഷത്വം ചില്ലറയൊന്നുമല്ല.

അതുമൂലം തകരുന്ന കുടുംബങ്ങൾ, മക്കൾ! തമ്മിൽ തമ്മിൽ സ്നേഹിച്ചും ബഹുമാനിച്ചും വിശ്വാസത്തോടും വിശ്വസ്തതയോടുംകൂടെ കരുതി ജീവിക്കുന്ന ഭാര്യാഭർത്താക്കന്മാർ അന്യ ഭാര്യാഭർത്താക്കന്മാരുടെ ജീവിതം കണ്ട് അനുകരിക്കുന്ന പല സംഭവങ്ങൾ വിവരിക്കാനിടംപോരാ! ഭർത്താവിനോടു തട്ടിക്കയറാനും ഭർത്താവിനെ അനുസരിക്കാതിരിക്കാനും മറ്റും അനുകരിക്കുന്ന ഭാര്യമാരും ഭാര്യമാരെ വഞ്ചിച്ചും പൊട്ടസ്നേഹം കാണിച്ചും അന്യസ്ത്രീകളിലേക്കാകർഷിക്കപ്പെടുന്ന ഭർത്താക്കന്മാർ! എന്തിനേറെ, കുടുംബപ്രശ്നങ്ങൾ, ആത്മഹത്യകൾ, കൊലപാതകങ്ങൾ ഇവയൊക്കെ അനുകരണഭ്രമങ്ങളുടെ തിക്തഫലങ്ങളാകുന്നു.

ഇന്നു യുവജനങ്ങളിൽ കാണുന്ന കാമഭ്രാന്തുകൾ, പ്രേമഭ്രാന്തുകൾ, പ്രേമനൈരാശ്യം, അതുമൂലമുണ്ടാകുന്ന കൊലപാതകങ്ങളും ആത്മഹത്യകളും ഇന്നു നമ്മുടെയൊക്കെ സമൂഹത്തിൽ പൂർവ്വാധികം പെരുകിവരുന്നതിന്റെ പിറകിലുള്ള പ്രധാന കാരണം 'അനുകരണ ഭ്രമം' അല്ലേ? എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ചുരുക്കി പറഞ്ഞാൽ അനുകരണം നല്ലതുതന്നെ. നല്ല നല്ല കാര്യങ്ങൾ, സ്വഭാവങ്ങൾ, ജീവിതരീതികൾ, വർത്തമാനങ്ങൾ, കുടുംബജീവിത മാതൃകകൾ, ഭാര്യാഭർതൃ ബന്ധം, വിവാഹങ്ങൾ, ദൈവഭയം, ഭക്തി, പ്രാർത്ഥന, ആരാധന ഇങ്ങനെ നല്ല നല്ല വിഷയങ്ങൾ ആദ്യം മാതാപിതാക്കൾ മക്കൾക്കു കാണിച്ചുകൊടുക്കുക. അവരതു അനുകരിക്കാൻ പ്രോത്സാഹിപ്പിക്കുക. വിദ്യാലയങ്ങളിൽ അദ്ധ്യാപകർ കുട്ടികളെ നല്ല നല്ല കാര്യങ്ങൾ പഠിപ്പിക്കുവാനും തിന്മകൾ തള്ളി നന്മകൾ മാത്രം ചെയ്താലുള്ള അനുഗ്രഹങ്ങളേക്കുറിച്ചു പഠിപ്പിച്ച് ബോധവാന്മാരാക്കുക. അതുപോലെതന്നെ യുവജനങ്ങൾക്കു ബുദ്ധി ഉപദേശിച്ച് അവരെ സന്മാർഗ്ഗങ്ങളിലേക്കു നയിക്കുവാനുള്ള പ്രോത്സാഹനം മതാദ്ധ്യക്ഷന്മാർ പഠിപ്പിക്കുക. തെറ്റുകൾ കണ്ടാൽ തിരുത്തുവാനും ഉപദേശിക്കുവാനും മാതൃക കാണിച്ചുകൊടുക്കാനും മതാദ്ധ്യക്ഷന്മാർ ശ്രദ്ധിക്കേണ്ടതാകുന്നു. മാതാപിതാക്കളായാലും മതാദ്ധ്യക്ഷന്മാരായാലും കുഞ്ഞുങ്ങളെ ചെറുപ്രായത്തിൽതന്നെ നല്ല ശിക്ഷണത്തിലും യോഗ്യമായ ശിക്ഷകൾ നല്കിയും പരിശീലിപ്പിക്കുക.

പാശ്ചാത്യ, പൗരസ്ത്യ രാജ്യങ്ങളുടെ കാലാവസ്ഥ, പരിഷ്കാരങ്ങൾ, ഭക്ഷണ രീതികൾ, വസ്ത്രധാരണം, ഭാഷകൾ എല്ലാം അതതു രാജ്യങ്ങൾക്കനുസൃതമായിരിക്കും. ഇന്ന് വിദേശരാജ്യങ്ങളിൽ പോയി പഠിക്കാനും ഉദ്യോഗങ്ങൾക്കായും മറ്റും ചേക്കേറുന്ന ഇതര രാജ്യക്കാർ അനുകരിക്കാൻ കൊള്ളാവുന്ന പല വിഷയങ്ങളും കണ്ടെന്നുവരാം. അവ അനുകരിക്കുന്നതിൽ തെറ്റില്ല. പക്ഷേ, ചില ഭക്ഷണങ്ങൾ, വസ്ത്രധാരണങ്ങൾ, പരിഷ്കാരങ്ങൾ, അതതു രാജ്യങ്ങളിലെ കാലാവസ്ഥയനുസരിച്ചും ജീവിതരീതികൾ അനുസരിച്ചുമായിരിക്കാം. അവയുടെ ഗുണദോഷങ്ങൾ മനസ്സിലാക്കാതെ അനുകരിച്ചാൽ ദോഷങ്ങളുണ്ടായെന്നു വരാം. അതുപോലെ അവരുടെ ജീവിതരീതികൾ, കുടുംബജീവിതം, വിവാഹങ്ങൾ, മക്കൾ ഇവയൊക്കെ വ്യത്യസ്തങ്ങളായിരിക്കും. അവയെല്ലാം അനുകരിക്കണമെന്നില്ല. എന്നുമാത്രമല്ല മറ്റു രാജ്യങ്ങളിലെ ജീവിതരീതികളെ പഴിക്കുന്നതും ശരിയല്ല.

വിദേശ രാജ്യങ്ങളിലെ പരിഷ്കാരങ്ങൾ അനുകരിക്കാൻ വ്യഗ്രത കാണിക്കേണ്ടതില്ല. ഉദാഹരണത്തിന് പാശ്ചാത്യരാജ്യങ്ങളിലെ ഭക്ഷണം, വസ്ത്രങ്ങൾ, ഭവനങ്ങൾ എല്ലാം അവിടത്തെ കാലാവസ്ഥയനുസരിച്ചാകുന്നു. അവ പൗരസ്ത്യ രാജ്യങ്ങളിലേക്കു പകർത്താൻ ശ്രമിക്കുന്നതും പൗരസ്ത്യ രാജ്യങ്ങളിലേത് പാശ്ചാത്യ രാജ്യങ്ങൾ അനുകരിക്കാൻ ശ്രമിക്കുന്നതും ബുദ്ധിയായിരിക്കയില്ല.

ചുരുക്കിപ്പറഞ്ഞാൽ ഗുണദോഷങ്ങൾ നന്നായി പഠിച്ചിട്ടുവേണം ഏതു കാര്യവും അനുകരിക്കുവാൻ. 'കാക്ക കുളിച്ചാൽ കൊക്കാകാൻ പറ്റുകയില്ല' എന്ന യാഥാർത്ഥ്യം മനസ്സിലാക്കിവേണം ഏതുകാര്യവും അനുകരിക്കുവാൻ. അതുപോലെതന്നെ 'ഏച്ചുകെട്ടിയാൽ മുഴച്ചിരിക്കും' എന്നു പറയാറുള്ളതും വാസ്തവമാകുന്നു. അനുകരണം നല്ലതുതന്നെ. പക്ഷേ, ദോഷകരങ്ങളായ അനുകരണങ്ങളും നിർബന്ധങ്ങളും ദോഷത്തിലേ ചെന്നവസാനിക്കൂ. നാം മറ്റുള്ളവരെ അനുകരിക്കുന്നതിനേക്കാൾ നമ്മെ മറ്റുള്ളവർ അനുകരിക്കത്തക്ക മാതൃകാജീവിതം ജീവിച്ചുകാണിക്കുവാൻ ശ്രദ്ധിക്കുക. പൊങ്ങച്ചം, ആഡംബരം, ആർഭാടങ്ങൾ ഇവയെല്ലാം അനുകരണദൂഷ്യം വരുത്തുന്നവയാകുന്നു. അതുമൂലം ഗുണത്തേക്കാൾ ദോഷമേ വരൂ എന്നോർക്കുക.

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 86.07 |
| യൂറോ | 99.62 |
| സ്റ്റെർലിംഗ്പൗണ്ട് | 116.87 |
| സ്വിസ് ഫ്രാങ്ക് | 106.11 |
| സിംഗപ്പൂർ ഡോളർ | 67.22 |
| കനേഡിയൻ ഡോളർ | 63.40 |
| ഒമാൻ റിയാൽ | 223.83 |
| ബഹ്റൈൻ ദിനാർ | 228.14 |
| സൗദി റിയാൽ | 22.94 |
| യു.എ.ഇ. ദിർഹം | 23.43 |
| കുവൈത്ത് ദിനാർ | 281.29 |



# ഹൂസ്റ്റണിൽ അജപാലന കേന്ദ്രത്തിന്റെ ധനശേഖരണം വൻവിജയമായി



ഹൂസ്റ്റൺ: സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഫൊറോനാ ദൈവാലയത്തിൽ നിർമ്മിക്കപ്പെടുന്ന അജപാലന കേന്ദ്രത്തിന്റെ ധനസമാഹരണത്തിന് അതിഗംഭീരമായ തുടക്കം. കോട്ടയം അതിരൂപതാ സഹായമെത്രാൻ ഗീവർഗീസ് മാർ അപ്രേം ധനസമാഹരണത്തിന്റെ ഉദ്ഘാടനകർമ്മം നിർവഹിച്ചു.

**ബിബി തെക്കനാട്ട്**

ഞായറാഴ്ച രാവിലെ ദൈവാലയ കവാടത്തിൽ അഭിവന്ദ്യ പിതാവിന് ഇടവകയുടെ സ്വീകരണം നല്കി. തുടർന്നു നടന്ന വിശുദ്ധ കുർബാന അഭിവന്ദ്യ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിക്കപ്പെട്ടു.

വികാരി ഫാ. അബ്രാഹം മുത്തോലത്ത്, അസി. വികാരി ഫാ. ജോഷി വലിയവീട്ടിൽ എന്നിവർ സഹകാർമ്മികരായിരുന്നു.

വിശുദ്ധ കുർബാനയ്ക്കു ശേഷം ധനസമാഹരണത്തിന്റെ ഔദ്യോഗികമായ ഉദ്ഘാടനം നിർവഹിച്ചു. മെഗാ സ്പോൺസർമാരായ തയ്യിൽ പുത്തൻപുരയിൽ ജായിച്ചൻ ആൻഡ് തെരേസ, മറുതാച്ചിക്കൽ സുമൻ ആൻഡ് ബീന, ഇല്ലിക്കാട്ടിൽ ലീലാമ്മ, പാട്ടപ്പതി ജോയ് ആൻഡ് ബിബിയ എന്നിവർ ആദ്യഗഡു നല്കി.

തുടർന്ന് മറ്റ് ഇടവകാംഗങ്ങൾ എല്ലാവരും ഈ മംഗളകർമ്മത്തിന് സജീവ പങ്കാളികളായി.

പാരിഷ് എക്സിക്യൂട്ടീവ് അംഗങ്ങളായ ജായിച്ചൻ തയ്യിൽപുത്തൻപുരയിൽ, ഷാജുമോൻ മുകളേൽ, ബാബു പറയംകാലായിൽ, ജോപ്പൻ പൂവപ്പാടത്ത്, ജെയിംസ് ഇടുക്കുതറയിൽ, ജോസ് പുളിക്കത്തൊട്ടിയിൽ, ടോം വിരിപ്പൻ, സിസ്റ്റർ റെജി എസ്.ജെ.സി., ബിബി തെക്കനാട്ട് എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി.

ഈ ദൈവിക നിയോഗത്തിനു സജീവമായ സാമ്പത്തിക സഹായം നല്കി സഹകരിച്ച എല്ലാവർക്കും വികാരി ഫാ. അബ്രാഹം മുത്തോലത്ത്, അസി. വികാരി ഫാ. ജോഷി വലിയവീട്ടിൽ എന്നിവർ ദൈവനാമത്തിൽ നന്ദി രേഖപ്പെടുത്തി.







# പിതൃദിനത്തിൽ ഉപ്പയെ ഓർക്കുമ്പോൾ

**അബ്ദുൾ പുന്നയൂർക്കുളം**

ഉപ്പ മൺമറഞ്ഞിട്ട് ഈ ഡിസംബർ 3-ന് 45 വർഷമാകുന്നു. വർഷങ്ങളായി മനസ്സിൽ താലോലിച്ചു നടക്കുന്ന ഒന്നാണ്, ഉപ്പ അന്ത്യവിശ്രമം കൊള്ളുന്നേടത്ത് സ്വന്തം അന്ത്യവിശ്രമം വേണമെന്ന്. പക്ഷേ, ഉപ്പയുടെ കബറിന് മൂന്ന് മക്കൾ അവകാശികളായിട്ടുണ്ട്. അതിൽ മൂത്ത സഹോദരൻ, മുഹമ്മദുണ്ണി കുറച്ചകലെയാണ് കുടുംബവുമൊത്ത് വാസം. ഇളയവൻ സെയ്തുവിനോട് ആ ആഗ്രഹം സൂചിപ്പിച്ചെങ്കിലും വ്യക്തമായ പ്രതികരണം ലഭിച്ചില്ല.



ആലോചിച്ചപ്പോൾ ഉപ്പ തനിക്ക് പിതാവ് മാത്രമായിരുന്നെങ്കിൽ, സെയ്തുവിന് ഉപ്പ പിതാവും മാതാവുമായിരുന്നു. കാരണം അവന് അഞ്ച് വയസ്സുള്ളപ്പോഴാണ് അവനെ ഉമ്മയുടെ അരികിൽ നിന്നെടുത്ത് മലേഷ്യയിലേക്ക് കൊണ്ടുപോയത്. ഉപ്പ മലേഷ്യയിലാണ് ജോലി ചെയ്തിരുന്നത്. അന്നത്തെ നിയമമനുസരിച്ച് മലേഷ്യൻ പൗരർക്ക് അവരുടെ ആറ് വയസ്സിനു താഴെയുള്ള മക്കളെ കൊണ്ടുപോകാം. മലേഷ്യൻ പൗരനായ ഉപ്പ ആ അവസരം വിനിയോഗിച്ചു. പിന്നെ പ്രായപൂർത്തിയാകുന്നതുവരെ അവന്റെ എല്ലാമെല്ലാം ഉപ്പയായിരുന്നു. ആ സ്ഥിതിക്ക് അവനല്ലേ യഥാർത്ഥ അവകാശി? സംശയനിവാരണത്തിന് ഞാലിൽ പള്ളിയിലെ ഉസ്താദിനെ സമീപിച്ചു. ഉസ്താദ് കാര്യങ്ങൾ ശ്രവിച്ചശേഷം പറഞ്ഞു: "ജ്യേഷ്ഠന്റെ അഭീഷ്ടത്തിന് എതിരായി അനുജൻ ഒന്നും പറഞ്ഞില്ലല്ലോ...?"

ഉപ്പ ചിലപ്പോൾ ആറ് മാസത്തോളം നാട്ടിലുണ്ടാവും. ആ കാലയളവിൽ ഉപ്പ പാടത്തും പറമ്പിലും പണിയെടുപ്പിക്കും. അതിനിടെ ഞാനും ഉപ്പയും തമ്മിൽ ഒന്നു രണ്ട് അസ്വാരസ്യങ്ങൾ ഉണ്ടായിട്ടുണ്ട്. അതിലൊന്ന് പെങ്ങന്മാർ, കൂട്ടുകാരികളുമായി പശുവിന് ആമ്പൽ തീറ്റ ശേഖരിക്കാൻ പുഞ്ചപ്പാടത്തേക്ക് പോകുന്നുണ്ട്. അവർക്കൊപ്പം എനിക്കും പോകണം. ഉപ്പ തടഞ്ഞു. ഉപ്പയെ ശ്രദ്ധിക്കാതെ ഞാൻ സോദരിമാരുടെ പിന്നാലെ ഓടി. ഉപ്പ പുറകെയും. കൗമാരക്കാരനായ എനിക്കൊപ്പം ഉപ്പയെത്താൻ അല്പം പ്രയാസപ്പെടേണ്ടി വന്നെങ്കിലും എന്നെ പിടിച്ചു വീട്ടിലേക്കു കൊണ്ടുവന്നു. തുടർന്ന് രണ്ട് കൈയും കെട്ടി അടിക്കാനുള്ള ശ്രമമായി. എപ്പോഴും ഉമ്മറത്തുണ്ടാവാറുള്ള ഉമ്മയുടെ നിഴൽ ആ ഭാഗത്തൊന്നും കണ്ടില്ല. ഭാഗ്യത്തിന് അപ്പോൾ വീട്ടിലേക്ക് വന്ന, അയൽവാസിയും ഉപ്പയുടെ സുഹൃത്തുമായ ഊക്കയിൽ അയമുണ്ണി ഹാജി, 'എന്താ മൊയ്തുണ്ണ്യേ നീ കാണിക്ക്ണ്' എന്നു പറഞ്ഞ് എന്നെ നിഷ്പ്രയാസം കെട്ടഴിച്ചു വിട്ടു!

മുമ്പൊക്കെ, പാടത്ത് നിന്നും പറമ്പിൽ നിന്നും കുളത്തിൽ നിന്നും മണ്ണ് കൊട്ടയിലാക്കി തെങ്ങിന്റെ കടയ്ക്കൽ ഇടുക പതിവായിരുന്നു. ചിലപ്പോൾ അഞ്ചോ പത്തോ പെണ്ണുങ്ങൾക്ക് മണ്ണ് കൊട്ടയിൽ നിറയ്ക്കാൻ ഒരാണും ഉണ്ടാവും. അന്ന് ഞാനായിരുന്നു കൊട്ട നിറച്ചു കൊടുത്തിരുന്നത്. അന്ന് ആണിന് അഞ്ചും പെണ്ണിന് ഒരു രൂപയുമായിരുന്നു പ്രതിഫലം. ഞാൻ ഉമ്മയെക്കൊണ്ട് ഉപ്പയോട് ഒരു രൂപ ചോദിപ്പിച്ചു. ഉപ്പ തന്നില്ല. ഉമ്മ എനിക്കുവേണ്ടി വാദിച്ചുമില്ല. ഉപ്പ പൈസ തരാത്തതിൽ വേദന തോന്നി. പക്ഷേ, കെട്ടിയിട്ട് അടിക്കാൻ ശ്രമിച്ചപ്പോൾ അത്ര പ്രയാസം തോന്നിയിട്ടില്ല.

ഞാൻ എസ്.എസ്.എൽ.സി തോറ്റപ്പോൾ നാട്ടിൽ പഠിച്ചാൽ ശരിയാവില്ല, ദൂരെ പോയി താമസിച്ചു പഠിക്കണമെന്ന് ശഠിച്ചു. ഉപ്പ അന്നത്തെ എംഎൽഎ കെ.ജി. കരുണാകരമേനോന്റെ സഹായത്തോടെ പാലക്കാട് സൂരിയുടെ ട്യൂട്ടോറിയൽ കോളജിൽ ചേർത്തു; പ്രോത്സാഹിപ്പിച്ചു.

എഴുപതുകളുടെ തുടക്കത്തിൽ ഗൾഫ് രാജ്യങ്ങളിലേക്ക് ജനം പോകാൻ തുടങ്ങി. എഴുപതിന്റെ ഒടുക്കത്തോടെ എനിക്കും ഒരാഗ്രഹം യുഎഇയിൽ പോകണമെന്ന്. പക്ഷേ, ഗൾഫിൽ പോകണമെങ്കിൽ ആരെങ്കിലും ജോലി സ്പോൺസർ ചെയ്യുകയോ ഒരു നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് (എൻഒസി) അയച്ചുതരുകയോ വേണം. അല്ലെങ്കിൽ 5,000 ക കൊടുത്ത് എൻഒസി വാങ്ങണം. അന്ന് ആ തുക വലിയതായിരുന്നു. ഉമ്മ പറഞ്ഞതുപ്രകാരം ഞാൻ ഉപ്പാക്ക് കത്തയച്ചു. ഉപ്പ അതിനുള്ള സംഖ്യയും യാത്രാച്ചെലവും അയച്ചു തന്നു.

ഉപ്പ ഓരോ ആവശ്യങ്ങളും സഫലീകരിച്ച് തരുന്നത് ജീവിതത്തിൽ ഒരിക്കലും വിസ്മരിക്കാനാവില്ല. ഉപ്പ എപ്പോഴെങ്കിലും ശാസിക്കുമ്പോൾ ഉമ്മ എനിക്കുവേണ്ടി വാദിക്കാത്തതിൽ ഉമ്മയോട് അനാദരവ് അന്നും ഇന്നും ഉണ്ടായിട്ടില്ല. (ശേഷം 30-ാം പേജിൽ)



ലേഖകൻ

## പിതൃദിനാശംസകൾ!



**ചാക്കോ ഇട്ടിച്ചെറിയ, ചിക്കാഗോ**

അപ്പനല്ലാതെയിപ്പാരിലില്ലഹോ
ആരുമെന്നിലെയെന്നേയറിയുവാൻ
മൽപ്പിതാവേ മമജീവന്റെ ജീവനേ
അപ്പ! നീയെന്റെ സർവസ്വമൂഴിയിൽ!

നീ തിന്നൊരാപ്പിളും മാങ്ങയും തേങ്ങയും
നിൻവിയർപ്പിൻ ഗന്ധമൊക്കെയുമെന്നിലെ
ജീവനായിപ്പരിണമിച്ചില്ലയോ
നീയറിയാതെ യാരുമറിയാതെ

ഒറ്റനോട്ടത്തിലന്നു ഞാനാദ്യമായ്
പറ്റിയമ്മയ്ക്കരികിലായച്ഛനെ
കണ്ടു കൺകൾ കുളിർത്തുപോയെത്രയോ?
അച്ഛനാണെന്നറിഞ്ഞു പറയാതെ!!!

പിച്ചവച്ചു നടന്നുതുടങ്ങിനാൻ
വച്ചപാദമുറപ്പിച്ചു നിർത്തിടാൻ
അച്ഛായെൻകരം നിൻകരത്തിൽപിടി
ച്ചിച്ഛപോലെ നടത്തിയതോർപ്പൂ ഞാൻ

തോളിലേറ്റിക്കളിപ്പിച്ചതോർപ്പൂ ഞാൻ
കാളുമാനന്ദമാം കളിക്കോപ്പുകൾ
എത്രയെത്ര കടംകഥകൾ പറഞ്ഞ്
എന്നെയൂട്ടിയുറക്കിയതോർപ്പൂ ഞാൻ!

സൃഷ്ടികർത്തനാം ദൈവപിതാവിന്റെ
യിഷ്ടനായെന്റെ ജീവിതം തീർന്നിടാൻ
നിഷ്ഠയെന്നിൽ നിറച്ചു ദിനംദിനം
ശിഷ്ടനായ്തീർത്ത സദ്ഗുരോ ശിഷ്ടനേ!

അച്ഛനെയച്ഛനായ്ക്കാണുവാൻ ഞാനിനി
എത്ര ജന്മങ്ങൾ വീണ്ടും ജനിക്കണം
അച്ഛനെന്നെ മകനായിക്കാണുവാൻ
ഒറ്റജന്മം മതിയാകുമീശ്വരാ!

തോറ്റുപോയിഞ്ഞാനച്ഛാ പൊറുക്കുമോ
ആറ്റുനോറ്റുനീ പോറ്റിവളർത്തിയ
കണ്ണിലുണ്ണിയാമീമകൻ കണ്ണുകൾ
കണ്ടതില്ല കതിരോന്റെ രശ്മികൾ

തന്നിടട്ടെയെൻ ഉള്ളിന്റെയുള്ളിലെ
നന്ദി നിസ്വാർത്ഥചുംബനം സ്നേഹമേ!
മാറ്റമില്ലാത്ത നിൻ സ്നേഹവായ്പിനാൽ
മാറിടട്ടെ ഞാൻ മുറ്റും കൃതാർത്ഥനായ്!!!

അച്ഛനെന്ന രണ്ടക്ഷരം നാവതിൽ
ഉച്ചരിച്ചു തുടങ്ങിയ നാൾമുതൽ
ആയുസ്സിൻ ദിനമൊക്കെയും കാണ്മൂഞാൻ
അച്ഛനെത്തന്നെ കൺകണ്ട ദൈവമായ്!

അമ്മക്കൊരുദിനം, അച്ഛനൊരുദിനം
കാമുകിയായൊരു പെണ്ണിന്നൊരുദിനം
ജന്മമെനിയ്ക്കിഹേ തന്നാനൊരുദിനം
നന്മ കുരിശിൽ കുരുങ്ങിയൊരു ദിനം!

ദാനമായീശ്വരൻ നമ്മൾക്കു നല്കിയ
വാനഭൂമിയിവകളിൻ സൽഫലം
നാമറിയാതെപോകിലോ ജീവിതം
കേമമെന്നു നടിക്കുകിൽ കിംഫലം!

# റിവൈവ് ഹൂസ്റ്റൺ 2025 സമാപിച്ചു

**കുര്യൻ ഫിലിപ്പ്**

ഹൂസ്റ്റൺ: ഈസ്റ്റർ ഞായർ മുതൽ പെന്തെക്കോസ്ത് ഞായർ വരെയുള്ള 50 ദിവസം ഹൂസ്റ്റൺ പട്ടണത്തിന്റെ വിവിധ ഭാഗങ്ങളിൽ നടത്തപ്പെട്ട തീവ്ര സുവിശേഷീകരണ പരിപാടി സമാപിച്ചു.



റിവൈവ് ഹൂസ്റ്റൺ 2025 എന്ന പേരിൽ നടത്തപ്പെട്ട പരിപാടിയിൽ നൂറ്റമ്പതോളം സന്നദ്ധ സുവിശേഷപ്രവർത്തകർ പങ്കെടുത്തു. 55,000-ത്തോളം ഭവനങ്ങളിൽ സുവിശേഷ പ്രതികൾ എത്തിച്ചു.



ബൈബിൾ വാക്യങ്ങൾ ആലേഖനം ചെയ്ത പ്രത്യേക വാഹനം ഇതിനായി സജ്ജീകരിച്ചിരുന്നു. പാർക്കുകളിലും മാർക്കറ്റുകളിലും സുവിശേഷ പ്രതികൾ വിതരണം ചെയ്യുകയും സൈൻ ബോർഡുകൾ ഉയർത്തിപ്പിടിച്ച് വോളണ്ടിയേഴ്സ് മാർച്ച് ചെയ്യുകയും ചെയ്തു.

ഡാളസ് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ടൈം ടു റിവൈവ് എന്ന സംഘടനയാണ് പ്രവർത്തകർക്ക് പരിശീലനം നല്കിയത്. ഇന്റർനാഷണൽ ബൈബിൾ ചർച്ച്, ലിവിങ് വാട്ടേഴ്സ് ക്രിസ്ത്യൻ ചർച്ച് എന്നിവിടങ്ങളിൽ നടന്ന പരിശീലന ക്ലാസുകളിൽ 350-ഓളം പേർ പരിശീലനം നേടി. ജൂൺ ഏഴിനു നടന്ന സമാപന സമ്മേളനത്തിൽ ഡോ. നെയ്തൻ റോസ്, ഡോ. ടി.സി. തോമസ് എന്നിവർ പ്രസംഗിച്ചു.

പാസ്റ്റർ ബഥേൽ സാമുവൽ, പാസ്റ്റർ ജോൺ കുര്യൻ. ഡോ. ടി.സി. തോമസ് എന്നിവർ ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കി. മറ്റ് പ്രധാന സിറ്റികളിലേക്കും ഈ പ്രവർത്തനം വ്യാപിപ്പിക്കുവാനുള്ള ശ്രമത്തിലാണ് പ്രവർത്തകർ.

# SEEKING BRIDEGROOM

*Pentecostal parents settled in the USA invite proposals for their daughter who was born and brought up in the US. Age 24, height 5'3". She holds a Masters degree in Health Administration and is currently working in Ohio. Seeking alliances from qualified young professionals living in the US or Canada. If interested, please contact with full information via email: **bejoy2342@gmail.com**

*USA settled Christian family seeking proposal for their 39 year old daughter who is a US Citizen. She is 5'3", born again and baptized and in fellowship with a Pentecostal Church. She has degrees in Bio Medical Science and Law and currently working with State of Florida government since several years. We are looking for a born again, educated young man from US or Canada. Those who are interested, please text, Whatsapp at **863-709-6031** or email **mathewg1956@gmail.com**

*Pentecostal parents settled in USA prayerfully seek proposals for their born again, baptized, Sprit filled daughter brought up in USA, MD, age 30, height 5'6", currently working as Attending Professor in a reputed hospital in USA, from Pentecostal boys with professional qualifications. Please contact with full information Email: **gben8690@gmail.com**

*Pentecostal parents settled in US prayerfully inviting marriage proposals for their daughter born and brought up in US. She was born in 1993, 5'3", having her BSN degree and working as a Licensed Registered Nurse in New York. Interested parents preferably from US, please contact: WhatsApp **917-831-7397.**

*The Pentecostal family settled in Texas invites a proposal for their daughter, who has completed MD and is doing her 1st year of residency -Pediatric in Los Angeles, CA. Age 26 (November 4, 1998), 5'4", God-fearing, baptized & US citizen from parents of a Pentecostal boy, preferably from California, with a professional career and from the US. Please email complete details and pictures to **shepherdusa1@gmail.com**

*Pentecostal parents from Kerala seek a suitable alliance for their 27-year-old daughter (5'1, fair complexion), a Master's degree holder in Physical Therapy (Orthopedics), currently working in Kerala. We invite proposals from professionally qualified Pentecostal individuals in the US, Canada, UK, Australia, Switzerland, or the Middle East, preferably those interested in ministry alongside their profession. For details, contact **423-637-4717 / 423-847-7483 or email Thresiamma.chacko@gmail.com** with recent photos and information.

Visit Our Website:
www.keralaexpress.com
for Matrimonial Advt.

*Pentecostal parents invite proposals for their daughter (29 yrs, 5'4") with a Masters of Engineering degree and working as a licensed professional engineer in New York City. She was born and brought up in the US. She attends a non-denominational Christian church in NYC and is very active in fitness and sports. We are seeking suitable alliances from similarly qualified professionals. If interested, please send recent photo and details to **mathew.eng12@gmail.com.**

*Pentecostal Girl in Dallas, TX, USA: MBA/Seeking Groom Pentecostal parents looking for suitable proposals for their daughter, 25 years old and 5ft 2in, MBA and working as manager for insurance agency. Seeking proposals from professional and qualified Pentecostal boys, preferably from USA. Contact: **469-233-4309** Please leave a message if your call is now answered.

*Malayalaee Christian business man settled in Kuwait, inviting proposal for their daughter. Born again Christian, 27 years old, 5'5" with fair complexion, born and raised in Kuwait. MBBS doctor with Master's Degree in Public Health from Boston, Massachusetts. Currently preparing for USMLE. Interested parties in US or Canada please contact us at **630-808–6165** or **rajanthomas125@gmail.com**

*Single marthomite girl (40yrs, 55kg 5.5ft) MSc. Big Data Analytics (UK) currently working in the UK, seeking Christian professional groom from USA/UK/CA/Euro. Interests to contact: **+91 9745678243, +44 7767957273**

Parents invite proposal for their daughter (24 years, raised in USA, baptized Christian who attends a local community church that follow Pentecostal beliefs, 5.1', did B.S in engineering) from one with similar background & professional qualifications. If interested, please respond to email: **Helistens@outlook.com** with picture & details.

*Knanaya Catholic woman 50 years old, widow, well settled in USA seeking proposals from widower age between 50-60, who is honest in nature, responsible, willing to make compromise. Intrested parties. please respond to **813-816 5339**

*Knanaya Catholic parents invite proposals for their daughter Age: 25 yrs. (DOB: December, 1998) Height 5'1". Born in Kerala and lived in Mumbai. Then brought up in the US from the age of 9. Education: BSN and currently working as RN (travel nurse) and pursuing MSN. Seeking alliances from parents of well-educated and professionally qualified Knanaya Catholic boys brought up in the US. Please Contact: **516-554-5698 or 516-554-5681**

*Parents settled in the USA invite mar-

# SEEKING BRIDE

*Pentecostal parents settled in USA invite proposals for their born again, baptized son (24, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at **rblap@yahoo.com**

*Sister residing in USA inviting a proposal for brother dob Jan. 3, 1993, Height 5'8 Pentecostal boy. He graduated with BBA and MSW, currently working as a direct support worker in Ireland. He is very talented and involved in church ministry. Proposal inviting from Pentecostal parents, preferably USA. Cell number **224-436-9609**.email **keziajoseph86@gmail.com**

*Seeking suitable girls, Hindu Veera Shaiva, 35 years old, 5'5" tall, wheatish complexion, pleasant personality, and well-settled with a stable income. Currently working with the City Government in the USA. Seeking marriage proposals from individuals permanently residing in the United States. Caste, religion, and financial status are not barriers. Ph: **215 880 3341 (USA), 9744189382 ( India)**, Email: **vincentemmanuel@aol.com**

*Christian parents well settled in the USA inviting marriage proposals for their son born and brought up in the United States. He is 41 years old, 5'11", medium complexion, God fearing, family oriented, and currently working as an attorney for the US Government. We are seeking a suitable alliance from parents of well educated professionally qualified God-fearing Christian girls. If interested, please respond with full details and recent photograph to: **pmk8795@gmail.com**

*Pentecostal family settled in US prayerfully seeking proposal for son (March 1996 -5'7") born again baptized US citizen, working as an Engineer in a reputed space exploration firm in Texas. He has master's in mechanical engineering and Bachelors in Petroleum Engineering. Seeking suitable alliance from the parents of God fearing professionally qualified girls from US. Please respond with details via **joybe764@gmail.com** or reach out to **972.900.2524**

*Immigrant Orthodox Parents invite marriage Proposal for their son in India (Madhya Pradesh) B.E. Biomedical Engineer, from parents of Christian girls in the United States (He is 32 years old and Height is 5'4" with 68kg.) please contact at email :- **geappen@gmail.com }**

*Pentecostal parents are seeking a bride for their 26-year-old son (born November 1998), who will begin his MD residency program in Texas in June 2025. He is 5'10" tall and a U.S. citizen. We are seeking a suitable alliance from Pentecostal girls with a strong spiritual background (born again, baptized, and Spirit-led) and professionally qualified (preferably Doctors), born or raised in the USA. Interested parties, please respond with full details and a recent photograph to: **inhistime2025@yahoo.com.**

*Born again Christian man, 36 years old, 5'8" Ht, settled in Chicago area invites proposal from parents of any Christian denomination settled in U.S. Innocent divorcees are also welcome. Interested parties please contact **1-872-236-8692** or email: **lijosandras386@gmail.com.**

*Aunt seeking alliance for nephew, 27 years old (April 2nd 1997), born and raised in Mumbai, India. He is currently completing grad school at Columbia University, majoring in Management Science and Engineering. Before pursuing his Masters, he worked as Senior Consultant at Ernst & Young - Parthenon. Seeking wife who is settled in the US, with medical or software based job, Pentecostal denomination. Please call **678 431 8651** Preela Varghese.

*Pentecostal parents from Kerala, now settled in the US, are seeking marriage proposals for their 26-year-old son, who was born and raised in the US. He is baptized, has strong family values, and attends church regularly. He is 5.8", works as a computer engineer, and is currently pursuing graduate studies. Seeking God-fearing Pentecostal girls born or raised in the US, are professionals under 26 yrs., and 5.4" or taller. Please respond with a photo to **dm1235@gmail.com**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

# SEEKING BRIDEGROOM CONTD.....

riage proposals for their 27 year old American born Roman Catholic daughter, 5 feet 6 inches height, currently completing MD/PhD program in a reputable university in the USA from physicians or similarly educated men raised in the USA. Very caring and family oriented. If interested,
please email: **medqis@gmail.com** or contact **(908) 764-0342.**

*42 years old, 5'4, Christian woman, born in Kerala, raised in the US, American Citizens, and working as a certified teacher. She is seeking a proposal for a man who has a strong relationship with God, trustworthy, honest, faithful, compassionate, responsible, mature, financially stable ambitious, willingness to mutually make compromises, great communication and understanding. Interested parties please respond via email:
**mallugurl81@gmail.com.**

KERALA EXPRESS

# നിര്യാതരായി

## എം.വി. ജോസഫ്

**കൂട്ടിക്കൽ:** കാവാലി മുണ്ടുപാലത്തിങ്കൽ എം.വി. ജോസഫ് (കുഞ്ഞ്-91) അന്തരിച്ചു. ഭാര്യ ആനക്കല്ല് ചൂനാട്ട് മറിയക്കുട്ടി. മക്കൾ: ജെസ്സി വടശ്ശേരിൽ, ഫാ. ഡോ. ബാബു മുണ്ടുപാലം, പരേതനായ സജൻ, ബിനോയ്, ബിജോയി മുണ്ടുപാലം (കൂട്ടിക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്), ബിൻസി (യുഎസ്), ടോണി (ന്യൂഡൽഹി). മരുമക്കൾ: ജോയി വടശ്ശേരിൽ ചള്ളാവയൽ, ജെസ്സി ചെറുവള്ളിൽ (മുട്ടം), ഡാലിയ ചിറയ്ക്കൽ (കരിനിലം), ജേക്കബ് തോമസ് വെട്ടിക്കൽ (യുഎസ്), നീതു (ന്യൂഡൽഹി).

**വള്ളിച്ചിറ:** ആനിച്ചുവട്ടിൽ (പറക്കോട്ട്) പരേതനായ പി.ജെ. അഗസ്റ്റിന്റെ ഭാര്യ ഏലിക്കുട്ടി അഗസ്റ്റിൻ (90) അന്തരിച്ചു.

**പള്ളം:** കാഞ്ഞിരത്തിങ്കൽ പരേതനായ കെ.ടി. കുര്യന്റെ (റിട്ട. നേവൽ സിവിലിയൻ ഗസറ്റഡ് ഓഫീസർ) ഭാര്യ അന്നമ്മ കുര്യൻ (96) അന്തരിച്ചു.

## ഉഷാ ജോർജ്

**മാങ്ങാനം:** വാകത്താനം ചക്കുപുരക്കൽ ഷാജി ജോർജിന്റെ ഭാര്യ എസ്ബിടി റിട്ട. ഉദ്യോഗസ്ഥ ഉഷാ ജോർജ് (66) അന്തരിച്ചു. പുതുപ്പള്ളി കൈപ്പനാട്ട് കുടുംബാംഗമാണ്. മക്കൾ: സെയ്റ സാറാ ജോർജ് (അറ്റ്ലാന്റ), സെറിൻ എലിസബത്ത് ജോർജ് (തിരുവനന്തപുരം). മരുമകൻ: നോബി കുര്യൻ തുഞ്ചത്ത് വാകത്താനം (അറ്റ്ലാന്റ).

**കീക്കൊഴൂർ:** കുരുടാമണ്ണിൽ ഈച്ചിരാമണ്ണിൽ പരേതനായ കെ.ജി. ജേക്കബിന്റെയും അന്നമ്മയുടെയും മകൻ ജോർജി ജോർജ് ജേക്കബ് (40) അന്തരിച്ചു.

**മൂവാറ്റുപുഴ:** നെല്ലിക്കുഴി തേക്കാനത്ത് ജോസഫിന്റെയും മേഴ്സിയുടെയും മകൾ രമ്യ (30) മെൽബണിൽ അന്തരിച്ചു.

**മേമ്മുറി:** ദക്ഷിണ റെയിൽവേ റിട്ട. ലോക്കോ പൈലറ്റ് കിഴക്കേപറമ്പിൽ കെ.കെ. രാമൻ നായർ (79) അന്തരിച്ചു.

## പ്രഫ. എച്ച്.കെ. രംഗസാമി അയ്യങ്കാർ

**ബെംഗ്ളൂരു:** ആലപ്പുഴ എസ്.ഡി. കോളജ് ഇംഗ്ലീഷ് സാഹിത്യവിഭാഗം മുൻ മേധാവി പ്രഫ. എച്ച്.കെ. രംഗസാമി അയ്യങ്കാർ (96) അന്തരിച്ചു. തിരുവനന്തപുരം എം.ജി. കോളജ്, ചങ്ങനാശേരി എൻ.എസ്.എസ് ഹിന്ദു കോളജ് എന്നിവിടങ്ങളിലും പ്രഫസറായിരുന്നു. ഭാര്യ പരേതയായ ചെല്ലമ്മ. മക്കൾ: മീര (ബെംഗ്ളൂരു), രമ (ചെന്നൈ), ജയറാം (യുഎസ്), കൃഷ്ണൻ (ഓസ്ട്രേലിയ). മരുമക്കൾ: ഡി. എസ്. രാമു, ശാരംഗൻ (ചെന്നൈ), വിദ്യ (യുഎസ്), അരുണ (ഓസ്ട്രേലിയ).

## കെ.കെ. ജോൺ

**ഓമല്ലൂർ:** കുഴിനാപ്പുറത്ത് കെ.കെ. ജോൺ (93) അന്തരിച്ചു. ഭാര്യ അടൂർ കണ്ണംകോട്ട് മഠത്തിൽ പരേതയായ പൊന്നമ്മ ജോൺ. മക്കൾ: കുസുമം ടൈറ്റസ്, ടോംസ് ജോൺ, പോൾ ജോൺ, പരേതനായ ഫ്രാൻസിസ് ജോൺ. മരുമക്കൾ: കുമ്പനാട് പുരയ്ക്കൽ ജോൺ ടൈറ്റസ്, തിരുവനന്തപുരം ലാത്രയിൽ ശാന്തി ജോൺ, പത്തനംതിട്ട പുഷ്പപുരം റോസ്ലിൻ ജോൺ (എല്ലാവരും യുഎസ്).

**ഉഴവൂർ:** കുന്നുംപുറത്ത് പരേതനായ കെ.എം. തോമസിന്റെ ഭാര്യ മേരി തോമസ് (62) അന്തരിച്ചു.

**തൃക്കൊടിത്താനം:** കൊട്ടുവിരുതിൽ പരേതനായ തോമസ് ജോർജിന്റെ ഭാര്യ മറിയാമ്മ തോമസ് (74) അന്തരിച്ചു.

**പുതുപ്പള്ളി:** തച്ചകുന്ന് മണ്ണൂറിൽ എം.എ. ഉലഹന്നാൻ (മോനിച്ചൻ-62) അന്തരിച്ചു.

**മറവന്തുരുത്ത്:** പോത്താറയിൽ റിട്ട. ജില്ലാ ഹെൽത്ത് എജ്യൂക്കേഷൻ ഓഫീസർ പി.വി. ജോർജ് (88) അന്തരിച്ചു.

**അമ്മഞ്ചേരി:** ഓണശേരിൽ ജോസ് ലൂക്കോസ് (69) അന്തരിച്ചു.

**നീറിക്കാട്:** മാലിത്തുരുത്തേൽ എം.എൽ. ജോയി (85) അന്തരിച്ചു.

## റോസമ്മ ജോസഫ്

**പള്ളിക്കത്തോട്:** ആനിക്കാട് വെള്ളാപ്പള്ളി പരേതനായ ജോസഫിന്റെ ഭാര്യ റോസമ്മ ജോസഫ് (92) അന്തരിച്ചു. ആലപ്പുഴ ആറാട്ടുവഴി പള്ളിമുറ്റം കുടുംബാംഗമാണ്. മക്കൾ: വി.ജെ. വർഗീസ്, അലക്സ് (യുഎസ്), ബേബി (നെടുങ്കണ്ടം), മേഴ്സി (സിംഗപ്പൂർ), മോളി (കൊരട്ടി), ഉഷ ഡോമിനിക് (സൗദി), നിമ്മി (ആർപ്പൂക്കര). മരുമക്കൾ: വത്സമ്മ മണിയങ്ങാട്ട്, ജെയ്സി മേക്കലാത്ത് പാതാമ്പുഴ (യുഎസ്), മോളി ചീരംകുന്നേൽ ആലടി, പരേതനായ ബാബു കുഴിക്കൊമ്പിൽ ചെങ്ങളം, ജെയിംസ് കുന്നപ്പള്ളി (കൊരട്ടി), ബാബു പുല്ലാന്തിയാനിക്കൽ, മേഴ്സി പുതിയാകുന്നേൽ രാമപുരം (സൗദി), റെജി പ്ലാക്കിയിൽ (ആർപ്പൂക്കര).

**വള്ളിച്ചിറ:** കൊന്നക്കൽ റിട്ട. കെഎസ്ഇബി ഉദ്യോഗസ്ഥൻ (രാമപുരം) എ. ബാബുരാജ് (61) അന്തരിച്ചു.

## കൊച്ചുത്രേസ്യാമ്മ



**കുറവിലങ്ങാട്:** നസ്രത്ത്ഹിൽ നെല്ലിക്കാട്ടിൽ ദേവസ്യയുടെ ഭാര്യ കൊച്ചുത്രേസ്യാമ്മ (ലില്ലിക്കുട്ടി-70) ഹൂസ്റ്റണിൽ അന്തരിച്ചു. വൈക്കം ഉല്ലല ഓലേഴത്തിൽ കുടുംബാംഗമാണ്. മക്കൾ: മഞ്ജു, മനു, ടോണി, റോണി, ജോൺ. മരുമക്കൾ: ഷെൻസൺ പാണ്ടിയാമാക്കൽ (മോനിപ്പള്ളി), സാജ് എൺപതിൽ (എറണാകുളം), ബ്ലോസം പെരുമ്പള്ളിൽ (പൂഞ്ഞാർ), ജോസ്മിൻ മാപ്പിളപറമ്പിൽ (കീഴൂർ), സാനി മുക്കത്ത് (കുറവിലങ്ങാട്).

**പായിപ്പാട്:** മുട്ടത്തേട്ട് പരേതനായ ബേബിച്ചന്റെ ഭാര്യ അന്നമ്മ ഫിലിപ്പോസ് (മോനിമ്മ-77) അന്തരിച്ചു.

**കോഴഞ്ചേരി ഈസ്റ്റ്:** റിട്ട. പ്രധാനാദ്ധ്യാപകൻ മങ്ങാട്ട് മണ്ണിൽ എം.എൻ. തങ്കപ്പൻ (88) അന്തരിച്ചു.

**തകഴി:** ദലിത് ആക്ടിവിസ്റ്റും കേരള ദലിത് പാന്തേഴ്സ് മുൻ ജനറൽ സെക്രട്ടറിയുമായ വിരുപ്പാല വാഴേത്തറ വീട്ടിൽ ഉണ്ണികൃഷ്ണൻ തകഴി (50) അന്തരിച്ചു.

**കുറുമ്പനാടം:** തകഴി മണക്കളം വീട്ടിൽ പരേതനായ എം.ജെ. ജോർജിന്റെ ഭാര്യ റോസമ്മ ജോർജ് (കുട്ടിയമ്മ-86) അന്തരിച്ചു.

**പെരുവ:** മുളക്കുളം അന്തിനാട്ട് എ.എ. വർഗീസ് (കൊച്ച്-81) അന്തരിച്ചു.

## എ.ജെ. ഫ്രാൻസിസ്

**നെടുങ്കണ്ടം:** ഏറത്തേൽ എ.ജെ. ഫ്രാൻസിസ് (85) അന്തരിച്ചു. ഭാര്യ കോട്ടയം പാലയ്ക്കാകുഴിയിൽ പരേതയായ ശോശാമ്മ. മക്കൾ: ജെസി, ജിജി (യുഎസ്). മരുമക്കൾ: തങ്കമണി പെരുമന ജേക്കബ്, ഭൂമിയാംകുളം കുന്നപ്പള്ളി ജിൻസി.

## മേരി ജോർജ്

**അതിരമ്പുഴ:** പണ്ടാരക്കളത്തിൽ പരേതനായ ഡോ. ജോർജ് പോളിന്റെ (റിട്ട. പ്രിൻസിപ്പൽ, മെഡിക്കൽ കോളജ്, കോട്ടയം) ഭാര്യ മേരി ജോർജ് (85) അന്തരിച്ചു. ചേർത്തല പട്ടണക്കാട് പൊന്നേഴത്ത് കുടുംബാംഗമാണ്. മക്കൾ: റോയി, മിനി, ലിനു, ബിജു (യുഎസ്). മരുമക്കൾ: ബിജി കളത്തിൽ (പുളിങ്കുന്ന്), ചാണ്ടിച്ചൻ ഞാവള്ളി തെക്കേൽ (പാലാ), മാത്തുക്കുട്ടി വലിയമരുതുങ്കൽ (തൊടുപുഴ), റോസ് എളംതോട്ടം (ഇടപ്പാടി).

**മണർകാട്:** മാലം കളപ്പുരയ്ക്കൽ (പുതുപ്പള്ളി) പരേതനായ കെ. ജോർജ് ജോസഫിന്റെ ഭാര്യ ആലീസ്കുട്ടി ജോർജ് (70) അന്തരിച്ചു.

**കൊച്ചി:** ചക്കരപ്പറമ്പ് കൊറ്റങ്കാവ് ഡിഎച്ച് ലോട്ടസ് അപ്പാർട്ടുമെന്റിൽ പേർകാട്ട് എലിസബത്ത് വർഗീസ് (72) അന്തരിച്ചു.

**മട്ടാഞ്ചേരി:** നടൻ മമ്മൂട്ടിയുടെ ഭാര്യ സുൽഫത്തിന്റെ പിതാവ് സ്റ്റാർ ജംങ്ഷൻ പായാട്ട്പറമ്പിൽ പി.എസ്. അബു (90) അന്തരിച്ചു.

**കിടങ്ങൂർ:** കുരികിലുംകുന്നേൽ പരേതനായ കെ.എ. ജോസഫിന്റെ ഭാര്യ അന്നമ്മ ജോസഫ് (96) അന്തരിച്ചു.

## വർക്കി കുര്യൻ

**മുളപ്പുറം:** കോശ്ശേരിൽ വർക്കി കുര്യൻ (89) അന്തരിച്ചു. ഭാര്യ മുളപ്പുറം ഉള്ളനുകുന്നേൽ പരേതയായ സാറാമ്മ. മക്കൾ: കുര്യൻ ജോർജ്, ഐസക് ജോർജ് (കാനഡ), ജേക്കബ് ജോർജ് (യുഎസ്), ജോസ് ജോർജ്, മിനി ഡിക്കൻസ്. മരുമക്കൾ: ആരക്കുന്നം വെട്ടിക്കാട്ടിൽ ലിസി കുര്യൻ, പാമ്പാക്കുട പാലക്കുഴിയിൽ സജിനി ഐസക്, കോതമംഗലം പൊട്ടനാനിക്കൽ സൂസൻ ജേക്കബ്, വെണ്ണിക്കുളം മഞ്ഞള്ളൂർ സ്വപ്ന ജോസ്, പോത്താനിക്കാട് മണ്ണാപ്രായിൽ ഡിക്കൻസ് സ്കറിയ.

**കല്ലറ:** മദ്രാസ് മൈലാപ്പൂർ അതിരൂപതയിൽ സേവനം ചെയ്തിരുന്ന ഫാ. ഏബ്രഹാം കോട്ടൂപ്പറമ്പിൽ (83) അന്തരിച്ചു.

**കടയനിക്കാട്:** വെട്ടത്താനത്ത് പരേതനായ ഉലഹന്നാന്റെ മകൻ സിബിച്ചൻ തോമസ് (58) അന്തരിച്ചു.


**ചങ്ങനാശേരി:** തൃക്കൊടിത്താനം കോലേട്ട് മേരിക്കുട്ടി മത്തായി (84) അന്തരിച്ചു.

**വെമ്പള്ളി:** പാറക്കുടിയിൽ (മണ്ഡപത്തിൽ കുര്യനാട്) മറിയം (86) അന്തരിച്ചു.

## വി.കെ. ഏബ്രഹാം

**കുമ്പനാട്:** മുട്ടുമൺ ചിറ്റേഴത്ത് വി.കെ. ഏബ്രഹാം (കുഞ്ഞുഞ്ഞ്-95) അന്തരിച്ചു. ഭാര്യ കുമ്പനാട് മൈലമൂട്ടിൽ പരേതയായ ഏലിയാമ്മ. മക്കൾ: ലിസി (യുഎസ്), മോഹൻ (ഔറംഗബാദ്), സൂസി, രാജൻ. മരുമക്കൾ: കിഴക്കൻമുത്തൂർ തെങ്ങുംപുറത്ത് അനിയൻകുഞ്ഞ് (യുഎസ്), ചങ്ങനാശേരി കുറുന്തോട്ടിക്കൽ ഷേർലി, കീഴ്‌വായ്പൂർ പടുതോട് മോനി, പുളിക്കീഴ് പണ്ടൻകടവിൽ കോട്ടപ്പുറത്ത് ശോഭ.

## വർക്കി ഏബ്രഹാം



**കൂരാച്ചുണ്ട്:** കല്ലാനോട് സെ. മേരീസ് ഹൈസ്കൂൾ റിട്ട. അദ്ധ്യാപകൻ വടാനമല വർക്കി ഏബ്രഹാം (82) അന്തരിച്ചു. ഭാര്യ ത്രേസ്യാമ്മ തറപ്പേൽ (കട്ടിപ്പാറ റിട്ട. അദ്ധ്യാപിക കുളത്തുവയൽ). മക്കൾ: ഷാജി ജോർജ്, സോയൂസ് ജോർജ്, ദീപ ജോർജ് (യുഎസ്), ധന്യ ജോർജ്. മരുമക്കൾ: ദീപ കോക്കാട്ടുമുണ്ടയ്ക്കൽ (മുംബൈ), ജിതിൻ ജോസ് കണ്ണന്തറ, ചമൽ, ബ്ലിട്സ് പോൾ പെരുമറ്റം കൂത്താട്ടുകുളം (യുഎസ്), രാജേഷ് കുര്യൻ കൂട്ടുങ്കൽ (കൂരാച്ചുണ്ട്).

**ഊന്നുകൽ:** കാലടി എസ്.എൻ. ട്രെയിനിങ് കോളജ് റിട്ട. പ്രിൻസിപ്പൽ തടത്തിൽ പുത്തൻവീട്ടിൽ ടി.വി. ഗോപിനാഥൻ (83) അന്തരിച്ചു.

**ഇത്തിത്താനം:** അത്തിക്കളം അന്തോനിച്ചന്റെ ഭാര്യ മോനിക്കാമ്മ ആന്റണി (63) അന്തരിച്ചു.

**മാന്നാനം:** മുകളേൽ പരേതനായ എം.ജെ. തോമസിന്റെ ഭാര്യ അന്നമ്മ തോമസ് (85) അന്തരിച്ചു.

## മേരി ജോൺ

**മുതലക്കോടം:** ആർപ്പാമറ്റം കുറുമ്പാലക്കാട്ട് മേരി (82) അന്തരിച്ചു. മുതലക്കോടം കല്ലോലിക്കൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ജോൺ കുര്യാക്കോസ്. മക്കൾ: റെജി, സജി, മാത്തപ്പൻ, ആനീസ് (യുഎസ്). മരുമക്കൾ: ബീന, മഞ്ജു, ലീന, ജേക്കബ് (യുഎസ്).

## എം.പി. തോമസ്

**മൈലക്കൊമ്പ്:** മറ്റത്തിൽ എം.പി. തോമസ് (82) അന്തരിച്ചു. ഭാര്യ കല്ലൂർക്കാട് ഇമ്പാലിയിൽ പരേതയായ മേരി തോമസ്. മക്കൾ: ബിജു, ബിന്ദു (യുഎസ്), ബിൽസി. മരുമക്കൾ: വഴിത്തല കക്കാട്ടുപിള്ളിയിൽ റെയ്മോൾ, കല്ലൂർ അടപ്പൂർ തോമസ് ഏബ്രഹാം (യുഎസ്), അങ്കമാലി പടിഞ്ഞാറയിൽ പുതുശ്ശേരി ജിബു തോമസ്.

**പൊടിമറ്റം:** തിരുഹൃദയ സന്യാസിനീ സമൂഹം കാഞ്ഞിരപ്പള്ളി വിമലാ പ്രോവിൻസ് അംഗം ഡോ. സിസ്റ്റർ ബെന്നോ മേരി പുളിമൂട്ടിൽ (70) അന്തരിച്ചു.

## ലീലാമ്മ മാത്യു

**തിരുവല്ല:** വേങ്ങൽ ആലംതുരുത്തി വെട്ടുപറമ്പിൽ ലീലാമ്മ മാത്യു (78) അന്തരിച്ചു. മൈലപ്ര കല്ലുംകൂനിയിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ വി.വി. മത്തായി. മക്കൾ: അനിൽ മാത്യു (ഖത്തർ), അനു സണ്ണി (യുഎസ്). മരുമക്കൾ: മഞ്ഞാടി കിഴക്കേതിൽ ബിനു അനിൽ (കൊച്ചി), തലയോലപറമ്പ് കീഴൂർ തൈപറമ്പിൽ സണ്ണി ജോസഫ്.

**ചൊവ്വര:** ദിവ്യരക്ഷക സഭാംഗവും (റിഡംപ്റ്ററിസ്റ്റ്) ധ്യാനഗുരുവുമായ ഫാ. ബിജു കുന്നുംപുറത്ത് (54) അന്തരിച്ചു.

**തിരുവല്ല:** പായിപ്പാട് പാലയ്ക്കൽ എബനേസറിൽ ജോർജ് ജേക്കബിന്റെയും പ്രെസിന്റെയും മകൻ ജെദ്യഥൻ ജോർജ് ജേക്കബ് (13) അന്തരിച്ചു.

**മണർകാട്:** സെ. മേരീസ് ഐടിഐ റിട്ട. ഉദ്യോഗസ്ഥൻ കല്ലക്കുളത്തായ നടുമുറിയിൽ എൻ.എ. കുരുവിള (രാജു-71) അന്തരിച്ചു.

## കാതറിൻ ടെന്നിസൻ അന്തരിച്ചു



ന്യൂയോർക്ക്: തൃശൂർ പാണഞ്ചേരിയിൽ പരേതരായ ചാക്കുണ്ണി-ട്രീസ ദമ്പതികളുടെ മകളും പരേതനായ ടെന്നിസൻ പയ്യൂരിന്റെ ഭാര്യയും റോക്ക്ലാൻഡിലെ സ്ഥിരതാമസക്കാരിയുമായ കാതറിൻ ടെന്നിസൻ (87) അന്തരിച്ചു. ജൂൺ 16-ന് തിങ്കളാഴ്ച വൈകിട്ട് 4 മണി മുതൽ രാത്രി 8 മണിവരെ ന്യൂസിറ്റിയിലുള്ള മൈക്കൽ ജെ. ഹിഗ്ഗിൻസ് ഫ്യൂണറൽ ഹോമിൽ (Michael J. Higgins Funeral Home, 321 S. Main St., New City, NY 10956) പൊതുദർശനം നടക്കും. 17-ന് ചൊവ്വാഴ്ച രാവിലെ 9 മണി മുതൽ റവ.ഫാ. അലക്സ് കെ. ജോയിയുടെ കാർമ്മികത്വത്തിൽ നടക്കുന്ന ശുശ്രൂഷകൾക്കുശേഷം റോക്ക്ലാൻഡ് സെമിത്തേരിയിൽ (Rockland Cemetery, 201 Kings Highway Sparkill, NY 10976) മൃതദേഹം സംസ്കരിക്കും. കൂടുതൽ വിവരങ്ങൾക്ക്: ഡേവിഡ് ചീരൻ +1 (413) 441 4975.

## ലിനോ ഏബ്രഹാം അന്തരിച്ചു



ഡാളസ്: റാന്നി വെച്ചൂച്ചിറ കൂവപ്പുഴയിൽ ഏബ്രഹാം പി. ഏബ്രഹാം-ലീലാമ്മ ഏബ്രഹാം ദമ്പതികളുടെ ഇളയമകൻ ലിനോ ഏബ്രഹാം (അപ്പൂസ്-43) ഡാളസിൽ അന്തരിച്ചു. ഭാര്യ: സ്നേഹാ ഏബ്രഹാം. ലിജോ ഏബ്രഹാം ഏകസഹോദരനാണ്. ഭൗതികശരീരം ജൂൺ 20-ന് വെള്ളിയാഴ്ച വൈകിട്ട് 7 മണിക്ക് ഡാളസിലുള്ള റെസ്റ്ററേഷൻ ചർച്ചിൽ (4309 Main Street, Rowlett, Texas 75088) പൊതുദർശനത്തിനു വെക്കുന്നതോടൊപ്പം അനുസ്മരണ ശുശ്രൂഷയും നടക്കും. സംസ്കാര ശുശ്രൂഷകൾ ജൂൺ 21-ന് ശനിയാഴ്ച രാവിലെ 10-ന് ആരംഭിക്കുന്നതും തുടർന്ന് അലനിലുള്ള ട്യൂറന്റിൽ ജാക്സൺ ഫ്യൂണറൽ ഹോമിൽ (Turrentine Jackson Morrow Funeral Home, 2525 Central Expressway N. Allen, Texas 75013) മൃതദേഹം സംസ്കരിക്കുന്നതുമാണ്.

KERALA EXPRESS Classified

## ചിക്കാഗോയിൽ ബേബിസിറ്ററെ ആവശ്യമുണ്ട്

ചിക്കാഗോയിലുള്ള കുടുംബത്തിന് നവജാത ശിശുവിനായി മലയാളം സംസാരിക്കുന്ന Baby Sitter-നെ ആവശ്യമുണ്ട്. അനുഭവമുള്ള, വിശ്വാസമർഹിക്കുന്ന വനിതകൾക്ക് അപേക്ഷിക്കാവുന്നതാണ്.

**വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക:**

**Rose Vadakara 708-662-0774**

### *Favors Received*



*Inserted by: Firm Believer, Boston*

### *Favors Received*



*Inserted by: Firm Believer, Boston*

### *Favors Received*




*Inserted by: Firm Believer, Oklahoma*

### *Favors Received*




*Inserted by: Firm Believer, Oklahoma*

### ഉപകാരസ്മരണ




*Inserted by: Firm Believer, New York*

### ഉപകാരസ്മരണ




*Inserted by: Firm Believer, New York*

**Visit Our Website:** **www.keralaexpress.com for Classified Advt.**




## CAREGIVER HELP NEEDED IN NEW YORK

An able bodied female or male needed for helping a 90 year old elderly man, for 6 hrs a day from 3 pm to 9 pm, Monday. Candidates in an around Rockland (NY) county or Westchester (NY) preferred. No need for overnight stay.

**Please call**

**845 480 4721** or

**email drmathai123@gmail.com**

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണെമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണെമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Mortongrove*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണെമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണെമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Mortongrove*

## കർദ്ദിനാൾ മാർ ജോർജ് കൂവക്കാട്ട് റോമിലെ സ്ഥാനിക ദേവാലയത്തിന്റെ ശുശ്രൂഷ ഏറ്റെടുത്തു

വത്തിക്കാൻ സിറ്റി: കർദ്ദിനാൾ മാർ ജോർജ് കൂവക്കാട്ട് റോമിലെ ചിർക്കോൺവല്ലാസിയോനെ ആപ്പിയയിൽ പാദുവായിലെ വിശുദ്ധ അന്തോനീസിന്റെ നാമത്തിലുള്ള ഇടവകപ്പള്ളിയുടെ സ്ഥാനിക ശുശ്രൂഷ ഏറ്റെടുത്തു. എല്ലാ കർദ്ദിനാൾമാർക്കും റോമിൽത്തന്നെ ഒരു സ്ഥാനിക ഇടവക ലഭിക്കുന്ന പാരമ്പര്യത്തിന്റെ അടിസ്ഥാനത്തിലാണ് അദ്ദേഹത്തിന് റോമാ രൂപതയിലെ ഈ ദേവാലയം ലഭിച്ചത്.



ഇടവക മദ്ധ്യസ്ഥനായ വിശുദ്ധ അന്തോനീസിന്റെ തിരുനാൾ ദിനമായ ജൂൺ 13-നാണ് അദ്ദേഹം സ്ഥാനം ഏറ്റെടുത്തത്. 1988-ൽ ഇടവകയായ ഈ പള്ളിയിൽ റോഗേഷനിസ്റ്റ് സന്യാസസമൂഹത്തിലെ വൈദികരാണ് ശുശ്രൂഷ നിർവഹിക്കുന്നത്. 2012-ൽ കർദ്ദിനാൾ ഡീക്കന്മാരുടെ സ്ഥാനിക ദേവാലയമായി തെരഞ്ഞെടുക്കപ്പെട്ട ഈ ഇടവക ഇതിനു മുമ്പ് രണ്ട് കർദ്ദിനാൾമാരുടെ സ്ഥാനിക ദേവാലയമായിരുന്നു. ഫാ. അന്റോണിയോ ആണ് ഇപ്പോൾ ഈ ഇടവകയിലെ വികാരി.

ഇന്ത്യൻ സമയം രാത്രി പത്തിന് വിശുദ്ധ കുർബാനയർപ്പണത്തോടെ നടന്ന സ്ഥാനമേറ്റെടുക്കൽ ശുശ്രൂഷയിൽ അദ്ദേഹത്തോടൊപ്പം മറ്റു കർദ്ദിനാൾമാരും മതാന്തര സംവാദത്തിനായുള്ള കാര്യാലയത്തിലെയും വത്തിക്കാൻ സ്റ്റേറ്റ് സെക്രട്ടേറിയറ്റിന്റെയും പ്രതിനിധികളും ഉണ്ടായിരുന്നു. മാർ കൂവക്കാട്ടിന്റെ മാതാപിതാക്കളും കുടുംബാംഗങ്ങളും ചടങ്ങുകൾക്ക് സാക്ഷ്യംവഹിച്ചു. ചങ്ങനാശേരി ആർച്ച്ബിഷപ് മാർ തോമസ് തറയിലും ചടങ്ങിൽ സന്നിഹിതനായിരുന്നു.

# സർവകലാശാലാ ഭരണത്തിൽ ഗവർണർ പിടിമുറുക്കുന്നു

തിരുവനന്തരപുരം: സർവകലാശാലാ ഭരണത്തിൽ പിടിമുറുക്കാൻ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ നീക്കം തുടങ്ങി. അദ്ധ്യാപക നിയമനം ഉൾപ്പെടെയുള്ള വിഷയങ്ങൾ ചർച്ച ചെയ്യാൻ അദ്ദേഹം വിസിമാരുടെ യോഗം വിളിച്ചു. 17-ന് രാവിലെ രാജ്ഭവനിലാണ് യോഗം. 14 സർവകലാശാലകളിലെ വിസിമാർ പങ്കെടുക്കും.

സർവകലാശാലയുമായി ബന്ധപ്പെട്ട കോടതിവിധികളിൽ തുടർച്ചയായി നേരിട്ട തിരിച്ചടികളുടെ ക്ഷീണം മാറ്റാനാണ് ചാൻസിലർ കൂടിയായ ഗവർണർ യോഗം വിളിച്ചതെന്നാണ് സർക്കാർ പക്ഷം. അക്കാദമിക മേഖലയിലെ അദ്ധ്യാപക നിയമനം, കലണ്ടറുകൾ തയ്യാറാക്കൽ, പരീക്ഷാതീയതി നിർണയം, പ്രവേശന നടപടിക്രമം, ഉന്നത വിദ്യാഭ്യാസ മേഖലയിലെ നിലവാരം നിലനിർത്താൻ സ്വീകരിച്ച നടപടികൾ, വിദ്യാർത്ഥിസമൂഹം നേരിടുന്ന പ്രശ്നങ്ങൾ, പരിഹാര നടപടികൾ എന്നിവയാണ് വിസിമാർക്കുള്ള കത്തിൽ അജണ്ടയായി സൂചിപ്പിച്ചിട്ടുള്ളത്. എന്നാൽ, സർവകലാശാലകളിൽ ഗവർണറെ മുൻനിർത്തി ഇടപെടാനുള്ള സംഘപരിവാർ നീക്കത്തിന്റെ ഭാഗമാണ് യോഗമെന്നു കരുതുന്നു. നേരത്തെ കേരള സർവകലാശാല സെനറ്റിലേക്കും ഫാക്കൽറ്റി ഡീൻ പദവിയിലേക്കും ബിജെപി നോമിനികളെ ഗവർണർ നാമനിർദേശം ചെയ്തിരുന്നു.

നിയമസഭ പാസാക്കിയ മൂന്നു ബില്ലുകൾ ഗവർണർ രാജേന്ദ്ര ആർലേക്കറുടെ പരിഗണനയ്ക്കായി സർക്കാർ അയച്ചു. സർവകലാശാലാ ഭേദഗതി ബിൽ, സർവകലാശാലാ ഭേദഗതിബിൽ-2, സ്വകാര്യ സർവകലാശാലാ ബിൽ എന്നിവ ഇപ്പോഴും രാജ്ഭവനിൽ തന്നെ കിടക്കുകയാണ്. മറുപടിക്കായി സർക്കാരും കാത്തിരിക്കുന്നു.

## അട്ടപ്പാടി ഭൂമിതട്ടിപ്പ് വിജിലൻസ് അന്വേഷിക്കും

പാലക്കാട്: അട്ടപ്പാടിയിൽ ഭൂമിയും വീടുമില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമിക്കാൻ സർക്കാർ ഫണ്ട് ഉപയോഗിച്ച് വാങ്ങിയ ഭൂമി അനധികൃതമായി തട്ടിയെടുത്ത് പകരം ഉപയോഗശൂന്യമായ ഭൂമി നല്കിയെന്ന പരാതി വിജിലൻസ് അന്വേഷിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാണ്ടർ തോമസ് ഉത്തരവിട്ടു.

ഡിവൈഎസ്പി റാങ്കിൽ കുറയാത്ത പോലീസ് ഉദ്യോഗസ്ഥനെ നിയോഗിച്ച് പ്രാഥമികമായ അന്വേഷണം നടത്തണം. അന്വേഷണത്തിൽ അഴിമതി നിരോധന നിയമപ്രകാരം കുറ്റകൃത്യം കണ്ടെത്തിയാൽ നിയമാനുസൃതമായ തുടർനടപടികൾ സ്വീകരിക്കണമെന്ന് കമ്മീഷൻ വിജിലൻസ് ഡയറക്ടർക്ക് നിർദേശം നല്കി.

പത്ത് പട്ടികജാതി കുടുംബങ്ങൾക്ക് തീറാധാരപ്രകാരം അനുവദിച്ച് നല്കിയ സ്ഥലം സർവേ നടത്തി അളന്നുതിരിച്ച് ഉടമസ്ഥർക്ക് യഥാസമയം നല്കുന്നതിൽ പട്ടികജാതി വകുപ്പിന് വീഴ്ച സംഭവിച്ചിട്ടുള്ളതായി ജസ്റ്റിസ് അലക്സാണ്ടർ തോമസ് ഉത്തരവിൽ പറഞ്ഞു.

നല്കിയ ഭൂമി ഉപയോഗശൂന്യമാണെങ്കിൽ ഉപയോഗയോഗ്യമായ ഭൂമി നല്കാനുള്ള ബാധ്യത സർക്കാരിനുണ്ട്. അഗളി ഭൂതിവഴി ഭൂപതി നിവാസിൽ ഭൂപതിക്ക് അനുവദിച്ച സ്ഥലം കുഴിയായതിനാൽ വേണ്ടെന്നു പറഞ്ഞ സാഹചര്യത്തിൽ വിശദമായ അന്വേഷണത്തിനുശേഷം പകരം ഭൂമി കണ്ടെത്തി ആറു മാസത്തിനകം നല്കണമെന്ന് കമ്മീഷൻ പാലക്കാട് ജില്ലാ കളക്ടർക്ക് നിർദേശം നല്കി.

# തിരുവനന്തപുരം വിമാനത്താവളത്തിൽ അപകടഭീഷണിയായി പക്ഷിശല്യം

തിരുവനന്തപുരം: ഏതു കാലാവസ്ഥയിലും സുരക്ഷിതമായി വിമാനമിറക്കാൻ കഴിയുന്ന തിരുവനന്തപുരം വിമാനത്താവളത്തിൽ അപകടഭീഷണിയായി പക്ഷിശല്യം. ഈ വർഷം ഇതുവരെ 10 തവണയാണ് ലാൻഡിങ് സമയത്തു പക്ഷിയിടിച്ചതു കാരണം വിമാനത്തിനു തകരാറുണ്ടായത്. ഇതിൽ ഒരുതവണ തകരാർ കാരണം വിമാന സർവീസ് റദ്ദാക്കി, പകരം വിമാനം ഏർപ്പെടുത്തി സർവീസ് നടത്തേണ്ടിവന്നു.

ഇതിനു പുറമേ പതിനഞ്ചോളം തവണ പക്ഷിയിടിച്ചെന്നു വിമാന അധികൃതർ റിപ്പോർട്ട് ചെയ്തെങ്കിലും സ്ഥിരീകരിച്ചിട്ടില്ല. തിരുവനന്തപുരം കോർപറേഷന്റെ സഹായത്തോടെ പക്ഷിശല്യം ഒഴിവാക്കാനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ടെങ്കിലും ഇപ്പോഴും അപകടസാധ്യത ഒഴിവായിട്ടില്ല.

തിരുവനന്തപുരം വിമാനത്താവളത്തിന്റെ റൺവേ കൂടുതൽ സുരക്ഷിതമാക്കുന്നതിന്റെ ഭാഗമായി സുരക്ഷാ ഏരിയ വികസിപ്പിക്കണമെന്നു ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ ഏവിയേഷൻ (ഡിജിസിഎ) വർഷങ്ങൾക്കു മുൻപേ നിർദേശം നൽകിയെങ്കിലും ഇതുവരെ ഭൂമി ഏറ്റെടുത്തിട്ടില്ല.



റൺവേയിൽ വിമാനം തെന്നിമാറുകയോ മറ്റോ ചെയ്താൽ സുരക്ഷിതമായി നിർത്താൻ ആവശ്യമായ സ്ഥലം കണ്ടെത്താനാണു റൺവേ വികസിപ്പിക്കേണ്ടത്. ഇതിനുള്ള ചർച്ചകൾ ഇപ്പോഴും നടക്കുന്നതേയുള്ളു.

വിമാനം പറന്നുയരുന്ന ദിശയിൽ ഉയരമുള്ള മരങ്ങളും അനധികൃതമായി ഉയരം കൂട്ടി നിർമിച്ച കെട്ടിടങ്ങളും ഉണ്ട്. ഇവയിൽ ചിലത് സർക്കാരിന്റെ സഹായത്തോടെ നീക്കം ചെയ്തെങ്കിലും ഇനിയും നീക്കാനുണ്ട്.

## വാൻഹായ് കപ്പലിലെ തീപിടിത്തം: ദേശീയ ഹരിത ട്രിബ്യൂണൽ കേസെടുത്തു

കൊച്ചി: കേരള തീരത്തുനിന്ന് 88 നോട്ടിക്കൽ മൈൽ അകലെ വാൻഹായ് 503 കപ്പലിൽ തീപിടിത്തമുണ്ടായ സംഭവത്തിലും സ്വമേധയാ കേസെടുത്ത് ദേശീയ ഹരിത ട്രിബ്യൂണൽ (എൻജിടി). സംഭവത്തിൽ മലിനീകരണ ആശങ്കയിൽ കേന്ദ്ര വനംപരിസ്ഥിതി മന്ത്രാലയവും തുറമുഖ മന്ത്രാലയവും സംസ്ഥാന പരിസ്ഥിതി മന്ത്രാലയവും മറുപടി നൽകണമെന്നു ട്രിബ്യൂണൽ നിർദേശിച്ചു.

നേരത്തെ കൊച്ചിയിലുണ്ടായ ചരക്കുകപ്പൽ അപകടത്തിലും എൻജിടി കേസെടുത്തിരുന്നു. കപ്പലുകളിലുണ്ടായിരുന്ന മാരക രാസവസ്തുക്കൾ വൻ പാരിസ്ഥിതിക പ്രത്യാഘാതമുണ്ടാക്കുന്നതാണെന്ന് എൻജിടി വിലയിരുത്തി.

അതേസമയം, രണ്ടു കപ്പലപകടങ്ങളിലെ സംഭവവികാസങ്ങളും കേസുകളും ഹൈക്കോടതി നേരിട്ടു നിരീക്ഷിക്കുകയാണെങ്കിൽ, തൽക്കാലം എൻജിടി ഇരു കേസിലും നടപടികളിലേക്കു കടക്കില്ലെന്നാണു സർക്കാരിന്റെ പ്രതീക്ഷ. അതിനാൽ, രണ്ടു കേസിലും മറുപടി നൽകുന്നതിനു സമയം നീട്ടിച്ചോദിക്കും. ഈ മാസം 30-നാണ് എൻജിടി കേസ് വീണ്ടും പരിഗണിക്കുന്നത്.

അതിനിടെ, കേരളതീരത്തു മുങ്ങിയ കപ്പലിലെ പ്ലാസ്റ്റിക് അവശിഷ്ടങ്ങൾ തമിഴ്നാട്ടിലെത്തിയ സംഭവത്തിൽ ദേശീയ ഹരിത ട്രിബ്യൂണൽ ദക്ഷിണ ബെഞ്ചും സംസ്ഥാന സർക്കാരിൽനിന്നു റിപ്പോർട്ട് തേടിയിട്ടുണ്ട്. പാരിസ്ഥിതികനാശം തടയുന്നതിനു സ്വീകരിച്ച അടിയന്തര നടപടികളെക്കുറിച്ചു വിശദീകരിക്കാനാണ് ആവശ്യപ്പെട്ടിരിക്കുന്നത്.

## തീരദേശത്തെ കെട്ടിടനിർമാണ അനുമതിക്ക് കുരുക്ക്

കൊച്ചി: തീരദേശത്തു കെട്ടിടനിർമാണ അനുമതിക്ക് വീണ്ടും കുരുക്ക്. നിർമിക്കുന്ന കെട്ടിടം പാരമ്പര്യേതര തീരദേശ സമൂഹത്തിൽപ്പെട്ടവർക്കു വിൽക്കുകയോ കൈമാറുകയോ ചെയ്യരുത് എന്ന തീരദേശ മേഖലാ മാനേജ്മെന്റ് അതോറിറ്റിയുടെ വ്യവസ്ഥയാണ് പ്രതിസന്ധിയാകുന്നത്.

തീരനിയന്ത്രണ വിജ്ഞാപനത്തിന്റെ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ തീരദേശവാസികളും മത്സ്യത്തൊഴിലാളികളും കെട്ടിടനിർമാണ അനുമതിക്കായി നൽകുന്ന അപേക്ഷകൾ പരിഗണിക്കണമെങ്കിൽ ഈ വ്യവസ്ഥ നിർബന്ധമായും പാലിക്കേണ്ടതുണ്ട്. ഇത്തരമൊരു വ്യവസ്ഥ നിർബന്ധമാക്കുന്നത് അപേക്ഷകരെ ഭാവിയിൽ ബുദ്ധിമുട്ടിലാക്കുമെന്ന് തീരവാസികൾ ചൂണ്ടിക്കാട്ടുന്നു.

കെട്ടിട ഉടമസ്ഥത കൈമാറുന്നതിനു വിലക്കേർപ്പെടുത്തുമ്പോൾ സ്വാഭാവികമായും കെട്ടിടം ഉൾക്കൊള്ളുന്ന ഭൂമിയുടെ വിനിമയം അസാധ്യമാകുന്ന സ്ഥിതിയുണ്ടാകുമെന്നാണ് ആക്ഷേപം.

തീരദേശ മേഖലാ മാനേജ്മെന്റ് അതോറിറ്റിയുടെ ഉത്തരവിലെ പാരമ്പര്യേതര തീരദേശ സമൂഹത്തിൽപ്പെട്ടവർ എന്ന പ്രയോഗം ആശയക്കുഴപ്പം സൃഷ്ടിക്കുന്നതാണെന്ന് മത്സ്യത്തൊഴിലാളികൾ പറയുന്നു. വിദ്യാഭ്യാസത്തിനും ചികിത്സയ്ക്കും മറ്റുമായി വായ്പാ ആവശ്യങ്ങൾക്കു കെട്ടിടം ഉൾപ്പെടുന്ന ഭൂമി ഈടായി നൽകുന്ന അവസരങ്ങളിൽ ബാങ്ക് ലോൺ നിഷേധിക്കപ്പെടാനും പുതിയ വ്യവസ്ഥ കാരണമായേക്കും.

## അഹമ്മദാബാദ് വിമാനദുരന്തം: അന്വേഷണത്തിന് എൻഐഎയും എഎഐബിയും

അഹമ്മദാബാദ്: ഇന്ത്യയെ കണ്ണീരിലാഴ്ത്തിയ അഹമ്മദാബാദ് വിമാനദുരന്തത്തിന്റെ കാരണം കണ്ടെത്താൻ വിവിധ അന്വേഷണസംഘങ്ങളുടെ തീവ്രശ്രമം. വ്യോമയാന മന്ത്രാലയത്തിനു കീഴിലുള്ള എയർക്രാഫ്റ്റ് ആക്സിഡന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ (എഎഐബി), ദേശീയ അന്വേഷണ ഏജൻസി (എൻഐഎ), യുഎസിലെയും യുകെയിലെയും വിദഗ്ധസംഘം എന്നിവർ അന്വേഷണം നടത്തും. വിദേശസംഘങ്ങൾ ഇന്ത്യയിലെത്തിയതായി ടാറ്റ ചെയർമാൻ അറിയിച്ചു. ഇന്ത്യൻ വ്യോമാതിർത്തിയിൽ ഉണ്ടാകുന്ന അപകടങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിന്റെ പ്രാഥമിക ചുമതല എഎഐബിക്കാണ്.

വിമാനത്തിലെ ബ്ലാക്ക്ബോക്സുകളിൽ ഒരെണ്ണം കണ്ടെത്തിയതായി വ്യോമയാനമന്ത്രി രാം മോഹൻ നായിഡു അറിയിച്ചു. അപകടത്തെക്കുറിച്ച് നിർണായക വിവരങ്ങൾ നൽകുന്ന ബ്ലാക്ക്ബോക്സ് വിമാനം ഇടിച്ചിറങ്ങിയ അഹമ്മദാബാദ് ബിജെ മെഡിക്കൽ കോളജ് ഹോസ്റ്റൽ കെട്ടിടത്തിന്റെ മേൽക്കൂരയിൽനിന്ന് എഎഐബിയും ഗുജറാത്ത് സർക്കാർ നിയോഗിച്ച 40 അംഗ സംഘവും വീണ്ടെടുക്കുകയായിരുന്നു.

വിമാനത്തിന്റെ വേഗം, പറക്കുന്ന ഉയരം, എഞ്ചിനുകളുടെ പ്രവർത്തനം, പൈലറ്റുമാർ തമ്മിലുള്ളതും പൈലറ്റുമാരും എയർ ട്രാഫിക് കൺട്രോളുമായുള്ളതും ഉൾപ്പെടെ കോക്പിറ്റിലെ ശബ്ദം എന്നിവ ബ്ലാക്ക്ബോക്സിൽനിന്നു ലഭിക്കും. ഇതിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും തുടരന്വേഷണം. പ്രധാനമന്ത്രി നരേന്ദ്ര മോദി അപകടസ്ഥലം സന്ദർശിച്ചു. വിമാനത്തിൽനിന്ന് രക്ഷപ്പെട്ട ഏക യാത്രക്കാരൻ വിശ്വാസ് കുമാർ രമേശിനെയും പരുക്കേറ്റ മറ്റു പലരെയും അദ്ദേഹം കണ്ടു.

# പിതൃദിനം ഉത്സവദിനമാക്കി ബെൻസൻവിൽ ഇടവക



ചിക്കാഗോ: ബെൻസൻവിൽ ക്നാനായ കത്തോലിക്കാ ഫൊറോനാ ദൈവാലയത്തിൽ ഫാദേഴ്സ് ഡേ ആഘോഷപൂർവം ആചരിച്ചു. രാവിലെ 10 മണിക്ക് അർപ്പിക്കപ്പെട്ട വിശുദ്ധ കുർബാനയിൽ ഫാ. റോബിൻ അരീപ്പറമ്പിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ഇടവക വികാരി ഫാ. തോമസ് മുളവനാൽ സഹകാർമ്മികനായിരുന്നു. വിശുദ്ധ കുർബാനയെത്തുടർന്ന് ഇടവകയിലെ

ലിൻസ് താന്നിച്ചുവട്ടിൽ

എല്ലാ പിതാക്കന്മാരെയും പിതൃസ്ഥാനീയരെയും സവിശേഷമായി ആദരിച്ചു. എല്ലാ പിതാക്കന്മാരുടെയും സമർപ്പണജീവിതത്തെയും അവശ്യം വേണ്ട ദൈവീകാനുഗ്രഹത്തെയും ഓർമ്മിപ്പിച്ച് കത്തിച്ച തിരികൾ നല്കിയാണ് വൈദികർ പിതാക്കന്മാരെ ആദരിച്ചത്.

പ്രാർത്ഥനകളെത്തുടർന്ന് ദൈവാലയത്തിൽ നിന്നും ഹാളിലേക്ക് പ്രദക്ഷിണമായി പങ്കുചേർന്ന പിതാക്കന്മാർ പ്രത്യേകമായി അലങ്കരിച്ചുവെച്ചിരുന്ന വി. യൗസേപ്പ് പിതാവിന്റെ തിരുസ്വരൂപത്തിനു മുമ്പിൽ തിരികൾ സമർപ്പിച്ചു. വിമൻസ് മിനിസ്ട്രിയാണ് ക്രമീകരണങ്ങൾക്ക് പ്രധാനമായും നേതൃത്വം നല്കിയത്. മേഴ്സി ചെമ്മാലക്കുഴിയുടെ നേതൃത്വത്തിലുള്ള വിമൻസ് മിനിസ്ട്രി എല്ലാവർക്കും വിഭവസമൃദ്ധമായ ഹോംമെയ്ഡ് ഭക്ഷണവും ക്രമീകരിച്ചിരുന്നു.

മനോഹരമായ രീതിയിൽ ആഘോഷക്രമീകരണങ്ങൾക്ക് ചുക്കാൻ പിടിച്ച വിമൻസ് മിനിസ്ട്രിക്ക് മെൻസ് മിനിസ്ട്രിയെ പ്രതിനിധീകരിച്ച് സജി എറപുറം നന്ദിയർപ്പിച്ചു.

വിമൻസ് മിനിസ്ട്രിക്കൊപ്പം ഇടവക വികാരി ഫാ. തോമസ് മുളവനാൽ, അസി. വികാരി ഫാ. ബിൻസ് ചേത്തലിൽ, ഇടവകയുടെ ട്രസ്റ്റിമാരായ തോമസ് നെടുവാമ്പുഴ, മത്തിയാസ് പുല്ലാപ്പള്ളിൽ, സാബു മുത്തോലം, കിഷോർ കണ്ണാല, ജെൻസൺ ഐക്കരപറമ്പിൽ എന്നിവരും പരിപാടികളുടെ സുഗമമായ നടത്തിപ്പിന് നേതൃത്വം നല്കി.

# വാലി മലയാളി അസോസിയേഷന് പുതിയ നേതൃത്വം

കാലിഫോർണിയ: ലോസാഞ്ചലസിലെ വാലി മലയാളി അസോസിയേഷന്റെ 2025-2026 കാലയളവിലേക്കുള്ള ഭരണസമിതിയെ തെരഞ്ഞെടുത്തു. ജോജി മണലേൽ ആണ്




പുതിയ പ്രസിഡണ്ട്. അസോസിയേഷന്റെ തുടക്കം മുതൽ സജീവപ്രവർത്തകനായിരുന്ന ജോജി ഇത് രണ്ടാം തവണയാണ് പ്രസിഡണ്ടായി അധികാരമേൽക്കുന്നത്. സേവ്യർ പടയാട്ടിയാണ് പുതിയ സെക്രട്ടറി. മലയാളികളുടെ ഇടയിലെ ജനപ്രിയ മുഖവും സംഘടനാ പ്രവർത്തനങ്ങളിൽ നിറസാന്നിദ്ധ്യവുമാണ് സേവ്യർ.

വൈസ് പ്രസിഡണ്ടായി ലോജോ ലോനയും ജോയിന്റ് സെക്രട്ടറിയായി ഷൈബുജാൻ കമലമ്മയും ട്രഷററായി ബെറ്റ്സി കൈതത്തറയും ജോയിന്റ് ട്രഷററായി സിന്ധു മരങ്ങാട്ടും ഓഡിറ്ററായി രാജൻ മത്തായിയും ചുമതലയേറ്റു.

ശ്രീജിത്ത് മേനോൻ ആണ് പുതിയ ആർട്സ് കോ-ഓർഡിനേറ്റർ, ലോസ് ആഞ്ചലസിലെ പ്രശസ്തനായ വാദ്യകലാകാരനും പരിശീലകനുമാണ് ശ്രീജിത്ത്. അനൂപ് സുബ്രഹ്മണ്യനാണ് സ്പോർട്സ് കോ-ഓർഡിനേറ്റർ സ്ഥാനത്ത്. ഇതേ പദവിയിൽ മുമ്പും മികവുറ്റ പ്രവർത്തനങ്ങളുമായി ശ്രദ്ധേയനായിരുന്നു അനൂപ്. യൂത്ത് കോ-ഓർഡിനേറ്ററായി ഷീബ ജോസഫും ചാരിറ്റി കോ-ഓർഡിനേറ്ററായി രാജൻ ജേക്കബും തെരഞ്ഞെടുക്കപ്പെട്ടു.

ജോസ് വെട്ടുപാറപ്പുറത്ത്, ബിൻസൺ ജോസഫ്, ബെന്നി എടക്കര, ജാസ്മിൻ പുന്നൂസ്, ബെക്കി ജോൺ, ഉഷാദ് മണിയത്ത്, ടോമി പൊട്ടുകളം, ബിജു തോട്ടുങ്കൽ, താഡ് ജോൺസൺ എന്നിവരാണ് പുതിയ ഭരണസമിതിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട മറ്റ് അംഗങ്ങൾ.

ലോസ് ആഞ്ചലസിൽ സമ്മേളിച്ച പൊതുയോഗത്തിൽ സാം ഉമ്മൻ, ലോജോ ലോന എന്നിവർ വരണാധികാരികളായ തെരഞ്ഞെടുപ്പിലാണ് പുതിയ ഭരണസമിതിയെ തെരഞ്ഞെടുത്തത്.

അസോസിയേഷന്റെ രജതജൂബിലി വർഷത്തിൽ സംഘടനയെ നയിക്കാൻ ലഭിച്ച അവസരം വളരെ സന്തോഷത്തോടെയാണ് സ്വീകരിക്കുന്നതെന്നും വർഷങ്ങളായി സുസംഘടിതമായി പ്രവർത്തിച്ചുവരുന്ന അസോസിയേഷൻ പ്രവർത്തനങ്ങളെ പുതിയ തലങ്ങളിലേക്കുയർത്താൻ നിരവധി പ്രവർത്തനങ്ങൾ മനസ്സിലുണ്ടെന്നും പ്രസിഡണ്ട് ജോജി മണലേലും സെക്രട്ടറി സേവ്യർ പടയാട്ടിയും പറഞ്ഞു.

# നോർത്ത് ലേയ്ക്ക് സെന്റ് പീറ്റേഴ്സ് യാക്കോബായ സുറിയാനി പള്ളി പെരുന്നാൾ

നോർത്ത് ലേയ്ക്ക്: നോർത്ത് ലേയ്ക്ക് സെന്റ് പീറ്റേഴ്സ് യാക്കോബായ സുറിയാനി ഓർത്തഡോക്സ് ഇടവകയുടെ കാവൽ പിതാവും ശ്ലീഹന്മാരുടെ തലവനുമായ പരിശുദ്ധ പത്രോസ് ശ്ലീഹായുടെ ഓർമ്മ പെരുന്നാളും ഇടവകയുടെ 47-ാമത് സ്ഥാപക വാർഷികവും ദൈവഹിതമായാൽ 2025 ജൂൺ മാസം 28 ശനി, 29 ഞായർ എന്നീ തീയതികളിൽ നടത്തുവാൻ ദൈവനാമത്തിൽ പ്രത്യാശിക്കുന്നു. ഈ വർഷത്തെ പെരുന്നാൾ ആഘോഷങ്ങൾക്ക് ക്നാനായ ഭദ്രാസനത്തിലെ സീനിയർ വൈദികനും റാന്നി സെ. തോമസ് കോളജിലെ റിട്ടയേർഡ് പ്രഫസറുമായ ദിവ്യശ്രീ കുളത്തറമണ്ണിൽ ജോസഫ് കശീശ്ശയുടെ



പ്രധാന കാർമ്മികത്വത്തിൽ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

ജൂൺ മാസം 22-ന് ഞായറാഴ്ച വിശുദ്ധ കുർബാന പൂർത്തീകരണത്തിനു ശേഷം പെരുന്നാൾ ആഘോഷങ്ങളുടെ തുടക്കം കുറിച്ചുകൊണ്ട് പെരുന്നാൾ കൊടിയേറ്റ് നടത്തുന്നതാണ്. ജൂൺ 28-ന് ശനിയാഴ്ച വൈകുന്നേരം 6.30-ന് സന്ധ്യാപ്രാർത്ഥനയും സുവിശേഷ ഗാനാലാപനവും തുടർന്ന് ബഹുമാനപ്പെട്ട ജോസഫ് അച്ചന്റെ തിരുവചന സന്ദേശവും തുടർന്ന് നേർച്ച ഇടൽ, കൈമുത്ത്, സന്ധ്യാഭക്ഷണം എന്നിവയും ഉണ്ടായിരിക്കും 29-ന് ഞായറാഴ്ച രാവിലെ 9 മണിക്ക് പ്രഭാതനമസ്കാരം, 10 മണിക്ക് വിശുദ്ധ കുർബാന, പരിശുദ്ധന്മാരോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന എന്നിവയ്ക്കു ശേഷം 2025-ലെ ഹൈസ്കൂൾ, കോളജ് പഠനം പൂർത്തിയാക്കിയ കുട്ടികളെ ആദരിക്കും. അതിനുശേഷം പെരുന്നാൾ പ്രദക്ഷിണം, ആശീർവാദം, പാച്ചോർ നേർച്ച തുടർന്ന് സെന്റ് പീറ്റേഴ്സ് കേഫാ ഒരുക്കുന്ന സ്നേഹവിരുന്ന് എന്നിവയ്ക്കുശേഷം പെരുന്നാൾ കൊടി ഇറക്കുന്നതോടു കൂടി ഈ വർഷത്തെ പെരുന്നാൾ ആഘോഷങ്ങൾ സമാപിക്കും. ഈ പെരുന്നാൾ ആഘോഷങ്ങളിൽ ഏവരും പ്രാർത്ഥനയോടെ വന്ന് സംബന്ധിച്ച് അനുഗൃഹീതരാകുവാൻ ഇടവകയ്ക്കു വേണ്ടി വികാരി വന്ദ്യ തേലപ്പള്ളിൽ സഖറിയാ കോർ എപ്പിസ്കോപ്പയും പള്ളി കമ്മിറ്റി അംഗങ്ങളും സ്നേഹപൂർവം എല്ലാവരെയും ക്ഷണിച്ചുകൊള്ളുന്നു.

കൂടുതൽ വിവരങ്ങൾക്ക്: Secretary Joji Kuriakose (847) 571-4965. Treasurer Shiren Mathai (215) 990-1739.

## കപ്പലപകടം:

# അട്ടിമറി സാധ്യത പരിശോധിക്കാൻ കേന്ദ്ര ഏജൻസികൾ

കൊച്ചി: മേയ് 25-ന് അറബിക്കടലിൽ എംഎസ്‌സി എൽസ 3 ചരക്കു കപ്പൽ മുങ്ങിയതിനു പിന്നിൽ അട്ടിമറി സാധ്യതയുണ്ടോയെന്ന് കേന്ദ്ര രഹസ്യാന്വേഷണ ഏജൻസികൾ പരിശോധിക്കുന്നു.

24 ജീവനക്കാരുടെ മൊഴി രേഖപ്പെടുത്തി. വിദേശ ഇന്റലിജൻസ് ഏജൻസികളും അന്വേഷിക്കുന്നതായി സൂചനയുണ്ട്.

മെഡിറ്ററേനിയൻ ഷിപ്പിങ് കമ്പനി (എംഎസ്‌സി) ഉടമകളായ 'അപ്പോണ്ടേ' ഫാമിലിയും ബാൾക്കൻ ലഹരി കാർട്ടലുമായി നിലനിൽക്കുന്ന സ്പർധയുടെ പശ്ചാത്തലത്തിലാണ് അറബിക്കടലിലെ തുടർച്ചയായ കപ്പൽച്ചേതങ്ങൾക്കു പിന്നിൽ അട്ടിമറിയുണ്ടോയെന്ന പരിശോധന ശക്തമാക്കുന്നത്. കോഴിക്കോട് തീരത്ത് തീപിടിച്ച സിംഗപ്പൂർ കപ്പലായ വാൻ ഹയിയിലെ ജീവനക്കാരുടെ മൊഴിയും കേന്ദ്ര രഹസ്യാന്വേഷണ ഏജൻസികൾ രേഖപ്പെടുത്തും.

എംഎസ്‌സി കപ്പലുകളിൽനിന്നു പലതവണയായി വൻതോതിൽ ലഹരിവസ്തുക്കൾ പിടിച്ചെടുത്തതു സംബന്ധിച്ച് യുഎസിലെ ലഹരിവിരുദ്ധ അന്വേഷണ ഏജൻസിയായ ഡ്രഗ് എൻഫോഴ്സ്മെന്റ് അഡ്മിനിസ്ട്രേഷൻ (ഡിഇഎ) നടത്തിയ അന്വേഷണം എത്തിയതു ബാൾക്കൻ ലഹരി കാർട്ടലിലാണെന്നു ബ്ലൂംബർഗ് ബിസിനസ് വീക്ക് റിപ്പോർട്ട് ചെയ്തിരുന്നു.

'എംഎസ്‌സി ഗയനെ' ചരക്കുകപ്പലിൽനിന്ന് ഡിഇഎ 2019 ജൂണിൽ 100 കോടി യുഎസ് ഡോളർ (8562 കോടി രൂപ) വിലമതിക്കുന്ന 20 ടൺ കൊക്കെയ്ൻ കണ്ടെത്തിയിരുന്നു. എംഎസ്‌സി കപ്പൽ കമ്പനിയുടെ മൂന്ന് കപ്പലുകളിൽ നിന്നുകൂടി ഇതേ വർഷം വൻതോതിൽ ലഹരിപദാർത്ഥങ്ങൾ പിടിച്ചെടുത്തു.

ഇതോടെ തങ്ങളുടെ ചരക്കുകപ്പലുകൾ വഴി ലഹരി കടത്തുന്നതു തടയാൻ 2019 മുതൽ 10 കോടി യുഎസ് ഡോളറാണു (856 കോടി രൂപ) സുരക്ഷാസേനയ്ക്കുവേണ്ടി എംഎസ്‌സി ചെലവഴിച്ചതെന്നാണു കണക്ക്.

ഇതോടെ എംഎസ്‌സിയുടെ കപ്പലുകൾ ബാൾക്കൻ ഡ്രഗ് കാർട്ടലിന്റെ നോട്ടപ്പുള്ളികളായി.

# കേദാർനാഥിനു സമീപം ഹെലികോപ്റ്റർ തകർന്നുവീണു; ഏഴു പേർ മരിച്ചു

രുദ്രപ്രയാഗ്: ഉത്തരാഖണ്ഡിൽ ഹെലികോപ്റ്റർ തകർന്നുവീണ് പൈലറ്റ് ഉൾപ്പെടെ ഏഴുപേർ മരിച്ചു. മരിച്ചവരിൽ രണ്ടുവയസുള്ള കുട്ടിയും ഉൾപ്പെടുന്നു. കേദാർനാഥിൽനിന്നു പുറപ്പെട്ട ഹെലികോപ്റ്റർ ഗൗരികുണ്ഡിലെ വനമേഖലയിലാണു തകർന്നുവീണത്. മോശം കാലാവസ്ഥയാണ് അപകടകാരണമെന്നാണു പ്രാഥമിക നിഗമനം. മഹാരാഷ്ട്ര, രാജസ്ഥാൻ, ഉത്തരാഖണ്ഡ്, ഉത്തർപ്രദേശ് സ്വദേശികളാണ് മരിച്ചത്. ജൂൺ 15-ന് വെളുപ്പിന് 5.10-ന് ഗുപ്തകാശിയിൽനിന്നു പറന്ന ഹെലികോപ്റ്റർ 5.18-ന് കേദാർനാഥിലെത്തി. അവിടെനിന്ന് 5.19-ന് ഗുപ്തകാശിയിലേക്കു വീണ്ടും പറന്ന ഹെലികോപ്റ്റർ ഗൗരികുണ്ഡിനു സമീപം തകർന്നുവീഴുകയായിരുന്നു. പൈലറ്റ് രാജ്‌വീർ സിംഗ് ചൗഹാൻ, മഹാരാഷ്ട്രക്കാരനായ രാജ്‌കുമാർ ജയ്‌സ്വാൾ, ഭാര്യ ശ്രദ്ധ, ഇവരുടെ രണ്ടുവയസുള്ള മകൾ കാശി, ഉത്തർപ്രദേശ് സ്വദേശികളായ വിനൂദ് ദേവി (66), തുഷ്ടി സിംഗ് (19), ബദരിനാഥ്-കേദാർനാഥ് ക്ഷേത്ര കമ്മിറ്റി അംഗം വിക്രം സിംഗ് റാവത്ത് എന്നിവരാണു മരിച്ചത്. കരസേനയിൽ



ഉത്തരാഖണ്ഡിൽ ഹെലികോപ്റ്റർ തകർന്നുവീണ സ്ഥലത്ത് ദേശീയ ദുരന്തനിവാരണ സേനയുടെ നേതൃത്വത്തിൽ രക്ഷാപ്രവർത്തനം നടത്തുന്നു.

15 വർഷം സേവനമനുഷ്ഠിച്ച പൈലറ്റ് രാജ്‌വീർ 2024-ലാണ് ആര്യൻ ഏവിയേഷനിൽ ചേർന്നത്. രാജസ്ഥാനിലെ ജയ്പുർ സ്വദേശിയാണ്. ഏപ്രിൽ 30-ന് ചാർധാം യാത്ര ആരംഭിച്ച ശേഷമുള്ള അഞ്ചാമത്തെ അപകടമാണിത്. സ്വകാര്യ കമ്പനിയായ ആര്യൻ ഏവിയേഷന്റേതാണ് ഹെലികോപ്റ്റർ. ആര്യൻ ഏവിയേഷന്റെ ഹെലികോപ്റ്റർ സർവീസുകൾ സിവിൽ ഏവിയേഷൻ മന്ത്രാലയം സസ്പെൻഡ് ചെയ്തു.

## സെൻസസ് വിജ്ഞാപനമായി

(3-ാം പേജിൽനിന്നും)

അടുത്തവർഷം ഒക്ടോബർ ഒന്നു മുതൽ ആരംഭിക്കും. രാജ്യത്തെ മറ്റിടങ്ങളിൽ സെൻസസ് നടപടികൾ 2027 മാർച്ച് ഒന്നിനാണ് ആരംഭിക്കുക. സെൻസസ് പ്രവർത്തനങ്ങൾക്കായി ഏകദേശം 34 ലക്ഷം എന്യൂമറേറ്റർമാരെയും സൂപ്പർവൈസർമാരെയും നിയോഗിക്കും. ഏകദേശം 1.3 ലക്ഷം സെൻസസ് പ്രവർത്തകരെയും നിയോഗിക്കും. സമാഹരണം, കൈമാറ്റം, സംഭരണം എന്നിവയിലെ ഡേറ്റ സുരക്ഷ ഉറപ്പാക്കുന്നതിനു കർശനമായ നടപടികൾ ഉറപ്പാക്കുമെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായുടെ നേതൃത്വത്തിൽ നടന്ന യോഗത്തിൽ തീരുമാനമെടുത്തിരുന്നു.

രണ്ട് ഘട്ടങ്ങളിലായിട്ടാണ് സെൻസസ് നടത്തുക. ആദ്യഘട്ടത്തിൽ (ഹൗസ്‌ലിസ്റ്റിങ് ഓപ്പറേഷൻ-എച്ച്എൽഒ) ഓരോ വീട്ടിലെയും അടിസ്ഥാന സാഹചര്യങ്ങൾ, ആസ്തികൾ, സൗകര്യങ്ങൾ എന്നിവ സമാഹരിക്കും.

തുടർന്ന് ജനസംഖ്യാ കണക്കെടുപ്പ് (പിഇ) നടത്തുന്ന രണ്ടാം ഘട്ടത്തിൽ, ഓരോ വീട്ടിലെയും അംഗങ്ങളുടെ എണ്ണം, ഓരോ വ്യക്തിയുടെയും സാമൂഹിക-സാമ്പത്തിക, സാംസ്കാരിക മേഖലയുമായി ബന്ധപ്പെട്ടതുൾപ്പെടെയുള്ള മറ്റു വിശദാംശങ്ങളും ശേഖരിക്കും.

രാജ്യത്തെ സെൻസസ് നടപടികൾ ആരംഭിച്ചതിനു ശേഷമുള്ള 16-ാമത്തെയും സ്വാതന്ത്ര്യത്തിനു ശേഷമുള്ള എട്ടാമത്തെയും സെൻസസാണിത്. ഇനിയുള്ള സെൻസസ് പ്രവർത്തനങ്ങൾ മൊബൈൽ ആപ്ലിക്കേഷനുകൾ ഉപയോഗിച്ച് ഡിജിറ്റൽ മാർഗ്ഗങ്ങളിലൂടെയാണ് നടത്തുക. കണക്കെടുപ്പ് പ്രവർത്തനങ്ങളിൽ ജനങ്ങൾക്ക് സ്വയം ഭാഗമാകാനുള്ള സംവിധാനവും ലഭ്യമാക്കും.

## ഇസ്രയേൽ – ഇറാൻ സംഘർഷം

(3-ാം പേജിൽനിന്നും)

പൂർണ പിന്തുണ പ്രഖ്യാപിച്ചു. ആണവകരാറിൽ ഏർപ്പെട്ടാൽ മാത്രമേ ഇറാന് കൂടുതൽ നാശമുണ്ടാകാതിരിക്കുകയുള്ളൂ എന്നുപറഞ്ഞ ട്രംപ്, ഇസ്രയേൽ നടത്തുന്ന ആക്രമണത്തിൽ അമേരിക്കയ്ക്കു പങ്കില്ലെന്ന് ആവർത്തിച്ചു. ഇറാന്റെ ആണവ, സൈനികകേന്ദ്രങ്ങൾ ലക്ഷ്യമിട്ട് ജൂൺ 13-ന് രാവിലെ ഇസ്രയേൽ നടത്തിയ ആക്രമണത്തിൽ മൂന്ന് ഉന്നത സൈനിക ഓഫീസർമാർ കൊല്ലപ്പെട്ടിരുന്നു. തലസ്ഥാനമായ ടെഹ്റാനിൽ ഉൾപ്പെടെയായിരുന്നു 'ഓപ്പറേഷൻ റൈസിംഗ് ലയൺ' എന്നു പേരിട്ട സൈനിക നടപടി. ഇറേനിയൻ ആംഡ് ഫോഴ്സസ് ചീഫ് ഓഫ് സ്റ്റാഫ് ജനറൽ മുഹമ്മദ് ബഗേരി, പാരാമിലിട്ടറി സേനയായ റെവലൂഷണറി ഗാർഡ് തലവൻ ജനറൽ ഹൊസൈൻ സലാമി, ബാലിസ്റ്റിക് മിസൈൽ പദ്ധതി തലവൻ ജനറൽ അമീർ അലി ഹാജിസാദേ എന്നിവർ കൊല്ലപ്പെട്ടു. ഇക്കാര്യം ഇറേനിയൻ സർക്കാർ ടെലിവിഷൻ സ്ഥിരീകരിച്ചു. ആറ് ഉന്നത ശാസ്ത്രജ്ഞരും 20 സീനിയർ കമാൻഡർമാരും കൊല്ലപ്പെട്ടതായി ഇറാന്റെ പരമോന്നത നേതാവ് ആയത്തൊള്ള അലി ഖമനയി പറഞ്ഞു.

കുട്ടികളടക്കം നിരവധിപേർ കൊല്ലപ്പെട്ടതായി റിപ്പോർട്ടുണ്ട്. 200 യുദ്ധവിമാനങ്ങൾ ഉപയോഗിച്ച് 100 ലക്ഷ്യങ്ങളിലേക്കായിരുന്നു ഇസ്രേലി ആക്രമണം. നതാൻസ് അടക്കം ഇറാന്റെ സുപ്രധാന ആണവനിലയങ്ങൾ തകർത്തു. കിഴക്കൻ ഇറാനിലെ മൂന്നു സൈനികകേന്ദ്രങ്ങളും ടെഹ്റാനിലെ റെവലൂഷണറി ഗാർഡിന്റെ ആസ്ഥാനവും ഉൾപ്പെടെ ഇസ്രയേൽ തകർത്തു. ഇറാന്റെ ഭീഷണി അവസാനിക്കുംവരെ സൈനികനടപടി തുടരുമെന്ന് ഇസ്രേലി പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു പറഞ്ഞിരുന്നു.

ഇറാനെ ആക്രമിച്ചതിനു പിന്നാലെ ഇസ്രയേലിൽ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു. ടെൽ അവീവ് വിമാനത്താവളം അടച്ചു. ഇറാൻ, ഇറാക്ക് രാജ്യങ്ങൾ വ്യോമപാത അടച്ചു. ഇത് പശ്ചിമേഷ്യയിൽ വിമാനസർവീസുകളെ ബാധിച്ചു.

അമേരിക്കയുമായുള്ള ആണവകരാറിൽ ധാരണയിലെത്തിയില്ലെങ്കിൽ ഇറാൻ രൂക്ഷമായ ആക്രമണം നേരിടേണ്ടിവരുമെന്ന് യുഎസ് പ്രസിഡണ്ട് ഡോണൾഡ് ട്രംപ് മുന്നറിയിപ്പു നല്കി. അതേസമയം, ഇസ്രേലി ആക്രമണത്തെ ഗൾഫ് രാജ്യങ്ങളും തുർക്കിയും റഷ്യയും അപലപിച്ചു. സംഘർഷം ഉടൻ അവസാനിപ്പിക്കണമെന്ന് ലോകരാജ്യങ്ങൾ ആവശ്യപ്പെട്ടു. നരേന്ദ്ര മോദി, ഡോണൾഡ് ട്രംപ്, കീയർ സ്റ്റാർമർ എന്നിവരടക്കമുള്ള ലോകനേതാക്കളെ ഇസ്രേലി പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു സ്ഥിതിഗതികൾ ധരിപ്പിച്ചു.

1980-കളിലെ ഇറാൻ-ഇറാക്ക് യുദ്ധത്തിനുശേഷമുള്ള ഏറ്റവും രൂക്ഷമായ ആക്രമണമാണ് ഇറാൻ നേരിട്ടത്. നതാൻസിൽ കാര്യമായ നാശമുണ്ടായതായി ഇസ്രേലി സേന അറിയിച്ചു. പടിഞ്ഞാറൻ ഇറാനിൽ നിരവധി റഡാർ സംവിധാനങ്ങളും മിസൈൽ ലോഞ്ചറുകളും തകർത്തതായി ഇസ്രേലി സേന അറിയിച്ചു. ഇറാനിലെ ഇസ്രയേൽ ആക്രമണത്തിനു പിന്നാലെ ആഗോള ഓഹരിവിപണിയിൽ വൻ ഇടിവുണ്ടായി. ഇന്ധനവില ഏഴു ശതമാനം ഉയർന്നു.

## ഉപ്പയെ ഓർക്കുമ്പോൾ

(24-ാം പേജിൽനിന്നും)

ഒരിക്കൽ ഉപ്പയോട് ഒരു കാര്യം പറയാനുണ്ടായിരുന്നു. അപ്പോൾ ഉപ്പ പാടത്ത് പോയിരിക്കയാണെന്ന് ഉമ്മ പറഞ്ഞു. പാതിവഴിയിൽ വെച്ച് ഉപ്പയെ കണ്ടു, വിവരം ധരിപ്പിച്ചശേഷം തിരിച്ചുപോന്നു. പിന്നീടാണ് ഓർത്തത് ഉപ്പയോടൊത്ത് പോകുകയാണെങ്കിൽ കുറച്ചു സമയംകൂടി ഉപ്പയുമായി ചെലവഴിക്കാമായിരുന്നു; അതിനു തോന്നിയില്ല. കിട്ടാതെ പോയ ആ അനർഘ നിമിഷങ്ങൾ ഇന്നും ഒരു നഷ്ടബോധത്തോടെ ഓർക്കുന്നു...!

ഞങ്ങൾ തമ്മിൽ ഒരു പരസ്പര ധാരണയും ബഹുമാനവുമുണ്ടായിരുന്നു. ഉപ്പയുടെ ധന്യമായ ഓർമ്മകൾ ഇന്നും ഒരമൂല്യ സമ്പത്തായി സൂക്ഷിക്കുന്നു.

Rest in Peace Dad, love you.

## വിമാനദുരന്തം

(3-ാം പേജിൽനിന്നും)

ഒരു മലയാളിയടക്കം 169 ഇന്ത്യക്കാരും 53 ബ്രിട്ടീഷുകാരും ഏഴ് പോർച്ചുഗീസുകാരും ഒരു കാനഡ സ്വദേശിയും ഉൾപ്പെടുന്നു. രണ്ട് പൈലറ്റുമാരും 10 കാബിൻ ജീവനക്കാരും മരിച്ചു. എമർജൻസി വാതിലിന് സമീപത്തെ 11 എ സീറ്റിലെ യാത്രക്കാരനായ വിശ്വാസ് കുമാർ രമേശ് അദ്ഭുതകരമായി രക്ഷപ്പെട്ടു. ലണ്ടനിൽ നേഴ്സായ പത്തനംതിട്ട കോഴഞ്ചേരി സ്വദേശി രഞ്ജിത ജി. നായരാണ് മരിച്ച മലയാളി.

വിമാനദുരന്തത്തിന്റെ കാരണം സംബന്ധിച്ച് എയർക്രാഫ്റ്റ് ആക്സിഡന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ (എഎഐബി)യുടെ നേതൃത്വത്തിൽ വിവിധ ഏജൻസികൾ അന്വേഷണം ഊർജിതമാക്കി. എഎഐബി സംഘം അപകടസ്ഥലത്തുണ്ട്. വിവിധ കേന്ദ്ര, സംസ്ഥാന ഏജൻസികൾ അന്വേഷണത്തിൽ സഹകരിക്കുന്നു. പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി പി.കെ. മിശ്ര 15-ന് അപകടസ്ഥലവും സിവിൽ ആശുപത്രിയും സന്ദർശിച്ചു. പരുക്കേറ്റു ചികിത്സയിലുള്ളവരെ മിശ്ര സന്ദർശിച്ചു.

വിമാനം ടേക്ക് ഓഫ് ചെയ്തയുടനെ എയർ ട്രാഫിക് കൺട്രോളിലേക്ക് അപകടസന്ദേശമായ 'മെയ്ദെ കോൾ' പൈലറ്റ് നൽകിയിരുന്നു. ക്യാപ്റ്റൻ സുമീത് സഭർവാളാണ് വിമാനം നിയന്ത്രിച്ചത്. ക്ലൈവ് കുന്ദർ ഫസ്റ്റ് ഓഫീസർ. 8200 മണിക്കൂർ വിമാനം പറത്തി പരിചയമുള്ള പൈലറ്റാണ് സുമിത്. സഹപൈലറ്റിന് 1100 മണിക്കൂർ അനുഭവസമ്പത്തുണ്ട്. എയർ ഇന്ത്യയുടെ വിടി-എഎൻബി രജിസ്ട്രേഷനുള്ള വിമാനമാണിത്. വിമാനത്തിന്റെ രണ്ട് എഞ്ചിനുകളിലും പക്ഷി ഇടിച്ചതായി സംശയിക്കുന്നെന്നും പിന്നാലെ മുഴുവൻ ശക്തിയും നഷ്ടപ്പെട്ടതായും ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ ഏവിയേഷൻ അറിയിച്ചു. പറന്നുയർന്നയുടൻ എയർട്രാഫിക് കൺട്രോൾ യൂണിറ്റിന് അപായസൂചന ലഭിച്ചെങ്കിലും നൽകിയ കോളുകൾക്ക് മറുപടി ലഭിച്ചില്ല. 12 വർഷം പഴക്കമുള്ള വിമാനത്തിന്റെ ഒരു ബ്ലാക്ക് ബോക്സ് കണ്ടെത്തിയിട്ടുണ്ട്. പ്രദേശവാസികളടക്കം നിരവധി പേർ മരിച്ചതായി റോയിട്ടേഴ്സ് റിപ്പോർട്ട് ചെയ്തു.

വിമാനം ആദ്യം ഇടിച്ചത് ബി.ജെ. മെഡിക്കൽ കോളജ് സിവിൽ ആശുപത്രിയുടെ മെസ് കെട്ടിടത്തിലാണ്. തുടർന്ന് സീനിയർ റെസിഡന്റ്സ് ഡോക്ടർമാർ താമസിക്കുന്ന അതുല്യം ഹോസ്റ്റൽ കെട്ടിടത്തിലേക്കു ചെന്നിടിച്ചു. രണ്ടുകെട്ടിടത്തിനും കാര്യമായ കേടുപാടുകൾ സംഭവിച്ചു. വിമാനത്തിന്റെ തകർന്ന ടെയിൽ (റിയർ എൻഡ്) ഹോസ്റ്റൽ കെട്ടിടത്തിന്റെ മുകളിലായിരുന്നു. പുറകിലെ ചക്രങ്ങൾ ഹോസ്റ്റൽ കെട്ടിടത്തിൽ ഇടിച്ചുകയറിയ നിലയിലായിരുന്നു.

SUBSCRIPTION FORM

I.D. # ______ Date ______ Expiration Date ______
Name ______
Address ______
City ______ State ______ Zip ______
Phone: ______ Email: ______
Signature: ______

- ❑ Enclosing $ 200.00 for five years.
- ❑ Enclosing my subscription of $ 54.00 for one year.
- ❑ Enclosing my subscription of $99.00 for two years.
- ❑ Please don't send newspaper to my address.

Take Advantage Of Our New Low Rates

| Yearly | 2 Years | 5 Years |
|---|---|---|
| $ 54 00 | $ 99 00 | $ 200 00 |

Payment Method ❑ Cheque Cheque # ______
❑ Visa ❑ Mastercard ❑ Discover ❑ AMEX. Exp. Date ______
CARD ACCOUNT NUMBER
SEC. CODE:
Please make the Cheque payable to
KERALA EXPRESS
3425 CLEVELAND ST, SKOKIE, ILLINOIS 60076
630 728 7956 FAX : 773 304 1917
✪✪ Subscription fee non-refundable
VISA
MasterCard
DISCOVER

# THANNIKKARY VACATION HOME

**S.H.MOUNT P.O., KOTTAYAM 686006, KERALA**

FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by,
All Bedrooms are AC with attached bathrooms



For booking:
ABRAHAM THANNIKARI
USA - 346-632-6716
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com



# K.O. JOSE & ASSOCIATES, INC.

*Certified Public Accountants*



K.O. JOSE, CPA

- Compilation
- Setup Small Business Corporations
- Personal & Business Income Taxes
- Free Electronic Filing
- Non-Profit Tax Exemption from IRS
- Install Accounting Packages
- Retirement and Estate Planning

Tel: 847-724-3020 • Cell: 847-833-6038

CPA SM
America Counts on CPAs

taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com










# ARACKAL VACATION HOME

**UZHAVOOR, KOTTAYAM, KERALA**



5 BEDROOMS (3 BR A/C), 6 BATHROOMS
LIVING, DINING & KITCHEN
READY TO OCCUPY FOR WEEKLY OR MONTHLY RENT
UZHAVOOR CHURCH & PARTY HALL NEARBY

FOR BOOKING:
USA: RAJU ARACKAL
@ 404 567 9189
INDIA: JOBIN MATHEW
@ 9961605244
EMAIL: JOBIONMATHEW@YAHOO.COM




Printed at **GRACE PRINTING**, Skokie, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**